നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന

# — കയ്യെഴുത്ത് —

TEN COMMANDMENTS TWICE REMOVED

(Danny Shelton & Shelley Quinn)

എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ സ്വതന്ത്ര പരിഭാഷ

**Kayyezhuthu**
(Malayalam)

First Edition : 2014

Published by : Personal Ministries
Post Bag 1
Evergreen Lane, Moospet Road
Thrissur - 680 005. KERALA
Ph: 0487 2420798, 0487 2429458
Email: northkeralasection@gmail.com

Copyright : Publishers

Edited by : C.D. Mathew
Email: mathewcdplakal@gmail.com

Translated by : James David

DTP : Nisha Menon, Thrissur

Printed at : Ebenezer Printers
Thrissur

Copies : 5000

## പരിഭാഷയെക്കുറിച്ച്

'Ten Commandments Twice Removed' എന്ന പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തണം എന്ന് എന്നോട് ആവശ്യപ്പെട്ടത് പരേതനായ പാസ്റ്റർ കെ.ഐ. വർഗ്ഗീസ് ആയിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അത് ചെയ്തുകൊടുപ്പാൻ എന്റെ അലസതമൂലം എനിക്ക് കഴിഞ്ഞില്ല എന്നത് ഞാൻ ഖേദപൂർവ്വം സമ്മതിക്കുന്നു. സമയക്കുറവ്, ഭാഷയിലുള്ള പരിജ്ഞാനക്കുറവ്, ആശ്രയിക്കാൻ പറ്റിയ ഒരു ശബ്ദകോശത്തിന്റെ അഭാവം എന്നിവ പരിഭാഷയുടെ നിലവാരത്തെ ബാധിച്ചിട്ടുണ്ട്.

നിലവാരം ഉയർത്തുക എന്നതിനെക്കാൾ ഉപരി, ദൈവവചനത്തെ അതിന്റെ മാനുഷിക കുറവുകളോടുകൂടിയാണെങ്കിലും, പഠിക്കുവാൻ താൽപര്യമുള്ളവരുടെ കരങ്ങളിൽ എത്തിക്കുക എന്നതാണ് ഞാൻ ആഗ്രഹിക്കുന്നത്. അമേരിക്കൻ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ പുസ്തകത്തെ പറ്റുന്നത്ര മലയാളീകരിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

വിവർത്തനത്തിന് സസന്തോഷം അനുവാദം തന്ന ഗ്രന്ഥകർത്താക്കളെ നന്ദിയോടെ സ്മരിക്കുന്നു. വായിച്ച് വേണ്ട തിരുത്തലുകൾ നിർദ്ദേശിച്ച പാസ്റ്റർ സി.ഡി. മാത്യു (വെല്ലൂർ)വിനും ഭംഗിയായി അച്ചടിച്ചു തന്ന എബനേസർ പ്രസ്സിനും എന്റെ നന്ദി അറിയിച്ചുകൊണ്ട് ഈ ചെറുപുസ്തകത്തെ കേരളക്കരയിലെ സത്യാന്വേഷികളായ ദൈവമക്കളുടെ മുൻപിൽ വയ്ക്കുന്നു. ഇതിനിടയാക്കിയ സർവ്വശക്തനും വീണ്ടും വരും എന്ന് വാഗ്ദത്തം ചെയ്തവനുമായ ദൈവത്തെ സ്തുതിക്കുന്നു.

ക്രൂശിൽ തറയ്ക്കപ്പെട്ടത് ദൈവത്തിന്റെ പത്തുകൽപനകളാണോ? നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് ഏതാണ്? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഈ പുസ്തകത്തിന്റെ താളുകളിൽ നിന്നും നിങ്ങൾക്കു ലഭിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ദൈവവചന സത്യങ്ങളെ കണ്ടെത്തി ഭക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മുടേതാണ്. അങ്ങനെ ചെയ്യുമ്പോൾ നമുക്ക് സന്തോഷവും നമ്മുടെ ഹൃദയത്തിന് ആനന്ദവും ഉണ്ടാകും. ആ ആനന്ദം, ദൈവകൃപയാൽ, നിങ്ങൾക്കും ധാരാളമായി ഉണ്ടാകുമാറാകട്ടെ!

ജയിംസ് ഡേവിഡ്　　　　ആഗസ്റ്റ് 21, 2013

# ഉള്ളടക്കം


1. ദൈവത്തിനെതിരെ ..... 5
2. അനുസരിക്കണമോ വേണ്ടയോ? ..... 13
3. രണ്ട് ന്യായപ്രമാണങ്ങൾ ..... 24
4. രണ്ട് ഉടമ്പടികൾ ..... 42
5. സീനായ് മലയ്ക്കു മുമ്പ് – പുനരുത്ഥാനശേഷം ..... 59
6. കർത്തൃദിനം ..... 73
7. മനുഷ്യനുവേണ്ടി ..... 89
8. മാറ്റത്തിനു പിന്നിൽ കത്തോലിക്കാസഭ ..... 101
9. നമ്മുടെ വിശുദ്ധിയുടെ തികവ് ..... 109

# 1. ദൈവത്തിനെതിരെ

ദൈവകൽപനകളുടെ മേലുള്ള ആക്രമണം കഴിഞ്ഞ കുറെക്കാലങ്ങളായി വളരെ നിശ്ശബ്ദമായി ഈ ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പത്ത് കല്പനകൾ, വിദ്യാലയങ്ങളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിച്ചുപോന്നിരുന്ന അമേരിക്കൻ ഐക്യനാടുകളിൽപ്പോലും അവയെ തൽസ്ഥാനങ്ങളിൽനിന്നും നീക്കുന്നതിനായി വളരെ ശക്തവും വിജയകരവുമായ ഒരു നീക്കം നടക്കുകയുണ്ടായി. ഈ നീക്കത്തിൽ വ്യാകുലപ്പെടുന്ന അനേകം ദൈവമക്കൾ ലോകത്തിന്റെ പല ഭാഗത്തും ജീവിക്കുന്നു എന്നത് വാർത്താമാദ്ധ്യമങ്ങളിൽകൂടെ അറിയാൻ സാധിക്കുന്നു എന്നത് ഏറ്റം സന്തോഷദായകമായ വസ്തുതയാണ്.

ഭരണതലങ്ങളിൽനിന്നും ദൈവത്തെ മാറ്റിനിർത്തുന്നതിനായി ഒരു രഹസ്യ നീക്കം നടക്കുന്നതായി വിശ്വാസികളായവർ മുൻകാലങ്ങളിൽ സ്വകാര്യമായി പറയുമായിരുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇന്നത്തെ ചരിത്രം വളരെ വ്യത്യസ്തമാണ്. ദൈവത്തെ ഇല്ലാതാക്കുക എന്നത് ഇന്ന് രഹസ്യമായി നടക്കുന്ന ഒരു കാര്യമല്ല. തികച്ചും പരസ്യമായ നീക്കങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ നീക്കങ്ങളിൽ ദൈവവിശ്വാസികളായ പലരും അവരുടെ ഖേദവും അതൃപ്തിയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇന്ന് സഭാനേതാക്കൻമാരും അയ്മേനികളും അതുപോലെതന്നെ തല്പരവ്യക്തികളും എല്ലാം പല കോണുകളിൽനിന്നും അവരുടെ പ്രതിഷേധ സ്വരങ്ങൾ ആവുന്നത്ര ഉച്ചത്തിൽ അതിനെതിരെ മുഴക്കിക്കൊണ്ടിരിക്കുന്നു. പത്തു കല്പനകളുടെ ചെറുപകർപ്പുകൾ പലരും ഇന്ന് അമേരിക്കപോലുള്ള രാജ്യങ്ങളിൽ തങ്ങളുടെ വീടുകളിലും പുൽതകിടികളിലും പ്രദർശിപ്പിക്കുവാൻ താൽപര്യപ്പെടുന്നുണ്ട്.



ദൈവികതയെ നശിപ്പിക്കുവാനുള്ള പൈശാചിക നീക്കത്തിനെതിരെ നാം നിശ്ശബ്ദത പാലിച്ചാൽ അതിന്റെ അലയടികൾ ലോകത്തിന് താങ്ങുവാനാകുന്നതിലും ഭയാനകമായിരിക്കും. കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഭരണ കർത്താക്കളും നിരീശ്വരവാദ സംഘടനകളും ഒന്നിച്ച് ദൈവവചനത്തിനെതിരായുള്ള ആക്രമണത്തെ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ പൊതുവിദ്യാലയങ്ങൾ ഇന്ന് പരിണാമസിദ്ധാന്തത്തെ അഖണ്ഡമായ സത്യം എന്ന രീതിയിൽ, പരിണാമസിദ്ധാന്തത്തിന്റെ ജനയിതാവായ ഡാർവിനെപ്പോലും അതിശയിപ്പിക്കുമാറ്, പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഡാർവിൻതന്നെ പിൽക്കാലങ്ങളിൽ തന്റെ പല കണ്ടുപിടുത്തങ്ങളെയും നിരാകരിക്കുകയും അവയിൽനിന്നും പിന്നാക്കം പോകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും, ഡാർവിന്റെ അനുമാനങ്ങൾക്ക് ദൈവകല്പിതമായ വേറൊന്ന് കുട്ടികൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടില്ല. സൃഷ്ടിതാവും പരിപാലകനുമായ ഒരു ദൈവത്തെക്കുറിച്ചോ സൃഷ്ടിയെക്കുറിച്ച് നിസ്സംശയം പ്രതിപാദിക്കുന്ന തിരുവെഴുത്തുകളെക്കുറിച്ചോ വിദ്യാലയങ്ങളിൽ സംസാരിപ്പാൻ അദ്ധ്യാപകർ ഇന്ന് ധൈര്യപ്പെടുന്നില്ല. യാഥാർത്ഥ്യം എന്ന് വിശ്വാസികൾ കരുതുന്നവയൊക്കെയും നമ്മുടെ ഭരണ കർത്താക്കൾക്ക് ഭ്രഷ്ടും വിലക്കപ്പെട്ടവയുമാണ്.

തിരുവചന സത്യങ്ങൾക്ക് നിരോധനം കല്പിക്കുന്നതിലൂടെ, ഭരണകർത്താക്കൾ നമ്മുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളെ വെറും സിദ്ധാന്തത്തിന്റെയോ മനഃസൃഷ്ടിയുടെയോ ഗണത്തിൽപ്പെടുത്തി മാറ്റിനിർത്തിയിരിക്കുകയല്ലെ എന്ന് തോന്നുന്നതിൽ അതിശയത്തിന് അവകാശമില്ല. ദൈനംദിന ജീവിത തീരുമാനങ്ങൾ ഇന്ന് രാഷ്ട്രീയ ശരി-തെറ്റുകളുടെ അടിസ്ഥാനത്തിലേക്ക് മാത്രം ചുരുങ്ങിയിരിക്കുന്നു. ദൈവവചനത്തിന്റെ പരമോന്നതമായ ആധികാരികതയിൽനിന്നുള്ള ആശ്രയത്വത്തിൽനിന്നും മാറിയശേഷം നമ്മുടെ രാഷ്ട്രങ്ങൾക്ക് എന്താണ് ഭവിച്ചിട്ടുള്ളത്?

ദൈവകല്പനകളോടുള്ള അനാദരവ് നമ്മുടെ സമൂഹത്തെ അസന്മാർഗ്ഗികതയുടെ പരിപോഷണത്തിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കയാണ്. പാപം എന്ന് വിളിച്ച് നമ്മുടെ പിതാക്കന്മാർ നിന്ദിച്ചുപോന്ന പല കാര്യങ്ങളും ഇന്ന് നമ്മുടെ യൗവ്വനക്കാർ ഓമനി

ക്കുന്ന കാര്യങ്ങളായി മാറിയിരിക്കുന്നു. റോമർ 6:23-ൽ “പാപത്തിന്റെ ശമ്പളം മരണമത്രെ” എന്ന് തിരുവചനം നമുക്ക് മുന്നറിയിപ്പ് തന്നിരിക്കുന്നു. ബൗദ്ധിക ശക്തിയുള്ള യാതൊരുവനും പാപത്തിന്റെ അപകടകരമായ പരിണിത ഫലങ്ങളെ നിഷേധിക്കുവാൻ ഇന്ന് സാധിക്കയില്ല. ഗർഭച്ഛിദ്രം, ലൈംഗിക രോഗങ്ങൾ എന്നിവയെക്കുറിച്ച് ചിന്തിക്കുക. ഇവയൊക്കെയും അനുദിനം നിയന്ത്രണാതീതമായി നമ്മുടെ ഇടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പിൻബലത്തോടെ നയിക്കപ്പെടുന്ന സ്വവർഗ്ഗ രതിയുടെയും താറുമാറായ ലൈംഗിക രീതികളുടെയും പരിണിതഫലങ്ങളായ ഇവ ആയിരക്കണക്കിന് മനുഷ്യരുടെ കഷ്ടതക്കും മരണത്തിനും കാരണമാക്കിയിട്ടുണ്ട്.

ദൈവകല്പനകളോടുള്ള വെറുപ്പ് വിനോദ വ്യവസായ മേഖലയിലും ഇന്ന് നിറഞ്ഞ് നില്ക്കുന്നു. നഗ്നതയോ അർദ്ധനഗ്നതയോ ദർശിക്കാതെ ടെലിവിഷന്റെ മുൻപിൽപോലും ഇരിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. നാടകങ്ങളും തമാശപ്പരിപാടികളും ദൈവത്തെ പരിഹസിക്കുന്നതിനായി അനായാസമായും വ്യാപകമായും ഉപയോഗിച്ചുപോരുന്നു. സുഖാന്വേഷണ പാപം വ്യാപകമായി പ്രോത്സാഹിപ്പിക്കപ്പെടുന്നതുമൂലം അഹംബുദ്ധിയായ ആസക്തികൾ നമ്മുടെ ജീവിതത്തിൽ കുതിച്ചുകയറി നമ്മെ അവയുടെ നിയന്ത്രണത്തിന് അധീനമാക്കുന്നു. കാമം, അശ്ലീലത, അക്രമം, കുറ്റകൃത്യങ്ങൾ എന്നിവ വളരെയധികം അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളായി വിനോദമേഖലയിൽ പ്രചാരത്തിലിരിക്കുന്നു. സദാചാര വിരുദ്ധ ചിത്രങ്ങളുടെ പ്രഹരത്താൽ നമ്മുടെ യുവതലമുറ വളരെയധികം ക്ലേശം അനുഭവിക്കുന്നു. മാനുഷിക മൂല്യങ്ങളുടെ തകർച്ചമൂലം കൗമാര ഗർഭധാരണം, ആത്മഹത്യ, മയക്കുമരുന്നുപയോഗം, വിദ്യാർത്ഥി സംഘട്ടനം, കൊലപാതകം എന്നിവ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പത്തു കല്പനാനിഷേധം നമ്മുടെ സമൂഹത്തെ സാൻമാർഗ്ഗികമായി ശ്വാസം മുട്ടിക്കുകയും ക്രിസ്ത്യാനികൾ ഇന്ന് ആശങ്കപ്പെടുന്നതിനെക്കാളധികം വലിയ തിരിച്ചടി നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കുകയും ചെയ്യും. സാൻമാർഗ്ഗിക നിയമങ്ങൾ ഇല്ല എങ്കിൽ മാന്യതയില്ലാത്ത ഏതു പ്രവൃത്തിയും ചെയ്യുവാൻ സാധിക്കും.



സാൻമാർഗ്ഗികത പുനഃസ്ഥാപിക്കപ്പെടുവാനുള്ള കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെടേണ്ടതാണ്.

പാപത്തിന്റെ കെണിയിൽ പെട്ടുപോകാതിരിക്കേണ്ടതിന് പാപം എന്നാൽ എന്ത് എന്നത് നാം നന്നായി അറിയേണ്ടിയിരിക്കുന്നു. പാപം എന്നാൽ എന്ത് എന്നതിനുള്ള വ്യക്തമായ നിർവ്വചനമാണ് ദൈവം നമുക്ക് തന്റെ പത്തു കല്പനകളിൽകൂടി തന്നിരിക്കുന്നത്. ഈ കല്പനകളെ കൂടാതെ മനുഷ്യർക്ക് അവരുടെ ദയനീയ അവസ്ഥയെയോ രക്ഷകനെക്കുറിച്ചുള്ള ആവശ്യകതയയോ ഗ്രഹിപ്പാൻ കഴിയുന്നതല്ല. സ്നേഹവാനായ ദൈവം തന്റെ വചനമാകുന്ന പ്രസരണ ദീപത്താൽ നമ്മുടെ സദാചാര അന്ധകാരത്തെ പ്രകാശിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മറ്റെന്താണ് നമ്മെ ആത്മാർത്ഥമായ മാനസാന്തരത്തിലേക്കും രക്ഷകനായ ക്രിസ്തുവിലേക്കും തിരിയാനായി പ്രേരിപ്പിക്കുന്നത്? തന്റെ പ്രകാശത്തിന്റെ ഉജ്ജ്വല ശോഭ നമ്മുടെ ജീവിതങ്ങളെ പിളർക്കുമ്പോൾ നാം നമ്മുടെ പാപങ്ങളെ അവനോട് വ്യവസ്ഥകൾ കൂടാതെ ഏറ്റുപറയും. നമ്മുടെ പാപങ്ങളെ ക്ഷമിപ്പാനും സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാനും തക്കവണ്ണം ദൈവം വിശ്വസ്തനാണ് എന്ന ഉറപ്പിൽ നാം സന്തോഷിക്കുകയും പുതിയ ഒരു ജീവിതം ആരംഭിക്കുകയും ചെയ്യും (1 യോഹ. 1:9). തന്മൂലം കുറ്റബോധവും നിരാശയും നമ്മെ വിട്ടുപോകും. പരിശുദ്ധാത്മശക്തിയാൽ പാപത്തിൻമേൽ നാം ജയം പ്രാപിക്കും. യേശുക്രിസ്തു വാഗ്ദത്തം ചെയ്ത ‘സമൃദ്ധമായ ജീവിത’ത്തിന്റെ അനുഭവം നമുക്കു ലഭിക്കും. (യോഹ. 10:10). എന്നാൽ പാപബോധവും പാപത്തെക്കുറിച്ചുള്ള തിരിച്ചറിവും ഇല്ലാത്ത ഇടത്ത് അനുതാപവും പാപക്ഷമയും ഒരിക്കലും ഉണ്ടാകുകയില്ല. ദൈവവുമായി ബന്ധമില്ലാത്തവർ പ്രത്യാശയില്ലാത്തവരാണ്. പ്രത്യാശയില്ലാത്തവർ അപകടകാരികളുമാണ്. നിരാശ അപകടകരമായ പെരുമാറ്റത്തെ ജനിപ്പിക്കുന്നു. ക്രിസ്ത്യാനികൾ ഇത് മനസ്സിലാക്കുന്നവരും ലോകം ഇത് മനസ്സിലാക്കണം എന്ന് ആഗ്രഹിക്കുന്നവരുമാണ്. അനേക വർഷങ്ങളായി നിഷ്ക്രിയമായിരുന്ന സഭ ഇന്ന് കർമ്മോത്സുകതയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. ദൈവകല്പനകളെ

ഇല്ലായ്മ ചെയ്വാനുള്ള രാഷ്ട്രീയ തീരുമാനത്തെ, ഞാൻ മുൻപെ പറഞ്ഞതുപോലെ, ഇന്ന് അനേകർ എതിർത്തുകൊണ്ടിരിക്കുന്നു. ഈ വിവാദം ദൈവമക്കളിൽ വളരെ ഉത്സാഹത്തെ സൃഷ്ടിക്കുകയും, അത് ഈ വൻപോരാട്ടത്തിൽ ദൈവകല്പനകളെ യോദ്ധാവും വിജയിയും ആയിത്തീരുവാൻ സഹായിക്കുകയും ചെയ്യുന്നു.

ക്രിസ്തീയ സമൂഹം പത്ത് കല്പനകളിൽ ഏറിയവയെയും അംഗീകരിക്കുന്നവരാണ്. അംഗീകരിക്കപ്പെടാതെ നില്ക്കുന്ന ചുരുക്കം ചില കല്പനകളെക്കുറിച്ച് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഇരട്ടത്താപ്പുകൾക്ക് നാം വചനത്തിൽനിന്നും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. പത്തു കല്പനകളെ പൂർണ്ണമായും അംഗീകരിക്കാത്ത ക്രിസ്ത്യാനികളോട് എനിക്ക് ചോദിക്കുവാനുള്ളത്, യേശുക്രിസ്തു കല്പനകളെ ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞു എന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ എന്തുകൊണ്ട് കല്പനകൾ രാഷ്ട്രീയ തലത്തിൽ അംഗീകരിക്കപ്പെടുകയും പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യണം? പത്തു കല്പനകൾ പ്രാധാന്യമുള്ളവയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ടാണ് അതിൽ ഒൻപതു മാത്രം അംഗീകരിക്കുകയും ഒന്ന് ഉപേക്ഷിക്കുകയും ചെയ്യുന്നത്? ദൈവത്തിന്റെ പത്തു കല്പനകളെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും സമഗ്രമായ ഒരു പഠനം നടത്തിയിട്ടുണ്ടോ? ഒരുപക്ഷെ നിങ്ങൾ നല്ല വേദപരിജ്ഞാനമുള്ള വ്യക്തി ആയിരിക്കാം. ചിലപ്പോൾ ഒരു സദാ പുരോഹിതൻ ആയെന്നു വരാം. പക്ഷെ ഈ വിഷയത്തെക്കുറിച്ച് പഠിക്കുന്നതിനായി താങ്കൾ എപ്പോഴെങ്കിലും ദൈവവചനം പരിശോധിച്ചിട്ടുണ്ടോ?

എന്റെ ചോദ്യങ്ങളെ മര്യാദകെട്ടവയായി നിങ്ങൾ കരുതുകയില്ല എന്ന് ഞാൻ പ്രത്യാശിക്കട്ടെ. ആരിലും അനിഷ്ടം ഉണ്ടാക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ചില വിഷയങ്ങളിൽ തിരുവചനത്തിൽനിന്നും വ്യക്തമായ ഒരു ഉത്തരം കണ്ടെത്തുന്നതുവരെ തങ്ങളുടെ ആദ്യ വിശ്വാസങ്ങളെ ശരി എന്നു കരുതി കാത്തുപോന്ന അനേകം ക്രൈസ്തവരെ ഞാൻ കണ്ടിട്ടുണ്ട്. "എന്റെ ജീവിതകാലം മുഴുവനും, പത്തു കല്പനകളെ യേശു ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞു എന്നാണ് എന്നെ പഠിപ്പിച്ചിരുന്നത്. പൂർണ്ണ സമയ ദൈവവേലയ്ക്കായി ഞാൻ എന്നെത്തന്നെ സമർപ്പിച്ചപ്പോൾ, 'നിനക്കറിയാം എന്ന് നീ ചിന്തിക്കുന്നതൊക്കെയും മറന്നിട്ട് എന്റെ പാദപീഠത്തിങ്കൽ വന്നിരിക്ക; ഞാൻ നിന്നെ പഠിപ്പിക്കാം' എന്ന് കർത്താവ് എന്നോട് സംസാരിക്കുന്നതായി എനിക്കു തോന്നി എന്ന് ഒരാൾ ഒരിക്കൽ എന്നോട് പറഞ്ഞു. "എന്നിട്ടും എന്റെ വിശ്വാസങ്ങളെ സ്ഥാപിച്ചെടുക്കുന്നതിനായി ഞാൻ വേദപുസ്തകത്തിലേക്ക് പോകുകയും എന്റെ വിശ്വാസങ്ങൾ ഒക്കെ തെറ്റാണ് എന്ന് ദൈവം എനിക്ക് തിരുവചനത്തിൽനിന്നും ബോദ്ധ്യപ്പെടുത്തിത്തരുകയും ചെയ്തു. തിരുവചനത്തെ പരിശോധിച്ചപ്പോൾ ദൈവകല്പനകളെക്കുറിച്ചുള്ള കാര്യങ്ങൾ എത്രയോ വ്യക്തമായി അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു എന്ന് എനിക്ക് ബോദ്ധ്യമായി. പത്തിൽ ഒരു കല്പന മാത്രമെ ഞാൻ നിഷേധിച്ചിരുന്നുള്ളു എന്ന് എനിക്ക് മനസ്സിലായി - ശബ്ബത്ത് നാളിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന നാലാം കല്പന മാത്രം. ശബ്ബത്തിനെക്കുറിച്ചുള്ള ദൈവിക ഉദ്ദേശങ്ങളെക്കുറിച്ച് ബോദ്ധ്യമായതോടെ ഞാനൊരു ശബ്ബത്ത് ആഘോഷകയായി മാറി", അവർ തുടർന്നു പറഞ്ഞു.

അനേകം ക്രിസ്ത്യാനികളും ഇതുപോലെയുള്ള അനുഭവസാക്ഷ്യങ്ങളുടെ ഉടമകളാണ്. ആഴമേറിയ തിരുവചനപഠനം നമ്മുടെ തെറ്റുകളെ കണ്ടെത്തി തിരുത്തുന്നതിന് പര്യാപ്തമായതും വിപുലമായതുമായ തെളിവുകളെ നമുക്ക് തരും. അങ്ങനെ നമുക്കും മറ്റുള്ളവരോടൊപ്പം ദൈവകല്പന അനുസരിക്കുന്നവരായി മാറാൻ കഴിയും.

തന്റെ പത്തു കൽപനകളെ ഒന്നിച്ച് കല്പലകകളിൽ ആലേഖനം ചെയ്തപ്പോൾ അതിന്റെ ഉദ്ദേശത്തെക്കുറിച്ച് ദൈവത്തിന് നന്നായി അറിയാമായിരുന്നു എന്ന കാര്യത്തിൽ എനിക്ക് ഉത്തമബോധ്യമുണ്ട്. മനുഷ്യരാൽ അടർത്തിമാറ്റുവാൻ പറ്റാത്ത ഒന്നാക്കിയാണ് ദൈവം അതിനെ ആലേഖനം ചെയ്തത്. ഒരു കല്പന ലംഘിക്കുന്നവൻ സകലതും ലംഘിച്ചവർക്ക് തുല്യം എന്ന് യാക്കോബ് 2:10 ൽ നാം വായിക്കുന്നു. യേശുക്രിസ്തുവിന്റെ ഉപദേശം ശ്രദ്ധിക്കുക, "ആകയാൽ ഈ ഏറ്റവും ചെറിയ കൽപനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും" (മത്തായി 5:19). നമ്മുടെ സൗകര്യാനുസരണം ദൈവിക നിർദ്ദേശങ്ങളെ മാറ്റി മറിക്കുവാനും മറന്നുകളവാനുമുള്ള അവകാശം നമുക്കില്ല. അനേകം ക്രൈസ്തവ സഭകളും ദൈവകല്പനകൾ പൂർണ്ണമായും അനുസരിക്കേണ്ടവയാണ് എന്ന് വിശ്വസിക്കുന്നില്ല. പലരും ഒൻപതു കല്പനകളിൽ കാർക്കശ്യം കാണിക്കുന്നു. ചിലർ എട്ടിൽ മാത്രം. ഏതൊക്കെ അനുസരിക്കണം എന്ന് തീരുമാനിക്കുവാനുള്ള അധികാരം നമുക്കുണ്ടോ എന്ന ചോദ്യം ഈ അവസരത്തിൽ വളരെ പ്രസക്തമാണ്.

സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ആനന്ദത്തിനായി ദൈവം സ്ഥാപിച്ച സ്ഥാപനത്തെയാണ് ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും അവഗണിക്കുന്നത് എന്ന കാര്യം വളരെ ഖേദകരമായ ഒന്നാണ്. "ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന് ദൈവം തന്റെ കല്പനയിൽകൂടെ ആവശ്യപ്പെട്ടിരിക്കുന്നതുതന്നെയാണ് പലരും ഇന്ന് മറന്നുകളഞ്ഞിരിക്കുന്നത്. ദൈവത്തോടൊപ്പം പൂർണ്ണമായും ചിലവഴിക്കുന്നതിനായി ദൈവം സൃഷ്ടിച്ച ഏഴാം ദിനമായ ശബ്ബത്ത് ദിനത്തെക്കുറിച്ചുതന്നെയാണ് ഞാൻ പ്രതിപാദിക്കുന്നത്.

ഇത് വളരെ അപ്രസക്തമായ ഒന്നായി ഒരുപക്ഷെ താങ്കൾക്ക് ഇപ്പോൾ തോന്നിയേക്കാം. ഇതിന്റെ പ്രാധാന്യം വളരെ വേഗം ചക്രവാളങ്ങളിൽ ദൃശ്യമാകുവാൻ പോകുകയാണ്. പരിവർത്തന വിധേയമല്ലാത്ത ദൈവിക നിയമങ്ങളെയും സമയത്തെയും മാറ്റുവാൻ ശ്രമിക്കുന്ന ഒരു ശക്തിയെക്കുറിച്ച് ദാനിയേൽ 7 ന്റെ 25 ൽ നാം വായിക്കുന്നു. നാം ജീവിക്കുന്ന ഈ സമയം ആ പ്രവചനത്തിന്റെ നിറവേറലിന്റെ സമയമാണ്. അതുകൊണ്ട് വചനത്തെ പരിശോധിക്കുകയും ദൈവിക സത്യങ്ങളെ വെളിപ്പെടുത്തിത്തരണമെ എന്ന് പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുകയും ചെയ്യേണ്ടത് വളരെയധികം അത്യന്താപേക്ഷിതമാണ്.

ആരുടെ കാര്യപരിപാടിയാണ് ക്രൈസ്തവലോകം ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്? ദൈവത്തിന്റേതല്ല എന്ന കാര്യത്തിൽ എനിക്കൽപം പോലും സംശയമില്ല. മനുഷ്യന്റേതും അല്ല അത്. എങ്കിൽ പിന്നെ ആരാണ് ഇതിന്റെയൊക്കെയും പുറകിൽ? ക്രിസ്തുവിന്റെ ബദ്ധശത്രുവായ സാത്താനാണ് ഈ പദ്ധതിയെ



സഭകളിൽകൂടെ പ്രവൃത്തിപഥത്തിൽ എത്തിച്ചിരിക്കുന്നത്. രാഷ്ട്രങ്ങളിൽനിന്നും പൊതുസ്ഥലങ്ങളിൽനിന്നും മാത്രമല്ല, മനുഷ്യഹൃദയങ്ങളിൽ നിന്നുപോലും ദൈവത്തിന്റെ പത്തു കല്പനകളെ തുടച്ചുമാറ്റുവാൻ സാത്താൻ ശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

പത്തു കൽപനകൾ മാറ്റുവാൻ പാടില്ലാത്തവിധം ഒന്നിച്ചു ചേർക്കപ്പെട്ടവയാകയാലും അവയിൽ ഒന്നിന്റെ ലംഘനം എല്ലാറ്റിന്റെയും ലംഘനം ആകയാലും ഭരണതലങ്ങളിൽനിന്നും സഭകളിൽനിന്നും മാറ്റം ചെയ്യുവാനുള്ള ശ്രമത്തെ ദൈവമക്കൾ പരിശുദ്ധാത്മശക്തിയാൽ പ്രാർത്ഥനാപൂർവ്വം നേരിടേണ്ടതാണ്. ഈ പ്രധാനപ്പെട്ട വിവാദ വിഷയത്തെക്കുറിച്ച് തിരുവചനത്തിന് എന്തു പറയുവാനുണ്ട് എന്ന് നമുക്കൊരുമിച്ച് പരിശോധിക്കാം. എഴുതപ്പെട്ട ഏത് നിയമാവലിയാണ് ക്രിസ്തു ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞത്? ചിലർ കരുതുംപോലെ എല്ലാ കല്പനകളും അനുസരിക്കുന്നതിൽ നിന്നും നാം സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നുവോ? നാം നമ്മുടെ 'സ്വസ്ഥത' യേശുവിൽ കണ്ടെത്തിയിരിക്കയാൽ നമുക്കിനി ഏഴാം ദിന ശബ്ബത്ത് നല്കുന്ന വിശ്രമം ആവശ്യമില്ല? ദൈവം ശബ്ബത്തിന്റെ അനുഗ്രഹത്തെ ശനിയാഴ്ചയിൽനിന്നും ക്രിസ്തുവിന്റെ ഉയിർപ്പോടെ ഞായറാഴ്ചയിലേക്ക് മാറ്റിയോ? ഭൂരിപക്ഷം ക്രിസ്ത്യാനികളും ശനിയാഴ്ചക്കുപകരം ഞായറാഴ്ചകളിൽ ആരാധനയ്ക്കായി പള്ളികളിൽ പോകുന്നു.

വേദപുസ്തകം കാണിച്ചുതരുന്ന വഴിയിൽകൂടെ സഞ്ചരിച്ചുകൊണ്ട് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നമുക്ക് കണ്ടെത്താം. ഈ പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിക്കുന്ന സത്യം എന്ത് എന്ന് നമുക്ക് പരിശോധിക്കാം. ആരാണ് നമ്മെ നിയന്ത്രിക്കുന്നത്? ദൈവം തന്റെ പരിശുദ്ധാൽമാവിൽകൂടി നമുക്കു വേണ്ടുന്ന വെളിച്ചം പകർന്നുതരും. സത്യം വെളിപ്പെട്ടശേഷം നാം ആരുടെ നിയന്ത്രണത്തിൽ ആയിരിക്കും?

# 2. അനുസരിക്കണമോ വേണ്ടയോ?

യേശു പറഞ്ഞു: "കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (ലൂക്കൊ. 19:10). "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6).

നഷ്ടപ്പെട്ടുപോയവരെ രക്ഷിക്കുന്നതിൽ യേശുക്രിസ്തു അതിയായി ആഗ്രഹിക്കുന്നു. കാണാതെ പോയതിനെ കണ്ടുകിട്ടുമ്പോഴുള്ള സന്തോഷത്തെക്കുറിച്ച് യേശു തന്റെ ഉപമയിൽ എടുത്തുകാട്ടിയിരിക്കുന്നു. കാണാതെ പോയ ആട്, നാണയം, മകൻ എന്നിവ നമുക്ക് സുപരിചിതമാണ്. അവന്റെ വരവിന്റെ ഉദ്ദേശംതന്നെ സാത്താന്റെ പ്രവൃത്തികളെ നശിപ്പിക്കുക - കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിക്കുക - എന്നതായിരുന്നു.

ക്രിസ്തുവിൽനിന്നും വേർപെടുക എന്നാൽ നശിച്ചുപോകുക എന്നതാണെന്ന് ക്രിസ്തുവിശ്വാസികൾക്ക് നന്നായി അറിയാം. നമുക്കു ലഭിച്ചിരിക്കുന്ന രക്ഷയുടെ സുവാർത്തയെ മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത് ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് നമ്മുടെ പദവിയും കടമയും ആകുന്നു.

ആത്മീകമായി നശിച്ചുപോയവർക്ക് തങ്ങളുടെ സാക്ഷ്യവും അനുഭവവും, വഴിയും സത്യവും ജീവനുമായ യേശുവിനാൽ രക്ഷയുടെ അനുഭവത്തിലേക്ക് വന്നവർ, പങ്കുവയ്ക്കുമ്പോൾ ദൈവരാജ്യം വരേണമെ എന്ന നമ്മുടെ പ്രാർത്ഥന അർത്ഥമുള്ളതായിത്തീരും.

അശ്ലീലവാദിയായ ഒരു വ്യക്തി ദൈവനാമം ആവശ്യമില്ലാതെ ഉപയോഗിക്കുന്നത് നാം ശ്രവിക്കുമ്പോൾ, ആ വ്യക്തിക്ക് നീതിയും വിശുദ്ധിയുമുള്ള ഒരു ദൈവത്തെ കാണിച്ചുകൊടുക്കേണ്ടത് നമ്മുടെ കടമയാണ്. വ്യഭിചാരികളോടും അന്യദൈവങ്ങളെ



ആരാധിക്കുന്നവരോടും നമുക്കുണ്ടാകേണ്ട മനോഭാവവും അതുതന്നെയാണ്. ബാങ്ക് കവർച്ച നടത്തുന്നവനും കൊലപാതകിയും എല്ലാം യേശുക്രിസ്തുവിന്റെ രക്ഷണ്യ ശക്തിയെ അനുഭവിച്ച് അറിയേണ്ടിയിരിക്കുന്നു. ഒരു വ്യക്തിയുടെ പ്രവൃത്തികൾ ദൈവകല്പനയുടെ നിഷേധമായി മാറുന്നുവെങ്കിൽ ആ വ്യക്തി യേശുക്രിസ്തുവിൽനിന്നും വേർപെട്ടവനാണ്. വേദപുസ്തകം അവരെ ആത്മീകമായി മരിച്ചവർ എന്നും നഷ്ടപ്പെട്ടവർ എന്നും വിളിക്കുന്നു. "അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്ന് പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. സത്യം അവനിൽ ഇല്ല" (1 യോഹ. 2:3,4).

യേശുവിന്റെ കല്പനകളെ അനുസരിക്കാതെ ആർക്കെങ്കിലും യേശുവിനെ അറിയുവാൻ കഴിയുമോ? മുൻ ഉദ്ധരിച്ച തിരുവചനം ഒരു പ്രാവശ്യം കൂടെ വായിച്ചശേഷം ദൈവമക്കളെ തിരിച്ചറിയാനുള്ള യോഹന്നാന്റെ ഉപദേശത്തെക്കുറിച്ച് ചിന്തിക്കുക. "അവൻ നീതിമാൻ എന്ന് നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു" (1 യോഹ. 2:29).

അനേക കാര്യങ്ങളെ വേദപുസ്തകം പാപം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഏഷണി, പൊങ്ങച്ചം, അവിശ്വാസം, ദൈവദൂഷണം എന്നു തുടങ്ങി പലതും പാപത്തിന്റെ പട്ടികയിൽ പെടുന്നു. "വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ" എന്നാണ് പൗലൊസ് പറയുന്നത്. (റോമർ 14:23). "നന്മ ചെയ്‌വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ" എന്ന് യാക്കോബ് അപ്പൊസ്തലനും പറഞ്ഞിരിക്കുന്നു (യാക്കോ 4:17). യോഹന്നാനെ സംബന്ധിച്ചിടത്തോളം "ഏത് അനീതിയും പാപം ആകുന്നു" (1 യോഹ. 5:17). ഈ വാക്യങ്ങളൊക്കെയും പാപത്തിന്റെ വിഭാഗത്തിൽ വരുന്ന മനോഭാവങ്ങളെയും പ്രവൃത്തികളെയുംകുറിച്ചാണ് പറയുന്നത്. പാപം എന്നാൽ എന്ത് എന്നൊരു വ്യക്തമായ നിർവ്വചനം തരുന്നില്ല. ശരിയും തെറ്റും എന്ത് എന്ന് നാം എങ്ങനെയാണ് അറിയുന്നത്? നീതിയും അനീതിയും നാം തിരിച്ചറിയുന്നതെങ്ങനെ?

നീതിപ്രവൃത്തിക്കു വിരുദ്ധമായി നില്ക്കുന്നത് ദൈവത്തോടുള്ള അനുസരണക്കേടാണ്.

അനുസരണക്കേടിനെയാണ് ദൈവം പാപം എന്ന് വിളിക്കുന്നത്. "പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം തന്നെ" (1 യോഹ. 3:4). അധർമ്മം = iniquity = lawlessness = കല്പനാ ലംഘനം). പാപത്തെക്കുറിച്ചുള്ള ഏക തിരുവചന നിർവ്വചനം ഇതു മാത്രമാണ്. ദൈവകല്പനയുടെ ലംഘനം അഥവാ അനുസരണക്കേടാണ് പാപം. അനുസരണക്കേട് പലപ്പോഴും അവിശ്വാസത്തിന്റെയും സംശയത്തിന്റെയും പരിണിത ഫലമാണ്. അതുപോലെതന്നെയാണ് വികാരശൂന്യതയും മത്സരബുദ്ധിയും അനുസരണക്കേടിലേക്ക് മനുഷ്യരെ നയിക്കുന്നത്. നമ്മുടെ പ്രവൃത്തികളെ ന്യായം വിധിക്കാൻ ദൈവം ഉപയോഗിക്കുന്ന നിലവാരം അഥവാ അളവുകോലാണ് അവന്റെ പത്ത് കൽപനകൾ. അവ ദൈവത്തിന്റെ ചിന്തകളെയും പ്രവൃത്തിയെയും പ്രതിഫലിപ്പിക്കുന്നു. അവിശ്വാസം എന്നതും ദൈവകല്പനയുടെ ലംഘനമാണ്. കാരണം, മാനുഷിക യുക്തി എന്ന ബിംബത്തെ നാം അവിശ്വാസത്തിലൂടെ ദൈവവചനത്തിനുമുകളിൽ പ്രതിഷ്ഠിക്കുകയും നമ്മുടെ അഭിപ്രായത്തോടൊപ്പം ഉയർത്തുകയുമാണ് ചെയ്യുന്നത്.

"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദി മുതൽ പാപം ചെയ്യുന്നുവല്ലോ" (1 യോഹ. 3:8). പാപം നമ്മെ ദൈവത്തിൽനിന്നും അടർത്തിമാറ്റുന്നു. ഈ വേർപാട് ദൈവത്തോടുകൂടെയുള്ള നമ്മുടെ നിത്യജീവനെ നമുക്ക് നഷ്ടപ്പെടുത്തുന്നു. ഏറ്റവും വലിയ വിഘടന നേതാവാണ് സാത്താൻ. നമ്മെ പാപത്തിലാക്കി അങ്ങനെ ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽനിന്നും നമ്മെ അകറ്റുക എന്നതാണ് അവന്റെ ഉദ്ദേശം. ദൈവനാമം വൃഥാ എടുക്കുന്നതും അന്യദേവന്മാരെ ആരാധിക്കുന്നതും അമ്മയപ്പൻമാരെ അപമാനിക്കുന്നതും കൊലചെയ്യുന്നതും വ്യഭിചാരം ചെയ്യുന്നതും മോഷ്ടിക്കുന്നതും കള്ളം പറയുന്നതും ഒക്കെ പാപമാണ് എന്ന് ക്രിസ്ത്യാനികൾ കരുതുന്നത് അവയൊക്കെയും ദൈവകല്പനാ ലംഘനമാണ് എന്ന് അവർക്ക് അറിയാവുന്നതുകൊണ്ടാണ്. എന്നാൽ ദൈവകല്പനകൾ ഇവ മാത്രം അല്ല. ഇതിൽ



അധികം ഉണ്ട്. ദൈവത്തിന്റെ നാലാം കല്പനയുടെ ലംഘനം പാപമാണെന്നും അത് നമ്മെ ദൈവത്തിൽ നിന്നും അകറ്റും എന്നും ഞാൻ പറഞ്ഞാൽ അതിനോടുള്ള നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ദൈവം അനുഗ്രഹിച്ച് ശുദ്ധീകരിച്ച ഏഴാംദിന (ശനിയാഴ്ച) ശബ്ബത്തിനെ അവഗണിക്കുന്നത് കല്പനാലംഘനമാണ് എന്ന് ഞാൻ പറയുമ്പോൾ പലരും മുഖം തിരിച്ചുകളയുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഒൻപതു കല്പനകളുടെ ലംഘനവും പാപമാണെന്ന് സമ്മതിക്കുന്ന അതേ മനുഷ്യർ നാലാം കല്പനയെക്കുറിച്ച് കേൾക്കുമ്പോൾ, 'നില്ക്കൂ, പത്തു കല്പനകൾ ക്രൂശിൽവച്ച് നീക്കപ്പെട്ടു. അവ ഇന്ന് നിലനില്ക്കുന്നില്ല' എന്ന് പറയാറുണ്ട്.

തന്റെ മക്കളുമായി അഗാധമായ.... വളർത്തുന്നതിനുവേണ്ടി ദൈവം സൃഷ്ടിച്ച് വേർതിരിച്ച വിശുദ്ധ ശബ്ബത്തിനെക്കുറിച്ച് പറയുന്ന ഏക കല്പന മാത്രമാണ് ക്രൂശിൽ തറച്ച് നീക്കം ചെയ്തത് എന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നതുപോലെ എനിക്ക് തോന്നിയിട്ടുണ്ട്. "നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു" എന്ന് വേദപുസ്തകം പ്രസ്താവിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട് (കൊലൊ. 2:14). ഈ വിഷയത്തെക്കുറിച്ച് നമുക്ക് ആഴത്തിൽ ചിന്തിക്കാം. മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചാണ് പൗലൊസ് ഈ വാക്യത്തിൽ പറയുന്നത് എന്ന കാര്യം വചനം തെളിയിക്കും എന്ന കാര്യത്തിൽ എനിക്ക് തികഞ്ഞ ഉറപ്പും പ്രത്യാശയുമുണ്ട്. നാം പരിശോധിക്കുവാൻ പോകുന്ന പല തെളിവുകളോടൊപ്പം, ശബ്ബത്ത് സൃഷ്ടിപ്പിൻ സമയത്ത് സ്ഥാപിതമായതാണെന്നും അതുപോലെതന്നെ അവന്റെ പത്തു കല്പനകൾ സീനായ് പർവ്വതത്തിൽവെച്ച് ദൈവം തന്റെ വിരലുകൾകൊണ്ട് അവയെ എഴുതികൊടുക്കുന്നതിനു മുൻപും അവ നിലനില്ക്കുകയും അറിയപ്പെടുകയും ചെയ്തിരുന്നു എന്നും നാം മനസ്സിലാക്കുന്നതാണ്. പൂർവ്വപിതാക്കന്മാരായ അബ്രഹാം, യിസ്സഹാക്ക്, യാക്കോബ് എന്നിവർ ദൈവത്തിന്റെ കല്പനകൾ മുഴുവനും അനുസരിച്ചിരുന്നുവോ?

ദൈവത്തിന്റെ നാലാം കല്പനയായ ശബ്ബത്ത് ക്രൂശിൽവെച്ച് നീക്കപ്പെട്ടു എന്ന് വിശ്വസിക്കുന്നവർക്കായി ചില വാക്യങ്ങൾ താഴെ കൊടുക്കുന്നു:

1. “എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ” (മത്താ. 24:20). തന്റെ മരണത്തിന് അനേക വർഷങ്ങൾക്കുശേഷം സംഭവിക്കുവാനിരുന്ന ഒരു വലിയ പീഡനത്തെക്കുറിച്ച് യേശു ഇവിടെ മുന്നറിയിപ്പ് കൊടുക്കുകയാണ് (മത്താ. 24:15–24). തന്റെ ക്രൂശുമരണത്തോടെ ശബ്ബത്ത് ഇല്ലാതാകും എന്ന് അവൻ അറിഞ്ഞിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് തന്റെ അനുയായികളോട് അവരുടെ ഓടിപ്പോക്ക് ശബ്ബത്തിൽ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്ന പ്രബോധനം കൊടുക്കുന്നത്?

2. “സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ.... ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല” (മത്തായി 5:18). ക്രിസ്തു ഇവിടെ പത്ത് കല്പനകളെക്കുറിച്ചാണ് പറയുന്നത്. ഈ വേദഭാഗത്തിന്റെ സന്ദർഭംതന്നെ ക്രിസ്തു തന്റെ കല്പനകളെ അതിന്റെ വെറും ‘അക്ഷരം’ എന്ന തലത്തിൽനിന്നും ‘ആത്മാവി’ന്റെ തലത്തിലേക്ക് വികസിപ്പിക്കാനായി ഉപയോഗിക്കുന്നതായാണ് നാം കാണുന്നത്. കോപത്തെയും അസഭ്യവാക്കുകളെയും അവൻ കൊലപാതകത്തോട് അനുരൂപമാക്കുന്നു (വാക്യങ്ങൾ 21–23). കാമത്തെ അവൻ ആത്മീക വ്യഭിചാരത്തോട് ഉപമിക്കുന്നു (27,28).

ദൈവത്തിന്റെ ഏതെങ്കിലും ഒരു കല്പന ക്രിസ്തുവിന്റെ മരണത്തോടെ നീങ്ങിപ്പോകുമായിരുന്നെങ്കിൽ, അങ്ങനെ സംഭവിക്കും എന്ന കാര്യം അവൻ തന്റെ ശിഷ്യന്മാരോട് പറയാതിരിക്കും എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ അവയ്ക്ക് യാതൊരു മാറ്റവും സംഭവിക്കുകയില്ല എന്നാണ് അവൻ പറയുന്നത്. മശീഹയുടെ വരവിനെക്കുറിച്ചും ലോക അവസാനത്തെക്കുറിച്ചും പ്രതിപാദിക്കുന്ന പഴയ നിയമ പ്രവചനങ്ങൾ അന്ത്യകാഹളനാദത്തിങ്കൽ ദൈവമക്കൾ അമർത്യത ധരിക്കുംവരെ പൂർണ്ണമായും നിറവേറുകയില്ല.



3. “ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുൻപാകെ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനിൽക്കും എന്നു യഹോവയുടെ അരുളപ്പാട്. പിന്നെ അമാവാസിതോറും ശബ്ബത്തുതോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്ന് യഹോവ അരുളിച്ചെയ്യുന്നു” (യെശയ്യാവ് 66:22,23). യേശുക്രിസ്തുവിൽ നാം നമ്മുടെ സ്വസ്ഥത കണ്ടെത്തിയതിനാൽ, ശബ്ബത്ത് കല്പനയെ ക്രൂശിൽവച്ച് നീക്കിക്കളഞ്ഞു എങ്കിൽ എന്തിനുവേണ്ടിയാണ് പുതിയ ഭൂമിയിൽ ദൈവം അതിനെ പുനഃസ്ഥാപിക്കുന്നത്? ക്രിസ്തുവിലുള്ള സ്വസ്ഥത സ്വർഗ്ഗത്തിൽ എത്തുമ്പോൾ ഇല്ലാതാകുമോ? വചനം പറയുന്നത്, നിത്യത മുഴുവനും വീണ്ടെടുക്കപ്പെട്ടവർ ഏഴാം ദിനത്തിൽ പ്രത്യേകമായ ആരാധനയ്ക്കും കൂട്ടായ്മയ്ക്കുമായി സൃഷ്ടിതാവായ അവരുടെ ദൈവത്തിന്റെ സന്നിധിയിൽ വന്നുകൂടും എന്നാണ്.

4. “ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക” (പുറ. 20:8). പത്തു കല്പനകളിൽ ‘ഓർക്ക’ എന്ന് നാലാം കല്പനയിൽ മാത്രം എടുത്ത് പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്?

മിക്കവാറും എല്ലാ ക്രൈസ്തവ സഭകളും പത്തു കല്പനകൾ ഇന്നും നിലനില്ക്കുന്നുണ്ട് എന്ന് പഠിപ്പിക്കുകയും നാലാം കല്പനയെ അവഗണിക്കുകയും ചെയ്യുന്നു എന്നത് എന്നെ വല്ലാതെ അതിശയിപ്പിക്കുന്ന ഒരു വസ്തുതയാണ്. കത്തോലിക്ക മുതൽ മറ്റ് അനേകം സഭാനേതാക്കൻമാരും പത്തു കല്പനകളുടെ പ്രാധാന്യത്തെ പിൻതാങ്ങിക്കൊണ്ട് നടത്തിയിരിക്കുന്ന സാക്ഷ്യങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സാക്ഷ്യങ്ങൾ ഒക്കെയും നാലാം കല്പനയുടെ സുസ്ഥിരതയെക്കുറിക്കുന്ന മാനുഷിക സാക്ഷ്യങ്ങളും ഉറപ്പുകളുമാണ്. ഞായറാഴ്ചആചാരം എന്നത് മനുഷ്യന്റെ വെറും പാരമ്പര്യത്തിൽനിന്നും ഉളവായതാണെന്നും ദൈവവചനത്തിൽ അതിന് അടിസ്ഥാനമോ തെളിവോ ഇല്ല എന്നും അവർ വെളിപ്പെടുത്തുന്നു. ശബ്ബത്തിന്റെ വിശുദ്ധിയെ ഞായറാഴ്ചയിലേക്ക് മാറ്റിയതായി വേദപുസ്തകത്തിൽ യാതൊരു തെളിവും ഇല്ല എന്നും അവർ

വ്യക്തമായി പറഞ്ഞിരിക്കുന്നു. ഈ ക്രൈസ്തവർക്കെല്ലാംതന്നെ ദൈവം ഒരിക്കലും ഇങ്ങനെയൊരു മാറ്റം നടത്തിയിട്ടില്ല എന്ന് വ്യക്തമായി അറിയാം. എന്നിട്ടും അവർ മനുഷ്യന്റെ സമ്പ്രദായ മായ ഞായറാഴ്ച ആചാരം തുടർന്നുപോകുന്നു.

"ദൈവകല്പനകൾ ദൈവിക നിയമങ്ങളാണെ"ന്ന് പ്രമു ഖനായ സ്പർജൻ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം തുടർന്നു പറ യുന്നത് ശ്രദ്ധിക്കുക: "ദൈവകല്പനകൾ വിശുദ്ധവും സ്വർഗ്ഗീയവും പൂർണ്ണവുമാണ്. അവയിൽ തെറ്റ് കണ്ടെത്തുകയോ അവയുടെ മൂല്യത്തെ തകർക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നവർ അവയുടെ രൂപകല്പനയെ ഗ്രഹിക്കാത്തവരും നിയമങ്ങളെക്കുറിച്ച് ശരിയായ ആശയം ഇല്ലാത്തവരുമാണ്. പൗലൊസ് പറയുന്നത് 'കല്പന വിശുദ്ധം എങ്കിലും ഞാൻ ജഡികൻ ആകുന്നു' എന്നാണ്. വിശ്വാ സത്താലുള്ള നീതീകരണത്തെക്കുറിച്ച് നാം പറയുന്ന ഒന്നിലും നമ്മുടെ കേൾവിക്കാരുടെ ഇടയിൽ ദൈവിക ന്യായപ്രമാണത്തെ ക്കുറിച്ചുള്ള അവരുടെ അഭിപ്രായത്തിൽ കുറവു വരുത്താൻ നാം ഒരിക്കലും ഉദ്ദേശിക്കുന്നില്ല. കാരണം, ദൈവത്തിന്റെ കല്പനകൾ അവന്റെ പ്രവൃത്തിയുടെ മഹിമകളിൽ ഒന്നാണ്. അധികമായതോ അല്പമായതോ ഒന്നും കല്പനകളിലില്ല. അവ അതുല്യമാണ്. തികവ് അവയുടെ ദൈവികത്വത്തിന്റെ തെളിവും ആകുന്നു. പത്തു കല്പനകളിൽ കാണുന്നതുപോലുള്ള നിയമങ്ങൾ യാതൊരു നിയ മദാതാവിനും നല്കുവാൻ സാധിക്കുന്നതല്ല. അവ സമ്പൂർണ്ണ മാണ്".

"യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ 19:7). തികവുള്ള ദൈവിക കല്പനകളിൽ ഒന്നിനെ അവഗണിക്കുവാനോ മാറ്റിമറിക്കുവാനോ, തുടച്ചുനീക്കുവാനോ ഒരിക്കലും മനുഷ്യന് സാധിക്കുകയില്ല. ആത്മാർത്ഥതയും ദൈവഭയവുമുള്ള ഏത് ക്രിസ്ത്യാനിക്കാണ് വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയ നാലാം കല്പനയെ അവഗ ണിക്കാൻ കഴിയുക?

പത്തു കല്പനകളെ അനുസരിക്കണമോ വേണ്ടയോ എന്നു ള്ളതാണ് നമ്മുടെ മുൻപിൽ നിലനില്ക്കുന്ന പരമപ്രധാനമായ ചോദ്യം. ഗൗരവമേറിയ ഒരു ചോദ്യമാണിത്. ദൈവവചനത്തിന്റെ



വെളിച്ചത്തിൽ ഈ പ്രധാനപ്പെട്ട വിഷയം പരിശോധിച്ച് അതിനുള്ള ഉത്തരം കണ്ടെത്തേണ്ടത് ഓരോരുത്തരുടെയും കടമയാണ്. ഓരോ രുത്തരും സത്യം അറിയണം എന്നത് വളരെ അടിയന്തരമായ കാര്യംതന്നെയാണ്.

വേദപുസ്തക വിശ്വാസികളിൽ ഭൂരിപക്ഷത്തിനും ഇക്കാ ര്യത്തിൽ തെറ്റുപറ്റുമോ എന്ന് താങ്കൾ ഒരു പക്ഷെ ചിന്തിക്കുന്നു ണ്ടാകും. യേശുവിന്റെ ഒന്നാം വരവിൽ ജീവിച്ചിരുന്ന ബഹുഭൂരി പക്ഷം വിശ്വാസികളും തെറ്റായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരാ യിരുന്നില്ലെ എന്ന മറുചോദ്യം ഞാൻ നിങ്ങളോട് ചോദിക്കുന്നു. ഭൂരിപക്ഷത്തിന്റെ പ്രവൃത്തികൾ എപ്പോഴും വിശ്വാസയോഗ്യമാണ് എന്ന് ഞാൻ കരുതുന്നില്ല. യേശുതന്നെ നമുക്ക് മുന്നറിയിപ്പ് തന്നി രിക്കുന്നത്, നാശത്തിലേക്കുള്ള വഴി വിശാലവും അതിൽകൂടെ കട ക്കുന്നവർ അനേകരും ആകുന്നു എന്നാണ്. നിത്യജീവനിലേക്കുള്ള പാത ഞെരുക്കമുള്ളതും അതിലൂടെ കടക്കുന്നവർ ചുരുക്കവും ആകുന്നു എന്നതാണ് അതിന്റെ സാരാംശം (മത്തായി 7:13,14).

സ്വർഗ്ഗത്തിലെ നമ്മുടെ പിതാവിൽനിന്നും അകറ്റി നമ്മെ നശിപ്പിച്ചു കളയുവാനാണ് സാത്താൻ ശ്രമിക്കുന്നത്. പാപം ഭിന്നിപ്പ് ഉണ്ടാക്കുന്നു. ദൈവത്തിന്റെ പത്തു കല്പനകളുടെ ലംഘനമാണ് പാപം എന്നത് നാം നേരത്തെ അവലോകനം ചെയ്തുകഴിഞ്ഞു. ഉല്പത്തി മുതൽ വെളിപ്പാടു വരെ പരിശോധിച്ചാലും പാപം എന്ന വാക്കിന് ഇതിലും വ്യക്തവും ദൃഢവുമായ വേറൊരു നിർവ്വചനം കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയുകയില്ല.

ഈ വിഷയം സംസാരിക്കുമ്പോൾ മുൻകാലങ്ങളിൽ പല രും, "ഇത് താങ്കളുടെ അഭിപ്രായമാണ്" എന്ന് എന്നോട് പറയു ന്നതു കേട്ട് ഞാൻ അമ്പരന്ന് നിന്നിട്ടുണ്ട്. ഇങ്ങനെ പ്രതികരിക്കു ന്നവരോട്, ഇത് എന്റെ വെറും വ്യക്തിപരമായ അഭിപ്രായമല്ല, പിന്നെയോ നീക്കമില്ലാത്ത ദൈവിക സത്യങ്ങളുടെ ഭാഗമാണ് എന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ..

മെഥോഡിസ്റ്റ് വിശ്വാസിയായ ജോൺ വെസ്ലി പത്തു കല്പ നകളെക്കുറിച്ചുള്ള അവരുടെ ചരിത്രപ്രധാനമായ നിലപാട് താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽ വ്യക്തമാക്കിയിരിക്കുന്നു:

"നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത്

നമ്മുടെ കർത്താവ് മായിച്ചു ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കി ക്കളഞ്ഞു. എന്നാൽ പ്രവാചകൻമാരാൽ സുസ്ഥാപിതമാക്കിയ തന്റെ പത്തു കല്പനകളെ അവൻ ഒരിക്കലും നീക്കിക്കളഞ്ഞില്ല.... സാന്മാർഗ്ഗിക നിയമങ്ങൾ കർമ്മാചാരപരമായ നിയമങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ ഒരു അടിസ്ഥാനത്തിന്മേലാണ് നിലനില്ക്കു ന്നത്. ഇവയുടെ എല്ലാ ഭാഗവും മനുഷ്യവർഗ്ഗത്തിൻമേൽ എക്കാ ലവും ശക്തമായി നിലകൊള്ളും".

പ്രസിദ്ധനായ സുവിശേഷ പ്രാസംഗികൻ ബില്ലിഗ്രഹാം പറ യുന്നത് ശ്രദ്ധിക്കുക: "വെസ്ലിയെപ്പോലെ ഞാനും കൃപയും സ്നേഹവും പ്രസംഗിക്കുന്നതിനു മുൻപ് ന്യായപ്രമാണവും ന്യായ വിധിയും പ്രസംഗിപ്പാൻ ആഗ്രഹിക്കുന്നു. പത്തു കല്പനകൾ മനു ഷ്യരുടെ പെരുമാറ്റത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ സദാചാര നിയമങ്ങളാണ്. ഇവയൊക്കെയും അസാധുവാക്കപ്പെട്ടു എന്ന് ചിലർ ചിന്തിക്കാറുണ്ട്. ഈ ചിന്ത ശരിയല്ല. അവ ഇന്നും എക്കാല ത്തെയുംപോലെ ശക്തമായി നിലനില്ക്കുന്നു. മനുഷ്യനാണ് മാറി യത്. ദൈവമല്ല....".

"യേശുക്രിസ്തു ഒഴികെ സകല മനുഷ്യരും പത്തു കല്പന ലംഘിച്ചിട്ടുണ്ട്. പാപം എന്നത് കല്പനാലംഘനമാണ്. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു എന്ന് ദൈവവചനം പറയുന്നു. ദൈവിക നിലവാരത്തിലെത്തുന്നതിൽ നിന്നും നാം എത്രമാത്രം വീണുപോയി എന്ന് നമ്മെ ഗ്രഹിപ്പി ക്കുന്ന ഒരു കണ്ണാടിയാണ് ദൈവത്തിന്റെ കല്പനകൾ. നമ്മുടെ കുറവുകൾ നമുക്കു കാട്ടിത്തരുന്ന കണ്ണാടി നമ്മെ ക്രൂശിലേക്ക് നടത്തുന്നു. അവിടെ യേശു നമ്മുടെ പാപങ്ങൾക്കായി കൊടുത്ത വിലയെ നാം ദർശിക്കുന്നു. വേദപുസ്തകപ്രകാരം, പാപക്ഷമ എന്നത് ക്രൂശിൽ അല്ലാതെ മറ്റെങ്ങും കണ്ടെത്താൻ നമുക്ക് കഴി യില്ല...."

പിശാചിന്റെ പ്രവൃത്തികളെ നശിപ്പിച്ച് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനായാണ് യേശുക്രിസ്തു വന്നത്. "എന്റെ വചന ത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാ ക്കുകയും ചെയ്യും" (യോഹ. 8:31, 32). സത്യം എന്നത് ഒരു വ്യക്തി



യാണ്. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" (യോഹ. 14:6). നമ്മെ സ്നേഹിക്കുന്ന നമ്മുടെ രക്ഷകന്റെ സത്യ ത്തിൽ നാം നടക്കുമ്പോൾ തീർച്ചയായും അവൻ നമ്മെ സ്വതന്ത്ര രാക്കും. ദൈവകൃപയാൽ ദൈവകല്പനയുടെ പ്രാധാന്യമാകുന്ന സത്യത്തെ കാണിച്ചുതരുന്നതിലൂടെ നിങ്ങൾ ഇതുവരെയും കണ്ടി ട്ടുള്ളതിലും അതിസുന്ദരനായ യേശുവിനെ നിങ്ങൾക്ക് കാണിച്ചു തരുവാൻ ദൈവകൃപയാൽ എനിക്കിടയാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നാം തുടർന്ന് പഠിക്കുമ്പോൾ, ദൈവിക സ്വഭാ വമാകുന്ന സ്നേഹത്തിന്റെ യഥാർത്ഥ പ്രതിച്ഛായയും പ്രതിഫല നവുമാണ് ദൈവത്തിന്റെ പത്തുകല്പനകൾ എന്ന് നിങ്ങൾക്ക് ബോധ്യമാകും. ദൈവകല്പനകൾ ദൈവിക സ്വഭാവത്തെയാണ് കാണിക്കുന്നത് എന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ദൈവം തന്റെ കല്പനകളിൽകൂടെ വര ച്ചുകാട്ടിയ തന്റെ സ്വഭാവത്തെ രേഖപ്പെടുത്തുവാൻ വേദപുസ്തക കർത്താക്കൾക്ക് പരിശുദ്ധാത്മാവ് പ്രചോദനം നല്കി.

| **ദൈവം** | **പത്തു കല്പനകൾ/ ന്യായപ്രമാണം** | **ബൈബിൾ രേഖ** |
|---|---|---|
| തികവുള്ളവൻ | തികവുള്ളത് | സങ്കീ. 19:7; യാക്കോ 1:25 |
| വിശുദ്ധൻ | വിശുദ്ധം | റോമർ 7:12 |
| ആത്മാവ് | ആത്മീകം | റോമർ 7:14 |
| സ്നേഹം | സ്നേഹം | 1 തിമൊ. 1:5; റോമർ 13:10 |
| പ്രകാശം/ വെളിച്ചം | ഒരു ദീപം | സദൃശ്യ. 6:23 |
| സത്യം | സത്യം തന്നെ | നെഹെമ്യാ. 9:13 സങ്കീ. 119:142,151 |
| നീതിമാൻ | നീതിയുള്ളത് | റോമർ 8:4 |
| നീതി | നീതിയായവ | സങ്കീ. 119:172 |
| ന്യായം നടത്തുന്നവൻ | ന്യായമായത് | റോമർ 7:12 |

| | | |
|---|---|---|
| വിശുദ്ധൻ | നിർമ്മലമായത് | സങ്കീ. 19:8 |
| നല്ലവൻ | നല്ലത് | 1 തിമൊ. 1:8;<br>റോമർ 7:12 |
| വിശ്വസ്തൻ | വിശ്വാസയോഗ്യം | സങ്കീ. 119:86 |
| ബുദ്ധിയെ നല്കുന്നവൻ | ബുദ്ധിയെ നല്കുന്നത് | സങ്കീ. 111:11; 119:98 |
| വലിയവൻ | അപൂർവ്വമായത് | ഹോശെയ 8:12 |
| സമാധാന പ്രഭു | സമാധാനം നൽകുന്നു | സങ്കീ. 119:165 |
| മാറ്റമില്ലാത്തവൻ | മാറ്റമില്ലാത്തത് | മത്താ. 5:18 |

"വഴിയും സത്യവും ജീവനും"ആയവനെക്കുറിച്ചുള്ള അഗാധമായ പരിജ്ഞാനത്തിലേക്ക് ദൈവം എല്ലാവരെയും നയിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണത്തെക്കുറിച്ച് സാത്താൻ ഉണ്ടാക്കിയിരിക്കുന്ന സംശയങ്ങളെ പരിശുദ്ധാത്മാവ് ഇല്ലാതാക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദൈവിക ന്യായപ്രമാണവുമായുള്ള ബന്ധത്തിൽ കാണാതെ പോയവരെ കർത്താവ് തിരഞ്ഞ് കണ്ടെത്തി രക്ഷയുടെ പാതയിലേക്കും അനുസരണത്തിലേക്കും എത്തിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.



# 3. രണ്ട് ന്യായപ്രമാണങ്ങൾ

"ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു. നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിനു ആനന്ദവും ആയി. സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ" (യിരെമ്യാ. 15:16).

ദൈവിക സത്യങ്ങൾ വെളിപ്പെട്ടുകിട്ടുക എന്നത് തികച്ചും രോമാഞ്ചമുണ്ടാക്കുന്ന അനുഭവമാണ്. ഇതുവരെയും മറഞ്ഞിരുന്ന ദൈവിക മർമ്മങ്ങളുടെ അന്ത:സത്ത അഥവാ സാരാംശം പരിശുദ്ധാത്മാവിനാൽ പ്രകാശിതവും വെളിവും ആയി മാറുമ്പോൾ, സന്തോഷിപ്പാൻ നമുക്ക് തീർച്ചയായും വകയുണ്ട്. ദൈവം നമ്മോട് സംസാരിക്കുകയാണ്! നിർഭാഗ്യവശാൽ നാം ജീവിക്കുന്ന വേഗതയേറിയതും, ഉന്നത സാങ്കേതിക വിദ്യയുടെയും ബഹുവിധ വാർത്താമാദ്ധ്യമങ്ങളുടെയും ബുദ്ധിമുട്ടുകൾ പ്രാർത്ഥനയുടെയും വചനധ്യാനത്തിന്റെയും സമയം നമ്മിൽനിന്നും അപഹരിക്കുകയും അവയിൽനിന്നും നമ്മെ പിൻതിരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അല്പസമയം കിട്ടിയാൽ ടെലിവിഷന്റെ മുൻപിലോ ഇന്റർനെറ്റിന്റെ മുൻപിലോ ഇരിക്കാനാണ് നാം താല്പര്യപ്പെടുക. അങ്ങനെ ദൈവത്തെ സ്നേഹിക്കുന്നവരുടെ ഇടയിൽപോലും പ്രാർത്ഥനാ ജീവിതം വെറും ചടങ്ങുകളായിത്തീർന്നിരിക്കുന്നു. സമയ ദാരിദ്ര്യത്തിൽ ജീവിക്കുന്ന ഇന്നത്തെ ക്രിസ്ത്യാനികളിൽ മിക്കവാറും ആൾക്കാർ ഗഹനമായ ഒരു വേദപഠനത്തിന് മുതിരാത്തവരുമാണ്. തങ്ങളുടെ സഭകളിൽനിന്നും കിട്ടുന്ന വേദപരിജ്ഞാനത്തിൽ മിക്കവാറും എല്ലാവരും സംതൃപ്തിയടയുന്നു. നാം വിശ്വസിക്കുന്ന കാര്യങ്ങൾ നമുക്കറിയാമെങ്കിലും അവയെ നാം എന്തുകൊണ്ടു വിശ്വസിക്കുന്നു എന്നത് വേദപുസ്തകത്തിൽനിന്നും വിശദീകരിക്കുവാൻ നമുക്കാവുന്നില്ല. ഇത് നമ്മെ പലപ്പോഴും അനിശ്ചി

തവും ആപൽക്കരവുമായ ആത്മീയ അവസ്ഥയിൽ കൊണ്ടെത്തിക്കുന്നു.

പരസ്പര വിരുദ്ധമായ അനേകം വിശ്വാസ സംഹിതകളുടെ ഒരു കലവറയാണ് ഇന്നത്തെ ക്രിസ്തീയ സമൂഹം. നാം വിശ്വസിക്കുന്നത് സത്യമാണെന്ന് നമുക്കെങ്ങനെ ഈ സാഹചര്യത്തിൽ ഉറപ്പായി പറയുവാൻ കഴിയും? നാംതന്നെ വേദപുസ്തകം പരിശോധിക്കുക എന്ന ഏകമാർഗ്ഗം മാത്രമാണ് അതിനുള്ള പരിഹാരം. തന്റെ വചനത്തിൽ ജീവിക്കുന്നവർ സത്യം അറിയുകയും ആ സത്യം അവരെ സ്വതന്ത്രരാക്കുകയും ചെയ്യും എന്ന് യേശു പറഞ്ഞിരിക്കുന്നു (യോഹ. 8:31, 32).

ന്യായപ്രമാണങ്ങൾ രണ്ടുതരം എന്നതാണ് ഇന്ന് ഏറ്റവും അധികം തെറ്റിദ്ധാരണാജനകമായിരിക്കുന്ന തിരുവചന സത്യം. പുതിയതും പഴയതുമായ ഉടമ്പടികളെക്കുറിച്ചുള്ള ആശയക്കുഴപ്പം ഈ തെറ്റിധാരണയുടെ പരിണിതഫലമാണ്. ഈ ആശയക്കുഴപ്പത്തെ മാറ്റി സത്യത്തെ വേദപുസ്തകം എങ്ങനെ വെളിപ്പെടുത്തുന്നു എന്ന് ഈ അദ്ധ്യായത്തിലും തുടർന്നുള്ളതിലും നമുക്ക് വിശദമായി പഠിക്കാം. വചനം പഠിക്കുന്നതിന് സമയം കണ്ടെത്തുവാൻ സാധിക്കാത്ത ക്രൈസ്തവ സമൂഹത്തെ ഉദ്ദേശിച്ചാണ് സംക്ഷിപ്തമായ ഈ അവലോകനം ഞാൻ തയ്യാറാക്കിയിരിക്കുന്നത്. വിവിധങ്ങളായ രണ്ടു ന്യായപ്രമാണങ്ങളെയും അതുപോലെതന്നെ പഴയതും പുതിയതുമായ രണ്ട് ഉടമ്പടികളെയും തിരുവചനം എങ്ങനെ നിർവ്വചിച്ചിരിക്കുന്നു എന്ന് അല്പസമയത്തിനുള്ളിൽ നിങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

“സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക” (2 തിമൊ. 2:15). വേദപുസ്തകത്തിന്റെ ഭാഷ്യവും അർത്ഥവും ഗ്രഹിപ്പാൻ ഒരുപക്ഷെ താങ്കൾക്കും ആഗ്രഹമുണ്ടാകും. സത്യത്തെ ലളിതവും സ്പഷ്ടവുമായി മനസ്സിലാക്കുവാൻ ഈ പഠനം സഹായിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. താങ്കളോടുള്ള ദൈവത്തിന്റെ ഇഷ്ടവും ദൈവവചനത്തെക്കുറിച്ചുള്ള വിമർശനപരമായ ഒരു അടിസ്ഥാനവും ഈ പഠനത്തിൽകൂടെ താങ്കൾക്ക് ലഭിക്കട്ടെ.



## ദൈവവചനത്തിലെ മഹത്തായ രണ്ട് ന്യായപ്രമാണങ്ങൾ :

“അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു” (കൊലൊ 2:14). ഈ വാക്യത്തിന്റെ മറപറ്റിക്കൊണ്ട് പത്തു കല്പനയായ ദൈവത്തിന്റെ ന്യായപ്രമാണത്തെ ദൈവം ക്രൂശിൽ വെച്ച് ഇല്ലാതാക്കി എന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് ഇന്നത്തെ ക്രിസ്ത്യാനികളിൽ പലരും. ആകയാൽ ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞ ഈ ‘കയ്യെഴുത്തി’ന്റെ യാഥാർത്ഥ്യം എന്താണെന്നും അതിന്റെ വ്യവസ്ഥാപനങ്ങളും ആവശ്യകതകളും എന്തായിരുന്നു എന്നും മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ക്രൂശിൽ തറയ്ക്കപ്പെട്ടത് ദൈവത്തിന്റെ പത്തു കല്പനകളായിരുന്നുവോ? അതോ മോശെ എഴുതിയ നിയമ പുസ്തകം ആയിരുന്നുവോ?

ദൈവവചനം മഹത്തരമായ രണ്ട് ന്യായപ്രമാണങ്ങളെക്കുറിച്ച് സംസാരിക്കുന്നു:

1. **ദൈവത്തിന്റെ ന്യായപ്രമാണം:** പത്തു കല്പനകൾ അഥവാ സാക്ഷ്യത്തിന്റെ രണ്ടു കല്പലകകൾ, സാൻമാർഗ്ഗിക ന്യായപ്രമാണം, സ്നേഹത്തിന്റെ ന്യായപ്രമാണം എന്നൊക്കെ അറിയപ്പെടുന്നു.
2. **മോശെയുടെ ന്യായപ്രമാണം:** കർമ്മാചാരപരമായ നിയമങ്ങൾ മോശൈക ന്യായപ്രമാണം, നിയമപുസ്തകം, ഉടമ്പടിയുടെ പുസ്തകം എന്നിങ്ങനെ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ രണ്ടു ന്യായപ്രമാണങ്ങളുടെയും മഹനീയമായ സേവന ഉദ്ദേശങ്ങളെക്കുറിച്ച് ദൈവത്തിന് അതുല്യവും വ്യക്തവുമായ കണക്കുകൂട്ടലുകൾ ഉണ്ടായിരുന്നു. ഇവ തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കുന്നതിലുള്ള നേരിയ പരാജയം പല ആത്മാർത്ഥതയുള്ള ക്രൈസ്തവരെയും ആശയക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും പുതിയ നിയമത്തിൽ കാണുന്ന ‘ന്യായപ്രമാണ’ പരാമർശങ്ങളെ വ്യാഖ്യാനിക്കുന്നതിൽ. ഇത്രയേറെ ആശയക്കുഴപ്പത്തിനുള്ള കാരണം എന്താണ്? തിരുവചന കർത്താക്കൾ ‘ന്യായപ്രമാണം’ എന്ന ഏകവചന പദത്തെ ദൈവത്തിന്റെ ന്യായപ്രമാണം എന്ന അർത്ഥത്തിലും മോശെയുടെ ന്യായപ്രമാണം എന്ന അർത്ഥത്തിലും

പലയിടങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. അവയുടെ വ്യത്യസ്തമായ ഉദ്ദേശത്തെക്കുറിച്ച് വ്യക്തമായ ഗ്രാഹ്യം ഇല്ലെങ്കിൽ അതിന്റെ സന്ദർഭം നഷ്ടപ്പെടുവാനും അങ്ങനെ വഴി തെറ്റിയ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനും ഇടയാകും.

ഉദാഹരണത്തിന് പൗലൊസിന്റെ ഈ പ്രസ്താവന ശ്രദ്ധിക്കുക : "എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു.... ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല.... ന്യായപ്രമാണത്തിന്നോ വിശ്വാസമല്ല ആധാരമായിരിക്കുന്നത്.... ക്രിസ്തു.... ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലക്കു വാങ്ങി" (ഗലാത്യർ 3:10-13). രണ്ടു ന്യായപ്രമാണങ്ങളിൽ ഏതിനെക്കുറിച്ചാണ് പൗലൊസ് ഇവിടെ പറയുന്നത്? അതേ എഴുത്തുകാരൻതന്നെ റോമാലേഖനത്തിൽ പറയുന്നത് ഇപ്രകാരമാണ് : "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരു നാളും ഇല്ല; നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നത്" (റോമർ 3:31). "ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതുംതന്നെ" (റോമർ 7:12).

ഗലാത്യലേഖനത്തിൽനിന്നും ആദ്യം ഉദ്ധരിച്ച വേദഭാഗത്തിൽ പൗലൊസ് മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചും റോമാലേഖനത്തിൽ നിന്നുമുള്ള ഉദ്ധരണികളിൽ വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങളിൽ സ്ഥാപിതമായിരിക്കുന്ന ദൈവത്തിന്റെ പത്തു കല്പനകളാകുന്ന ന്യായപ്രമാണത്തെക്കുറിച്ചുമാണ് പരാമർശിക്കുന്നത് എന്ന കാര്യം ഈ പഠനത്തിന്റെ അവസാനത്തോടെ നിങ്ങൾക്ക് ബോദ്ധ്യമാകും.

ആശയക്കുഴപ്പത്തിന്റെ ഒരു മേഘപടലം പൗലൊസിന്റെ എഴുത്തുകളെ മൂടുന്നതായി നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? രണ്ടു ന്യായപ്രമാണങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് പരിശോധിക്കുന്നതോടെ ഈ ആശയക്കുഴപ്പമാകുന്ന മൂടൽമഞ്ഞ് അതിവേഗത്തിൽ നീരാവിയായി അപ്രത്യക്ഷമാകും.

വർദ്ധിച്ച ധാരണയോടെ പുതിയ നിയമത്തിലേക്ക് വരുവാനും ശരിയായ വിധത്തിൽ സത്യവചനത്തെ പങ്കുവെയ്ക്കുവാനും നമുക്കു കഴിയും. പൗലൊസിന്റെ ലേഖനങ്ങളിൽ കാണുന്ന 'ന്യായ



പ്രമാണം' എന്ന വാക്കിനെക്കുറിച്ച് അത് ദൈവത്തിന്റേതിനെ കുറിക്കുന്നുവോ അതോ മോശെയുടേതിനെ കുറിക്കുന്നുവോ എന്ന് അതിന്റെ സന്ദർഭം പരിശോധിച്ച് മനസ്സിലാക്കി തീരുമാനിക്കുവാൻ നമുക്ക് കഴിയും.

കൊലൊസ്യലേഖന കർത്താവായ പൗലൊസ് 'നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത്' ക്രിസ്തു ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞതായി ദൈവശാസനയാൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവകല്പനകൾ കാലഹരണപ്പെട്ടുപോയതായി പൗലൊസ് പഠിപ്പിക്കുന്നു എന്ന ചിലരുടെ അവകാശവാദം ഈ വാക്യവുമായുള്ള ബന്ധത്തിൽ തികച്ചും വഴിപിഴയ്ക്കപ്പെട്ട ഒന്നാണ്. 'നമുക്ക് പ്രതികൂലമായിരുന്ന കയ്യെഴുത്തു'കളെ ദൈവത്തിന്റെ പത്തു കല്പനകളായി തെറ്റിദ്ധരിക്കപ്പെടുവാൻ പൗലൊസ് ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല എന്നത് ഈ അദ്ധ്യായവും അടുത്തുള്ളതും പഠിക്കുന്നതോടെ നിങ്ങൾക്ക് മനസ്സിലാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. കല്പലകകളിൽ ദൈവം തന്റെ സ്വന്തം വിരലുകളാൽ എഴുതിക്കൊടുത്ത കല്പനകളെ പൗലൊസ് ഒരിക്കലും ഇല്ലാതാക്കിയില്ല എന്നത് വേദപുസ്തക സഹായത്തോടെ തെളിയിക്കുവാൻ ദൈവം നമ്മെ സഹായിക്കും.

പരസ്പര വിരുദ്ധമായ വാക്യങ്ങൾ വേദപുസ്തകത്തിൽ ഒരിടത്തും ഇല്ല. വേദപുസ്തക രചയിതാക്കൾ തമ്മിൽതമ്മിൽ എതിർക്കുന്നുമില്ല. വൈരുദ്ധ്യങ്ങൾ ഉടലെടുക്കുന്നത് വചനത്തെ സന്ദർഭ വിരുദ്ധമായി ഉദ്ധരിച്ച് ദുർവിനിയോഗം ചെയ്യുന്നതുകൊണ്ടാണ്. ചില വാക്യങ്ങൾ ആദ്യനോട്ടത്തിൽ പരസ്പര വിരുദ്ധം എന്ന് നമുക്ക് തോന്നുന്നുണ്ടെങ്കിൽ അവയെ സന്ദർഭത്തോട് ചേർത്ത് പരിശോധിക്കുകയും ആ വിഷയത്തെക്കുറിച്ച് ഇതര ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളുമായി ബന്ധിപ്പിച്ച് പഠിക്കുകയും ചെയ്യേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. എഴുത്തുകാരന്റെ ഉദ്ദേശത്തെയും അർത്ഥത്തെയും മനസ്സിലാക്കുന്നതിന് ചിലപ്പോൾ മൂല ഭാഷയുടെ സഹായവും ആവശ്യമായി വരാം. എബ്രായ ഭാഷയും യവന ഭാഷയും കാര്യമായി അറിവില്ലാത്ത ഭാഷാവെല്ലുവിളിയുള്ളവർക്കുപോലും ഇന്ന് നിരവധി പഠന സഹായികളും മറ്റും വർദ്ധിച്ച ഗ്രാഹ്യത്തിനുതകത്തക്കവിധം ലഭ്യമാണ്.

“എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തികൾക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതു ആകുന്നു” (2 തിമൊ. 3:16,17). ഈ വാക്കുകൾ എഴുതുമ്പോൾ പൗലൊസ് പഴയ നിയമത്തെയാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസ്താവന പുതിയ നിയമത്തെ സംബന്ധിച്ചിടത്തോളവും ശരിയാണ്. പൗലൊസിന്റെ പരാമർശം ഒരിക്കലും നിഷേധാത്മകമായ ഒന്നല്ല, പിന്നെയോ അംഗീകാര സമൃദ്ധമായ ഒന്നാണ്. തന്റെ ചിന്തകളെ വിവിധങ്ങളായ എഴുത്തുകാരിൽകൂടെ പങ്കുവച്ച ദൈവം ഒരിക്കലും സ്വയം നിഷേധിക്കുകയോ പരസ്പര വിരുദ്ധമായവ പ്രസ്താവിക്കുകയോ ചെയ്യുന്നവനല്ല. ഇതിനാലാണ് പഴയ നിയമ എഴുത്തുകാരും പുതിയ നിയമ എഴുത്തുകാരും തമ്മിൽ യാതൊരു ഭിന്നാഭിപ്രായവും നിലനില്ക്കുന്നതായി ആർക്കും കാണുവാൻ കഴിയാത്തത്. പരസ്പര വിരുദ്ധമായി നമുക്കു തോന്നുന്ന കാര്യങ്ങളാൽ നാം പരിഭ്രാന്തരാകുന്നു എങ്കിൽ നമ്മുടെ പരിമിതമായ അറിവിനെ തരണം ചെയ്യുന്നതിനായി നാം പഴയതും പുതിയതുമായ തിരുവെഴുത്തുകളെ പ്രാർത്ഥനയോടെ പരിശോധിക്കയാണ് വേണ്ടത്.

‘ഞങ്ങൾ പുതിയ നിയമ ക്രിസ്ത്യാനികളാണ്’ എന്ന് ചിലർ സ്വയം അവകാശപ്പെടുകയും തങ്ങളുടെ ഉപദേശങ്ങളെക്കുറിച്ച് സമാലോചന നടത്തുന്നതിനായി പുതിയ നിയമം മാത്രം ഉപയോഗിക്കയും ചെയ്യാറുണ്ട്. നിർഭാഗ്യം എന്നു പറയട്ടെ, സദുദ്ദേശകരായ ഈ വിശ്വാസികളെ, പുതിയ നിയമം, പഴയ നിയമ പഠിപ്പിക്കലുകളെ റദ്ദു ചെയ്തതായി ആരോ പഠിപ്പിച്ചിരിക്കുന്നു. പൗലൊസ് ഈ വാദത്തോട് യോജിക്കുന്നില്ല. ‘എല്ലാ തിരുവെഴുത്തു’കളെയും ദൈവം നമ്മുടെ നന്മയ്ക്കായി തന്നിരിക്കുന്നു എന്നാണ് പൗലൊസ് പറയുന്നത്. പുതിയ നിയമത്തെക്കാൾ അഞ്ചോ ആറോ മടങ്ങ് വലിപ്പമുള്ളതാണ് പഴയ നിയമം. ഒന്നിനെ കൂടാതെ മറ്റൊന്നിന് നിലനില്പോ വ്യാഖ്യാന സ്വാതന്ത്ര്യമോ ഇല്ല. പഴയ നിയമം പുതിയതിനെ ഉൾക്കൊള്ളുന്നു. പുതിയത് പഴയതിനെ വിശദീകരിക്കുന്നു. തിരുവചനത്തിലെ ഓരോ പുസ്തകത്തിലും യേശുക്രിസ്തുവിനെ കാണാൻ നിങ്ങൾക്ക് സാധിക്കും.



ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത് ഇപ്രകാരമാണ്, “ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകേണം എന്നുള്ളതുതന്നെ എന്നു പറഞ്ഞു” (ലൂക്കൊ. 24:44).

അവൻ അവരോട്, ‘അതുകൊണ്ട് സ്വർഗ്ഗരാജ്യത്തിന് ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽനിന്നും പുതിയതും പഴയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശ്യനാകുന്നു’ എന്ന് പറഞ്ഞു (മത്താ. 13:52).

അതെ, പഴയ നിയമത്തിലും പുതിയ നിയമത്തിലും ധാരാളം ആത്മീക നിക്ഷേപങ്ങൾ ഉണ്ട്. പഴയ നിയമത്തെ ചുഴറ്റിയെറിയുക എന്ന തെറ്റാണ് ദൈവിക ന്യായപ്രമാണമായ പത്തു കല്പനകളുടെ നിത്യസ്വഭാവത്തെ മനസ്സിലാക്കുന്നതിൽ നിന്നും നമ്മെ തടയുന്നത്. സീനായ് പർവ്വതത്തിൽ വെച്ച് കല്പലകകളിൽ രേഖപ്പെടുത്തുന്നതിനു മുൻപുതന്നെ ദൈവകല്പനകൾ നിലവിലുണ്ടായിരുന്നതായി നിങ്ങൾക്കറിയാമോ? ഈ വിഷയം നമുക്ക് അഞ്ചാം അദ്ധ്യായത്തിൽ ചിന്തിക്കാം. ഈ കല്പനകളെ ദൈവജനം ലംഘിച്ചതിനാലാണ് മോശെയുടെ ന്യായപ്രമാണത്തെ സ്ഥാപിക്കുവാൻ ദൈവം നിർബന്ധിതമായിത്തീർന്നത്.

പഴയ നിയമത്തെ തിരസ്കരിക്കുന്ന ഒരുവന് മോശെ എഴുതിയ ആദ്യത്തെ അഞ്ച് പുസ്തകങ്ങളെയോ താൻതന്നെ തന്റെ സ്വന്തം കൈപ്പടയിൽ എഴുതിയ ഏകദേശം അറുനൂറ്റിനാൽപ്പത് പ്രത്യേക ചട്ടങ്ങളെയോ കുറിച്ച് അറിയാൻ സാധിക്കുകയില്ല. ഇവയെ അറിയാതെ, ക്രിസ്തു ക്രൂശിൽ തറച്ച ‘കയ്യെഴുത്ത്’ മോശൈക ന്യായപ്രമാണമായിരുന്നു എന്ന് നമുക്കെങ്ങനെ ഗ്രഹിപ്പാൻ സാധിക്കും? ദൈവകല്പനകൾ നിത്യവും പാപത്തെക്കുറിച്ചുള്ള ഏക നിർവ്വചനവുമാണെന്ന് നമുക്കെങ്ങനെ അറിയുവാൻ കഴിയും? “പാപം ചെയ്യുന്നവനൊക്കെയും അധർമ്മവും ചെയ്യുന്നു. പാപം അധർമ്മം (കല്പനാലംഘനം) തന്നെ” (1 യോഹ. 3:4). ദൈവനിയമങ്ങളെ അവഗണിക്കുന്നതാണ് പാപം. കൊലപാതകം,

മോഷണം, വ്യഭിചാരം, വെറുപ്പ്, അശ്ലീലം എന്നീ വിധത്തിലുള്ള എല്ലാവിധ പാപങ്ങളും ഇന്ന് ധാരാളമായി നിലനില്ക്കുന്നു എന്ന് നമുക്കറിയാം. പാപം മുഖാന്തരം നമ്മുടെ ലോകം ഇന്ന് താറുമാറായിരിക്കുന്നു എന്നത് സത്യമല്ലേ? പാപം ലോകത്തിൽ നിലനില്ക്കുന്നു എന്ന വസ്തുതയെ അംഗീകരിക്കണമെങ്കിൽ പാപത്തെ പാപമായി തിരിച്ചറിയിക്കുന്ന ഒരു നിയമസംഹിത നിലനില്ക്കേണ്ടത് അനിവാര്യമാണ്.

"പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹെ 18:20). "പാപത്തിന്റെ ശമ്പളം മരണമത്രെ" (റോമർ 6:23) എന്ന കാര്യത്തിൽ പഴയ നിയമവും വളരെയധികം യോജിക്കുന്നു. കല്പന ഇല്ലാത്തിടത്ത് ലംഘനം ഉണ്ടാകുന്നില്ല. പാപത്തെ നിർവ്വചിക്കുന്ന ഒരു കല്പന അഥവാ നിയമത്തെ കൂടാതെ പാപത്തിന് നിലനില്പാൻ കഴിയില്ല. ലോകത്തിൽ രണ്ടുപേർ മാത്രമുണ്ടായിരുന്ന ആദിമ കാലത്തും ഇതേ തത്വംതന്നെ പ്രസക്തമായിരുന്നു. ....ദൈവം ആദം ഹവ്വമാരെ താഴെ വരുംപ്രകാരം ഉപദേശിച്ചു: "തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്" (ഉല്പത്തി 2 : 16,17). ഈ ലഘുവായ നിയമത്തെ ലംഘിച്ചാൽ അവർ മരിച്ചുപോകും എന്ന് ദൈവം അവർക്ക് മുന്നറിയിപ്പ് കൊടുക്കുന്നു. നിരോധിത വൃക്ഷഫലം അവർ തിന്നതായി ചരിത്രം രേഖപ്പെടുത്തുന്നില്ലേ? എന്തായിരുന്നു അതിന്റ പരിണിതഫലം? അവർ തൽക്ഷണം ആത്മീക മരണത്തിന് ഇരയാകുകയും ആത്യന്തികമായി ശാരീരിക മരണം അനുഭവിക്കുകയും ചെയ്തു. അതാണ് പാപത്തിന്റെ ശമ്പളം!

ഒരു നിയമം ദൈവം അവിടെ വയ്ക്കാതിരുന്നെങ്കിൽ, ഹൃദ്യവും നീരുള്ളതുമായ ആ ഫലം അവർക്ക് പരിണിതഫലങ്ങൾ കൂടാതെ അനുഭവിക്കാമായിരുന്നു. ലംഘിക്കാൻ ഒരു നിയമം ഇല്ലാത്തിടത്ത് നിയമലംഘനത്തിന്റെ കുറ്റം അവർക്കെതിരെ വരുമായിരുന്നില്ല. പാപത്തെ നിർവ്വചിക്കുന്ന ഒരു നിയമം ഇല്ലാത്തിടത്ത് പാപത്തിന് നിലനില്പില്ല.

ഇന്നത്തെ സാഹചര്യത്തിലേക്കു വന്നാൽ, മനുഷ്യവർഗ്ഗം മുഴുവനും പാപത്തിന്റെ അടിമത്വത്തിലാണോ കഴിയുന്നത്? വചനം



എന്തു പറയുന്നു? "നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി" (1 യോഹ. 1:8).

പാപത്തെക്കുറിച്ചുള്ള വിശാലമായ ഗ്രാഹ്യത്തിലേക്ക് എത്തുന്നതിനായി നമുക്ക് വേദപുസ്തകത്തിലെ മഹത്തായ രണ്ട് ന്യായപ്രമാണങ്ങളെയും പരിശോധിക്കേണ്ടതുണ്ട്. പത്തു കല്പനകൾ നിത്യമാണ് എന്ന് വചനം പറയുന്നുണ്ടോ? ദൈവകല്പനയെ ലംഘിക്കുന്നവർക്ക് പരിഹാര പദ്ധതിയായി ആണ് മോശെയുടെ ന്യായപ്രമണം കൂട്ടിച്ചേർക്കപ്പെട്ടത് എന്ന് തിരുവെഴുത്തുകൾ കാണിച്ചുതരുന്നുണ്ടോ? ക്രിസ്തു തന്റെ പുതിയ ഉടമ്പടി ക്രൂശിൽ സ്ഥാപിക്കുന്നതുവരെ മാത്രം നിലനില്ക്കേണ്ട ഒരു നിയമമായിട്ടല്ലെ ദൈവം മോശൈക ന്യായപ്രമാണത്തെ നിയോഗിച്ചത്? പുതിയ ഉടമ്പടിയിൽ പത്തു കല്പനകൾ ഉൾപ്പെടുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെല്ലാം വളരെ വ്യക്തമായും ഗ്രഹിപ്പാൻ സാധിക്കുംവിധം ലളിതമായും വചനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവയെ ഗ്രഹിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായി ഇന്നത്തെ തലമുറക്ക് എന്താണ് വേണ്ടത്?

## ദൈവത്തിന്റെ ന്യായപ്രമാണം അഥവാ പത്തു കല്പനകൾ

പത്തു കല്പനകളെ അവലോകനം ചെയ്തുകൊണ്ട് മോശെ യിസ്രായേൽ മക്കളോട് ഇപ്രകാരം പറയുന്നു: "ഈ വചനങ്ങൾ യഹോവ പർവ്വതത്തിൽ തീ, മേഘം, അന്ധകാരം എന്നിവയുടെ നടുവിൽ നിന്നു നിങ്ങളുടെ സർവ്വ സഭയോടും അരുളിചെയ്തു. ഇതിനപ്പുറം ഒന്നും കല്പിച്ചില്ല. അവ രണ്ടു കല്പലകകളിൽ എഴുതി എന്റെ പക്കൽ തന്നു (ആവ. 5:22). പത്തു കല്പനകൾ പ്രസ്താവിച്ചത് ദൈവമാണ്. അവ സംപൂർണ്ണമായിരുന്നു. അവൻ അവയെ രണ്ടു കല്പലകകളിൽ എഴുതി. മുൻ ഉദ്ധരിച്ച വാക്യം ഒന്നുകൂടി വായിക്കുക. "ഇതിന്നപ്പുറം ഒന്നും കല്പിച്ചില്ല" എന്നത് ശ്രദ്ധിക്കുക. അന്യൂനവും പൂർണ്ണവുമായ പത്തു കല്പനകളോട് മറ്റൊന്നും കൂട്ടിച്ചേർക്കുവാൻ അവൻ ആഗ്രഹിച്ചില്ല.

ഈ വാക്യത്തിൽ പറയുംപോലെ ദൈവം ആദ്യം തന്റെ കല്പനകളെ സീനായ് പർവ്വതത്തിൽവെച്ച് ഭയത്തോടും വിറയലോടുംകൂടെ നിന്ന സകല ജനത്തോടും പ്രസ്താവിച്ചു (പുറ.

20:1–17). ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ഭയപ്പെട്ടതിനാൽ അന്നു മുതൽ ദൈവം മോശെയോട് നേരിൽ സംസാരിച്ചാൽ മതി എന്ന് ജനം അപേക്ഷിച്ചു. അതിനാലാണ് ദൈവത്തിന്റെ വിരലുകളാൽ മുദ്രണം ചെയ്ത പത്തു കൽപനകളുടെ കൽപലകകളെ വാങ്ങുന്നതിനായി മോശെ ഒറ്റക്ക് സീനായ് മലയിലേക്ക് പോയത്. പുറപ്പാട് 31–ന്റെ 18–ൽ നാം വായിക്കുന്നത്: "ദൈവത്തിന്റെ വിരൽ കൊണ്ടെഴുതിയ കല്പലകകളായ സാക്ഷ്യപ്പലക രണ്ടും അവന്റെ പക്കൽ കൊടുത്തു" എന്നാണ്.

ദൈവം തന്റെ വിരലുകൊണ്ടാണ് പത്തു കല്പനകളെ കല്ലിൽ എഴുതിയത്. 'സാക്ഷ്യത്തിന്റെ രണ്ട് കല്പലകകളെ' അവൻ മനുഷ്യരെക്കൊണ്ട് എഴുതിച്ചില്ല എന്നത് വളരെ ശ്രദ്ധേയമായ സംഗതിയാണ്. രണ്ടു കല്ലിന്റെ ഇരുവശവും മുൻപും പിൻപും എഴുതിയതായി വചനം പറഞ്ഞിരിക്കുന്നു. ദൈവംതന്നെയാണ് അത് ചെയ്തത് എന്ന് പുറപ്പാട് 32:15,16 വീണ്ടും ഉറപ്പിക്കുന്നു. "പലക ദൈവത്തിന്റെ പണിയും പലകയിൽ പതിഞ്ഞ എഴുത്ത് ദൈവത്തിന്റെ എഴുത്തും ആയിരുന്നു".

ആദ്യത്തെ കല്പലകകൾ മോശെ ഉടച്ചുകളഞ്ഞതായി നാം വായിക്കുന്നു. രണ്ടാമത് അത് വീണ്ടും എഴുതിക്കൊടുത്തത് ആരാണ്? മോശെ പർവ്വതത്തിൽനിന്നും കല്പലകകളുമായി ഇറങ്ങിവരുകയും ജനം സ്വർണ്ണ കാളക്കുട്ടിയെ ആരാധിക്കുന്നത് കണ്ട് ഉണ്ടായ നീതിപൂർവ്വമായ കോപത്താൽ ആദ്യത്തെ കല്പലകകൾ നിലത്തെറിഞ്ഞ് ഉടച്ചുകളകയും ചെയ്യുന്ന പ്രസക്തമായ ഭാഗം ഒരു പക്ഷെ നിങ്ങൾക്ക് പരിചിതമായിരിക്കും (പുറ. 32:19). എന്നാൽ ഇതിനുശേഷവും തന്റെ കല്പനകളെ കല്ലുകളിൽ രേഖപ്പെടുത്തുവാൻ ദൈവം മനുഷ്യനോടാവശ്യപ്പെട്ടില്ല എന്നത് നിങ്ങൾക്ക് അറിയാമോ? അതെ, രണ്ടാം പ്രാവശ്യവും ദൈവംതന്നെയാണ് അതു വീണ്ടും തന്റെ സ്വന്തം വിരലുകൾകൊണ്ട് എഴുതിക്കൊടുക്കുന്നത് (പുറ. 34:1).

പത്തു കല്പനകളെക്കുറിച്ചുള്ള തന്റെ രണ്ടാമത്തെ അനുസ്മരണം മോശെ വർണ്ണിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: "അക്കാലത്ത് യഹോവ എന്നോട്; നീ മുമ്പിലത്തേവപോലെ രണ്ടു കല്പലക വെട്ടിയെടുത്ത് എന്റെയടുക്കൽ പർവ്വതത്തിൽ കയറിവരുക.



മരംകൊണ്ട് ഒരു പെട്ടകവും ഉണ്ടാക്കുക. നീ ഉടച്ചുകളഞ്ഞ മുമ്പിലത്തെ പലകകളിൽ ഉണ്ടായിരുന്ന വചനങ്ങൾ ഞാൻ ആ പലകകളിൽ എഴുതും. നീ അവയെ പെട്ടകത്തിൽ വയ്ക്കേണം എന്ന് കല്പിച്ചു. അങ്ങനെ ഞാൻ ഖദിരമരംകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കി മുമ്പിലത്തേവപോലെ രണ്ടു കല്പലക വെട്ടിയെടുത്ത് കയ്യിൽ ആ പലകയുമായി പർവ്വതത്തിൽ കയറി.... പത്തു കല്പനയും യഹോവ മുമ്പിലത്തെ എഴുത്തുപോലെ പലകകളിൽ എഴുതി.... എന്റെ പക്കൽ തന്നു" (ആവ. 10:1–4).

ദൈവം രണ്ടാമതും തന്റെ കല്പനകൾ സ്വന്തം വിരലുകൾകൊണ്ടെഴുതുകയും അവയെ പെട്ടകത്തിന്റെ ഉള്ളിൽ വയ്ക്കാൻ മോശെയോട് ആവശ്യപ്പെടുകയും ചെയ്തു. "അവൻ സാക്ഷ്യം എടുത്തു പെട്ടകത്തിൽ വെച്ചു. പെട്ടകത്തിന് തണ്ടു ചെലുത്തി, പെട്ടകത്തിന്നു മീതെ കൃപാസനം വച്ചു" (പുറ. 40:20). പത്തു കല്പനകൾ പെട്ടകത്തിന്റെ അകത്ത് ആക്കി സമാഗമന കൂടാരത്തിന്റെ അതിപരിശുദ്ധ സ്ഥലത്ത് വച്ചു. എന്തുകൊണ്ട് ഇങ്ങനെ ചെയ്തു എന്ന് താങ്കൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

പെട്ടകം ദൈവിക അധികാരത്തിന്റെ സിംഹാസനത്തെ പ്രതിനിധീകരിക്കുന്നു. ദൈവത്തിന്റെ പത്തു കല്പനകൾ സ്ഥിരമായി പെട്ടകത്തിനകത്ത് സൂക്ഷിക്കുവാൻ ദൈവം മോശെയോടാവശ്യപ്പെട്ടു (ആവ. 10:2). പെട്ടകമാകുന്ന ന്യായാസനത്തിൽനിന്ന് തന്റെ ഭരണത്തെ അവൻ തന്റെ നീതിയുടെ അനുലിഖിതങ്ങളായ കല്പനകളിൻമേൽ അടിസ്ഥാനപ്പെടുത്തി. "യഹോവ തന്റെ നീതി നിമിത്തം ഉപദേശത്തെ ശ്രേഷ്ഠമാക്കി മഹത്വീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നു" (യെശയ്യാ. 42:21).

നമുക്ക് ഒരു നിമിഷം തിരിഞ്ഞുനോക്കാം :

- ദൈവം തന്റെ കൽപനകളെ പ്രസ്താവിക്കുമ്പോൾ അവ സമ്പൂർണ്ണമായിരുന്നു. അവൻ അതിനോട് ഒന്നും കൂട്ടിച്ചേർത്തില്ല.
- കല്പനകൾ കല്ലിൽ ആലേഖനം ചെയ്തു. 'സാക്ഷ്യത്തിന്റെ കൽപലകകൾ' എന്നു വിളിച്ചു.

- ♦ രണ്ടു പ്രാവശ്യവും പത്തു കല്പനകൾ എഴുതപ്പെട്ടത് ദൈവത്തിന്റെ സ്വന്തം വിരലുകൾകൊണ്ടാണ്.
- ♦ അവയെ പെട്ടകത്തിന്റെ ഉള്ളിൽ വച്ചു.

## ന്യായപ്രമാണപുസ്തകം അഥവാ മോശെയുടെ ന്യായപ്രമാണം

ഇനി നമുക്ക് മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ച ചുരുക്കമായി വിശകലനം ചെയ്യാം. ചുരുങ്ങിയ സമയംകൊണ്ട് ദൈവത്തിന്റെ വീക്ഷണത്തിൽ പഴയ ഉടമ്പടിയെക്കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും എന്നതിൽ നിങ്ങൾ സന്തോഷിക്കും എന്ന് ഞാൻ കരുതുന്നു.

ദൈവജനമായ യിസ്രായേലിൽകൂടെ പാപത്തിന്റെ കെട്ടുകളിൽ നിന്നും ഈ ലോകത്തെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ പ്രതിബദ്ധതയുടെ പ്രകടനമായിരുന്നു പഴയ ഉടമ്പടി. അതിന്റെ വ്യവസ്ഥകൾ മോശെ ഒരു പുസ്തകത്തിൽ എഴുതിവച്ചു. ചില സ്ഥലങ്ങളിൽ നിയമപുസ്തകം എന്നും വിളിച്ചിരിക്കുന്നു. പുറപ്പാട് പുസ്തകത്തിൽ സീനായ് പർവ്വതസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് താഴെപ്പറയുന്ന ക്രമത്തിലാണ്.

1. ദൈവം സകല ജനത്തോടും തന്റെ പത്ത് കല്പനകൾ പ്രസ്താവിക്കുന്നു (20:1-7).
2. ജനം മോശെയെ ദൈവത്തിനും അവർക്കും മദ്ധ്യേ ഇടനിലക്കാരനാക്കുന്നു (20:18,19).
3. ദൈവം മോശെയോട് യിസ്രായേലിനോടുള്ള തന്റെ പ്രത്യേക ഉടമ്പടിയെക്കുറിച്ച് സംസാരിക്കുന്നു (20:22,23,33).
4. മോശെ ഉടമ്പടിയും അത് ലംഘിച്ചാലുണ്ടാകുന്ന ന്യായവിധിയും ജനത്തോട് വിവരിക്കുന്നു (24:3)
5. മോശെ ഉടമ്പടി പുസ്തകം എഴുതുന്നു. യാഗപീഠം ഉണ്ടാക്കി യാഗരക്തത്താൽ ഉടമ്പടിയെ ഉറപ്പിക്കുന്നു (24:4-8).
6. നാൽപത് രാവും നാൽപത് പകലും മോശെ പർവ്വതത്തിൽ കഴിയുന്നു (24:12-18).
7. ദൈവം പത്തു കൽപനകൾ കല്ലിൽ എഴുതി മോശെയെ ഏൽപിക്കുന്നു (24:12-18).



8. കൽപലകകൾ രണ്ടും മോശെ എറിഞ്ഞുടക്കുന്നു (32:19).
9. ദൈവം വീണ്ടും അവയെ പഴയതുപോലെ സ്വന്തം വിരലുകൊണ്ടെഴുതി മോശെക്ക് കൊടുക്കുന്നു (34:1).

ദൈവം തന്റെ പത്തു കല്പനകളാകുന്ന ന്യായപ്രമാണത്തെ ജനത്തോട് പ്രസ്താവിച്ചശേഷം മോശെ മാത്രം ദൈവത്തിന്റെ അടുത്തേക്ക് പോയി. യിസ്രായേൽ അനുസരിക്കേണ്ട ആഭ്യന്തര നിയമങ്ങളും മതപരമായ കർമ്മങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ദൈവം അവന് കൊടുത്തു. ഈ കൂടിക്കാഴ്ചക്കുശേഷം മടങ്ങിവന്ന മോശെ ഈ പ്രത്യേക ഉടമ്പടിയുടെ വ്യവസ്ഥകളും നിബന്ധനകളും ജനത്തിന് പറഞ്ഞുകൊടുക്കുകയും ദൈവം പറഞ്ഞതൊക്കെയും തങ്ങൾ പാലിച്ചുകൊള്ളാം എന്ന് ജനം മോശെക്ക് വാക്കുകൊടുക്കുകയും ചെയ്തു.

ഇവിടുത്തെ വൈരുദ്ധ്യം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. കൽപലകകളിൽ എഴുതുന്നതിനുമുൻപ് ദൈവമാണ് പത്തു കൽപനകൾ ജനത്തോട് പ്രസ്താവിച്ചത്. എന്നാൽ ദൈവവും യിസ്രായേലും തമ്മിലുള്ള പ്രത്യേക ഉടമ്പടിയുടെ വ്യവസ്ഥകൾ രാജ്യത്തോട് പ്രസ്താവിക്കുമ്പോൾ ദൈവത്തിനും ജനത്തിനും ഇടയിൽ മദ്ധ്യസ്ഥനായി നില്ക്കുന്നത് മോശെയാണ്. അതിനുശേഷം ദൈവം ജനത്തോട് പ്രസ്താവിച്ച എല്ലാക്കാര്യങ്ങളും മോശെ 'നിയമപുസ്തക'ത്തിൽ എഴുതുകയും ഒരു യാഗപീഠം പണിയുകയും ചെയ്തതായി പുറപ്പാട് 24-ൽ നാം വായിക്കുന്നു. ഈ ഉടമ്പടിയെ രക്തംകൊണ്ട് ഉറപ്പിക്കുന്നതിനുമുൻപ് പുസ്തകത്തിൽ എഴുതിയ കാര്യങ്ങൾ അവൻ ജനത്തെ വായിച്ചു കേൾപ്പിച്ചു. ജനം വീണ്ടും അതിലെ വ്യവസ്ഥകളെ അംഗീകരിക്കുകയും അതിനോടുള്ള തങ്ങളുടെ അനുസരണത്തെ പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ മോശെ, താൻ എഴുതിയ പുസ്തകത്തിൻമേലും ജനത്തിൻമേലും രക്തം തളിച്ചു (എബ്രാ. 9:19; പുറ. 24:8). അതിനുശേഷം, "ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്നു പറഞ്ഞു" (പുറ. 24:7-8).

"മോശെ ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ മുഴുവനും ഒരു പുസ്തകത്തിൽ എഴുതിത്തീർന്നപ്പോൾ യഹോവയുടെ നിയമപെട്ടകം ചുമക്കുന്ന ലേവ്യരോട് കല്പിച്ചത് എന്തെന്നാൽ; ഈ

ന്യായപ്രമാണപുസ്തകം എടുത്ത് നിങ്ങളുടെ ദൈവമായ യഹോവയുടെ നിയമപെട്ടകത്തിനരികെ വയ്പിൻ. അവിടെ അത് നിന്റെ നേരെ സാക്ഷിയായിരിക്കും" (ആവ. 31:24-26). ഈ പ്രത്യേക ഉടമ്പടിയിലെ നിയമ വ്യവസ്ഥകൾ മോശെ തന്റെ സ്വന്തം കയ്യക്ഷരത്തിൽ നിയമപുസ്തകത്തിൽ എഴുതിവെച്ചു. ദൈവം യിസ്രായേലുമായി ഉണ്ടാക്കിയ 'രക്തത്തിന്റെ ഉടമ്പടി'യെ ഒരു മൃഗയാഗം ഉറപ്പുള്ളതാക്കി. ഈ നിയമപുസ്തകത്തെ അഥവാ കയ്യെഴുത്തിനെ പെട്ടകത്തിന്റെ ഒരു വശത്ത് ഒരു താൽക്കാലിക സ്ഥലത്ത് വയ്ക്കുകയും അത് ജനങ്ങൾക്ക് എതിരായ ഒരു സാക്ഷ്യമായി അവിടെ നിലനില്ക്കുകയും ചെയ്തു.

മൽസരികളായ ഈ ജനത്തിന് എതിരായി എന്തുകൊണ്ടാണ് മോശെയുടെ ഈ ന്യായപ്രമാണം നിലകൊണ്ടത്? സത്യദൈവത്തെ ത്യജിച്ച് അന്യദേവന്മാരെ സേവിപ്പാനായി പോകുന്നവർക്കുള്ള ഒരു മുന്നറിയിപ്പായാണ് ഈ ചോദ്യത്തിനുള്ള ഗൗരവകരമായ ഉത്തരത്തെ ദൈവവചനം വെളിപ്പെടുത്തുന്നത്. "ഈ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിലെ സകല ശാപങ്ങൾക്കും തക്കവണ്ണം യഹോവ യിസ്രായേലിന്റെ സകല ഗോത്രങ്ങളിൽനിന്നും അവനെ ദോഷത്തിനായി വേർതിരിക്കും. നിങ്ങളുടെ ശേഷം ഉണ്ടാകുന്ന തലമുറയായ നിങ്ങളുടെ മക്കളും ദൂരദേശത്തുനിന്നു വരുന്ന അന്യനും ദേശത്തിലെ ബാധകളും യഹോവ അവിടെ വരുത്തിയ രോഗങ്ങളും.... (ആവ. 29:20,21).

വിശ്വസ്തരായവർക്കുള്ള അനുഗ്രഹവും നിയമപുസ്തകത്തിലെ നിബന്ധനകളെ അനുസരിക്കാത്തവർക്കുള്ള ശാപവും ഈ പുസ്തകത്തിൽ ഉൾപ്പെട്ടിരുന്നു (പുറ. 34:10; ആവ. 28:1-14). പാപം വേദനയും നാശവും ഉളവാക്കുന്നു എന്നത് സർവ്വസ്നേഹിയായ ദൈവം അറിയുന്നു. നിയമപുസ്തകത്തിലെ ശാപങ്ങൾ പാപത്തിനെതിരെയുള്ള പ്രതിരോധം ആയിരിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശം. യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായി വന്നപ്പോൾ അവരുടെ നന്മക്കും നേട്ടത്തിനുംവേണ്ടിയാണ് അവൻ അവർക്ക് കല്പനകളെ നല്കിയത്. "യിസ്രായേലിന്റെ പരിശുദ്ധനും നിന്റെ വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കുകയും



നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ. അയ്യോ, നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു. എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു" (യെശ. 48:17,18).

ദൈവിക ശിക്ഷണം പാപത്തിന്റെ അപകടത്തിൽനിന്നും തന്റെ മക്കളെ സംരക്ഷിക്കുന്നതിനായി സ്നേഹമുള്ള ഹൃദയത്തിൽനിന്നും പ്രവഹിക്കുന്നവയാണ്. ദുഷ്ടന്റെ മരണത്തിൽ സന്തോഷിക്കുന്നവനല്ല നമ്മുടെ ദൈവം (യെഹെ. 33:11). "നിന്റെ ദൈവമായ യഹോവ നിന്നെ വഴിനടത്തിയപ്പോൾ അവനെ ഉപേക്ഷിക്കകൊണ്ടല്ലയോ നീ ഇതു സമ്പാദിച്ചത്? നിന്റെ ദുഷ്ടത തന്നെ നിനക്കു ശിക്ഷയും നിന്റെ വിശ്വാസത്യാഗങ്ങൾ നിനക്കു ദണ്ഡനവുമാകും" (യിരെമ്യാ. 2:17-19).

പാപികളുടെ മരണം അവരുടെ തിരഞ്ഞെടുപ്പിന്റെ പ്രത്യക്ഷമായ പരിണിതഫലമാണ്. പഴയ ഉടമ്പടിക്കുള്ളിൽ ജീവിച്ച മനുഷ്യരോട് ദൈവത്തിനുള്ള ക്ഷമയും നന്മയും തിരുവചനത്തിൽ വളരെ വ്യക്തമാണ്. യിസ്രായേലിനെ ഒരു ജാതി എന്ന നിലയിൽ രക്ഷിക്കുവാനുള്ള പാഠങ്ങൾ പഠിപ്പിക്കുവാൻ ഉതകുന്നവയായിരുന്നു ദൈവം അവരുമായി ഉണ്ടാക്കിയ ഉടമ്പടി. നിർഭാഗ്യവശാൽ യഹൂദാജനം നിയമപുസ്തകത്തെ സ്വയനീതീകരണത്തിനായി ഉപയോഗിക്കുവാൻ ശ്രമിക്കുകയും തന്മൂലം അതിന്റെ ദൈവിക ഉദ്ദേശത്തെ സ്വന്തം നാശത്തിനായി കോട്ടിക്കളകയും ചെയ്തു. നൂറ്റാണ്ടുകൾക്കുശേഷം പൗലൊസ് ഇതിനെക്കുറിച്ച് പറഞ്ഞത്, "ന്യായപ്രമാണത്താൽ നീതിവരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലോ" എന്നാണ് (ഗലാ. 2:21).

ദൈവിക വീക്ഷണത്തിൽ നീതീകരണം എന്നത് എക്കാലത്തും വിശ്വാസത്താൽ മാത്രം ഉള്ളതാണ്. അതെ, യഥാർത്ഥ ദൈവമക്കൾക്ക് അവർ പഴയ നിയമത്തിൻകീഴിലായിരുന്നാലും നീതീകരണം എന്നത് സ്വയപ്രയത്നത്താൽ ആർജ്ജിക്കാമായിരുന്നില്ല. "യഹോവ നമ്മുടെ നീതി" എന്നാണ് യിരെമ്യാ പ്രവാചകൻ പ്രസ്താവിക്കുന്നത് (23:6). ഹോശേയ 10:12 ലും നാം അതുതന്നെ കാണുന്നു. "നീതിയിൽ വിതപ്പിൻ; ദയക്കൊത്തവണ്ണം കൊയ്യുവിൻ;

നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിക്കേണ്ടതിന് അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലൊ".

ദൈവിക വിശുദ്ധിയുടെ മുൻപിൽ മനുഷ്യനു നല്കുവാൻ സാധിക്കുന്ന ഏറ്റവും വലിയ കാര്യം വെറും 'കറ പുരണ്ട തുണി' എന്നാണ് യെശയ്യാ. 64:6 ൽ കാണുന്നത്. "നിങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെയാകുന്നു".

യെശയ്യാവ് വീണ്ടും പറയുന്നു, "ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും. എന്റെ ഉള്ളം എന്റെ ഉള്ളത്തിൽ ഘോഷിച്ചുല്ലസിക്കും. മണവാളൻ തലപ്പാവ് അണിയുന്നതുപോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ച് നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു" (യെശ. 61:10).

യഥാർത്ഥ ദൈവകുഞ്ഞാടായ യേശുവിലേക്ക് വിരൽചൂണ്ടുന്ന യിസ്രായേല്യ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് മോശെയുടെ ന്യായപ്രമാണത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. ആയതിനാലാണ് അതിനെ ഒരു പരിമിതമായ കാലഘട്ടത്തിൽ മാത്രം പ്രാവർത്തികമാകുംവിധം കൂട്ടിച്ചേർക്കുകയും കർമ്മാചാര ന്യായപ്രമാണം എന്ന് വിശേഷിപ്പിക്കയും ചെയ്തുപോന്നത്. എബ്രായ ലേഖന കർത്താവ് അതിന്റെ ഉദ്ദേശത്തെ താഴെ വരുംപ്രകാരം വിവരിക്കുന്നു: "ആ കൂടാരം ഈ കാലത്തേക്ക് ഒരു സാദൃശ്യമത്രെ. അതിന് ഒത്തവണ്ണം ആരാധനക്കാരന് മനഃസാക്ഷിയിൽ പൂർണ്ണ സമാധാനം വരുത്തുവാൻ കഴിയാത്ത വഴിപാടും യാഗവും അർപ്പിച്ചുപോരുന്നു. അവ ഭക്ഷ്യങ്ങൾ, പാനീയങ്ങൾ, വിവിധ സ്നാനങ്ങൾ എന്നിവയോടുകൂടെ ഗുണീകരണ കാലത്തോളം ചുമത്തിയിരുന്ന ജഡിക നിയമങ്ങളത്രെ" (എബ്രാ, 9:9,10).

നവീകരണത്തിനും നവോത്ഥാനത്തിനുമായി വരുവാൻ പോകുന്ന ക്രിസ്തുവിന്റെ കാലഘട്ടത്തിനുവേണ്ടി ഒരുങ്ങുവാനുള്ള ഒരു പാഠപുസ്തകം മാത്രമായിരുന്നു മോശെയുടെ ന്യായപ്രമാണം എന്നു സാരം. യിസ്രായേലുമായി ദൈവം ഉണ്ടാക്കിയ ഒരു പ്രത്യേക കരാർ മാത്രമായിരുന്നു അത്. 'മോശെയുടെ എഴുത്തുകൾ' എന്ന് പഴയ ഉടമ്പടിയായ നിയമപുസ്തകത്തെ പൗലൊസ് വ്യക്തമായി



നിർവ്വചിച്ചിരിക്കുന്നു : "ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലൊ. അത് ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. മോശെയുടെ പുസ്തകം വായിക്കുമ്പോൾ മൂടുപടം ഇന്നേയോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു" (2 കൊരി. 3:14-16).

ന്യായപ്രമാണ പുസ്തകവും നിയമപുസ്തകവും ഒന്നുതന്നെയാണ്. വേദപുസ്തക കർത്താക്കൾ രണ്ടു വാക്കുകളും ഇടകലർത്തി ഉപയോഗിച്ചിട്ടുണ്ട്. 2 രാജാക്കന്മാർ 22:8-ൽ മഹാപുരോഹിതൻ "ന്യായപ്രമാണപുസ്തകം യഹോവയുടെ ആലയത്തിൽ കണ്ടെത്തിയിരിക്കുന്നു എന്ന് പറഞ്ഞു". യോശീയാ രാജാവ് ജനത്തെ കൂട്ടിവരുത്തി വായിക്കുന്നത് "നിയമപുസ്തക"ത്തിൽ നിന്നാണ്. "യഹോവയുടെ ആലയത്തിൽവച്ചു കിട്ടിയ നിയമപുസ്തകത്തിലെ വാക്യങ്ങളെല്ലാം അവർ കേൾക്കെ അവൻ വായിച്ചു" (2 രാജാ. 23:2). "അനന്തരം രാജാവ് സകല ജനത്തോടും : ഈ നിയമപുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരം നിങ്ങളുടെ ദൈവമായ യഹോവക്ക് പെസഹ ആചരിപ്പിൻ എന്ന് കല്പിച്ചു" (23:21). രണ്ട് ദിന വൃത്താന്തം 34:14, 15, 30 എന്നിവിടങ്ങളിലും ഇതേ കാര്യങ്ങൾ ആവർത്തിച്ചിരിക്കുന്നു. മോശെയുടെ എഴുത്തുകളിലായിരുന്നു പഴയ ഉടമ്പടി അഥവാ ന്യായപ്രമാണ പുസ്തകം ഉൾക്കൊണ്ടിരുന്നത്; ദൈവത്തിന്റെ പത്തു കൽപനകൾ അല്ല. എന്നാൽ പത്തു കല്പനകൾ പഴയ നിയമത്തിന്റെ പ്രധാനപ്പെട്ട ഭാഗമായിരുന്നു എന്നതിൽ സംശയമില്ല. യഹോവ പറഞ്ഞ 'സകല' വചനങ്ങളും മോശെ തന്റെ പുസ്തകത്തിൽ എഴുതി എന്നാണ് വചനം പറയുന്നത്. മോശെതന്നെ അത് ഉറപ്പാക്കിയിരിക്കുന്നത് ഇപ്രകാരമാണ്: "നിങ്ങൾ അനുസരിച്ച് നടക്കേണ്ടതിന് അവൻ നിങ്ങളോടു കൽപിച്ച തന്റെ നിയമമായ പത്തു കല്പന അവൻ നിങ്ങളെ അറിയിക്കുകയും രണ്ട് കല്പലകകളിൽ എഴുതുകയും ചെയ്തു. നിങ്ങൾ കൈവശമാക്കുവാൻ കടന്നുചെല്ലുന്ന ദേശത്ത് നിങ്ങൾ അനുസരിച്ച് നടക്കേണ്ടുന്നതിനുള്ള ചട്ടങ്ങളും വിധികളും നിങ്ങളെ ഉപദേശിക്കണമെന്ന് യഹോവ അക്കാലത്ത് എന്നോട് കല്പിച്ചു" (ആവ. 4:13,14). കൽപലകകളെ മോശെ 'നിയമത്തിന്റെ പലകകൾ' എന്നു വിളിച്ചിരിക്കുന്നു (ആവ. 9:11). ദൈവത്തിന്റെ പത്തു കൽപനകൾ അവന്റെ നിയമത്തിന്റെ ഹൃദയഭാഗമായിരു

ന്നു. മോശെയുടെ ന്യായപ്രമാണത്തെ നമുക്ക് താഴെ വരുംപ്രകാരം സംഗ്രഹിക്കാം.

- മോശെയുടെ സ്വന്തം കൈകൊണ്ട് എഴുതി
- അതിൽ പൗരനിയമങ്ങളും മതപരമായ ചട്ടങ്ങളും ഉൾക്കൊണ്ടിരുന്നു.
- തോൽചുരുളുകളിൽ എഴുതപ്പെട്ട അത് ന്യായപ്രമാണപുസ്തകം എന്നും നിയമപുസ്തകം എന്നും വിളിക്കപ്പെട്ടു.
- മോശെയുടെ ന്യായപ്രമാണത്തിലെ നിയമങ്ങളെ അനുസരിക്കാത്തവരുടെ മേലുള്ള ശാപങ്ങളും അതിൽ ഉണ്ടായിരുന്നു.
- യിസ്രായേലിനെതിരെ ഒരു സാക്ഷ്യമായി ഈ നിയമപുസ്തകം പെട്ടകത്തിന്റെ പുറത്ത് വച്ചു.
- മോശൈക ന്യായപ്രമാണം പ്രതീകാത്മകവും താൽക്കാലികവും ആയിരുന്നു.
- യിസ്രായേലുമായി യഹോവ ഉണ്ടാക്കിയ പഴയ നിയമ ഉടമ്പടി ആയിരുന്നു അത്.
- മോശെയുടെ നിയമപുസ്തകം ദൈവകൽപനകളായ പത്തു കൽപനകളെ അതിന്റെ കാതലായ ഭാഗമായി നിലനിർത്തി.

ദൈവകൽപനകളെക്കുറിച്ചും മോശൈക നിയമങ്ങളെക്കുറിച്ചും ശരിയായ അറിവ് നമുക്കിപ്പോൾ ലഭിച്ചുകഴിഞ്ഞു. 'ന്യായപ്രമാണം' എന്ന വാക്കിനെക്കുറിച്ച് പുതിയ നിയമം നടത്തുന്ന പരാമർശങ്ങളെ മനസ്സിലാക്കുവാൻ ആ അറിവ് നമ്മെ എങ്ങനെ സഹായിക്കും എന്ന് നോക്കാം. ഈ പഠനം അടുത്ത അദ്ധ്യായത്തിൽ നാം തുടരുമ്പോൾ പുതിയ നിയമത്തെക്കുറിച്ച് നമുക്ക് ലഭിക്കുവാൻ പോകുന്ന ഗ്രാഹ്യത്തെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രകാശിതമാക്കട്ടെ. ക്രൂശിൽ തറയ്ക്കപ്പെട്ടത് എന്താണെന്ന് സംശയാതീതമായി തിരുവെഴുത്തുകൾ നമുക്ക് തെളിയിച്ചുതരും! എന്നെപ്പോലെതന്നെ നിങ്ങളും അതിൽ സന്തോഷിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ദൈവം തന്റെ വചനത്തിൽകൂടെ നമ്മോട് സംസാരിക്കുന്നു എന്നത് തീർച്ചയായും സന്തോഷഹേതുവായ കാര്യമാണ്.



# 4. രണ്ട് ഉടമ്പടികൾ

പുതിയ നിയമത്തിലെ 'ന്യായപ്രമാണ' പരാമർശങ്ങൾ പലരെയും അന്ധാളിപ്പിക്കുന്നു. പൗലൊസിന്റെ ഭാഷ പലരെയും ആശയക്കുഴപ്പത്തിലാക്കുന്നുമുണ്ട്. ന്യായപ്രമാണത്തെക്കുറിച്ചുള്ള പൗലൊസിന്റെ എഴുത്തുകളെ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടായതിനാൽ പലരും തങ്ങളുടെ ചിന്താഗതികളെ പിൻതാങ്ങുന്നു എന്ന് തോന്നിക്കുന്ന ചില വാക്യങ്ങളെ മുറുകെ പിടിക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്നു.

നമ്മെ ഇനിയും ആ ഗണത്തിൽ പെടുത്താനാവില്ല. രണ്ട് ന്യായപ്രമാണങ്ങൾ തമ്മിലുള്ള വ്യത്യാസം ഗ്രഹിച്ചിരിക്കയാൽ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന 'ന്യായപ്രമാണ' പരാമർശങ്ങളെ അവയുടെ സന്ദർഭത്തിൽ നിന്നുകൊണ്ട് മനസ്സിലാക്കുവാൻ നമുക്കു കഴിയും. പഴയ ഉടമ്പടി (നിമയം) എന്നാൽ നിയമപുസ്തകത്തിൽ എഴുതപ്പെട്ട മോശെയുടെ ന്യായപ്രമാണം എന്നത് കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചുകഴിഞ്ഞു. പഴയ നിയമം എന്നാൽ പത്തു കൽപനകൾ മാത്രമായിരുന്നില്ല എന്ന് സംശയത്തിനിടയില്ലാതെ നാം ഗ്രഹിച്ചു. പത്തു കൽപനകളുടെ പ്രാധാന്യം അവ ദൈവിക ഉടമ്പടിയുടെ കാതലായ ഭാഗമായിരുന്നു എന്നതാണ്. പുതിയ നിയമത്തിലെന്നപോലെ പഴയ നിയമത്തിലും നീതീകരണം എന്നത് വിശ്വാസത്താൽ മാത്രമാണെന്നും പഴയനിയമഭാഗത്തുനിന്നും നാം കണ്ടു. തന്റെ മക്കൾക്ക് പാപത്തിന്റെ കെടുതികളിൽ നിന്നുള്ള രക്ഷാകവചം എന്നത് അനുസരണം മാത്രമാണെന്ന് ദൈവം കൽപിച്ചു.

ദൈവത്തിന്റെ പത്തു കൽപനകൾ സമ്പൂർണ്ണമാകയാൽ ദൈവം അതിനോട് യാതൊന്നും കൂട്ടിച്ചേർത്തില്ല എന്നതും നാം പഠിക്കുകയുണ്ടായി. മനുഷ്യവർഗ്ഗത്തിന്റെ സമാധാനത്തിനും നന്മ

യ്ക്കുമായിട്ടാണ് ദൈവം തന്റെ കരുണയാൽ തന്റെ കൽപനകളെ തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന് കൊടുത്തത്. നമ്മെ അവന്റെ പാതയിൽ നടത്തുക എന്നതായിരുന്നു അവന്റെ ഉദ്ദേശം (യെശ. 48:17,18).

രക്ഷ കൃപയിലും വിശ്വാസത്തിലും അധിഷ്ഠിതമാകയാൽ പുതിയ നിയമം അഥവാ പുതിയ ഉടമ്പടിയുടെ നിർവ്വചനത്തെ നാം പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ മഹനീയ ഉദ്ദേശത്തെ മനുഷ്യന്റെ നിർവ്വചനം കുറവുള്ളതും അപ്രധാനവും ആക്കിയോ?

ദൈവത്തിന്റെ കല്പനകൾ ശാശ്വതമായ തന്റെ പെട്ടകസിംഹാസനത്തിന്റെ ഉള്ളിൽ സ്ഥിരമായി വച്ചു എന്ന് നാം കണ്ടു. അത് ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞുവോ? അതോ, അത് പുതിയ നിയമത്തിന്റെ ഭാഗമായിരിക്കുന്നുവോ? സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം എന്നാൽ എന്ത്? വചനം ഈ ചോദ്യങ്ങൾക്ക് എന്ത് ഉത്തരം നല്കുന്നു?

## പുതിയ നിയമവും ന്യായപ്രമാണവും

ഭൗമീക കൂടാര ശുശ്രൂഷകളും പ്രത്യേക വാർഷിക ശബ്ബത്തുകളുമാണ് കർമ്മാചാരപരമായ മോശൈക ന്യായപ്രമാണത്തിൽ വിവരിച്ചിരിക്കുന്നത്. പൊരുളായ യേശുവിലേക്ക് വിരൽ ചൂണ്ടുന്ന നിഴലുകളായിരുന്നു ഈ ന്യായപ്രമാണത്തിൽ ഉൾക്കൊണ്ടിരുന്നവയെല്ലാം. "ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്ക് സൽഗുണ പൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല" (എബ്രാ. 10:1).

യേശുവിലേക്ക് വിരൽ ചൂണ്ടിയിരുന്ന ആചാരങ്ങൾ, ചട്ടങ്ങൾ, പെരുന്നാളുകൾ, യാഗങ്ങൾ എന്നിവയാണ് മോശെയുടെ ന്യായപ്രമാണത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ കർമ്മങ്ങളുടെ ന്യായപ്രമാണം അവസാനിച്ചു എന്ന് പൗലൊസ് ശക്തമായി പ്രസ്താവിക്കുന്നു: "അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു" (കൊലൊ. 2:13,14).

ദൈവത്തിന്റെ പത്തു കല്പനകളല്ല ക്രൂശിൽ തറച്ച് നടുവിൽനിന്ന് നീക്കിക്കളയപ്പെട്ടത്. മോശെയുടെ ന്യായപ്രമാണമായ 'കയ്യെഴുത്താണ്' നീക്കപ്പെട്ടത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക. പൗലൊസ് തുടർന്നും എഴുതുന്നു, "അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രെ" (കൊലൊ 2:16,17). യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ വെറും ഒരു നിഴൽ സൂചകമായിരുന്നു വാർഷിക ശബ്ബത്തുകൾ ഉൾപ്പെടെയുള്ള കർമ്മാചാരനിയമങ്ങൾ. ഈ ശബ്ബത്തുകളെ ഏഴാംദിന പ്രതിവാര ശബ്ബത്തായി തെറ്റിദ്ധരിക്കപ്പെടരുത്. തന്റെ വരവിനുവേണ്ടി ജനത്തെ ഒരുക്കുക എന്നതായിരുന്നു മോശെയുടെ ന്യായപ്രമാണത്തിന്റെ ഉദ്ദേശം എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു: "ഇതാകുന്നു നിങ്ങളോടുകൂടെയിരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകേണം എന്നുള്ളതുതന്നെ" (ലൂക്കൊ. 24:44).

ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം - ലക്ഷ്യം - എന്ന് പൗലൊസ് റോമർ 10:4,5 വാക്യങ്ങളിൽ പറയുന്നു. "വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു. ന്യായപ്രമാണത്താലുള്ള നീതി സംബന്ധിച്ചു, 'അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും എന്ന് മോശെ എഴുതിയിരിക്കുന്നുവല്ലൊ".

ഏത് ന്യായപ്രമാണത്തെക്കുറിച്ചാണ് പൗലൊസ് പറയുന്നത് എന്ന് ശ്രദ്ധയോടെ വായിക്കുക. മുൻ ഉദ്ധരിച്ച തിരുവെഴുത്തുകളിൽ മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചാണ് താൻ പറയുന്നത് എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. നിയമ പുസ്തകത്തെക്കുറിച്ച് മോശെയുടെ എഴുത്തുകളിൽ നിന്ന് ദൈവം പറഞ്ഞി

രിക്കുന്നത് താഴെ വരുംപ്രകാരം ഉദ്ധരിക്കുകയും ചെയ്യുന്നു. "ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കേണം. അവയെ ചെയ്യുന്നവൻ അവയാൽ ജീവിക്കും. ഞാൻ യഹോവ ആകുന്നു" (ലേവ്യ. 18:5).

റോമർ 10:4,5 ൽ പൗലൊസ് എന്താണ് പറയുന്നത് എന്ന് നിങ്ങൾക്ക് ബോധ്യമാകുന്നുണ്ട് എന്ന് ഞാൻ കരുതട്ടെ. ലോകത്തെ പാപത്തിൽനിന്നും വിടുവിപ്പാനുള്ള ദൈവത്തിന്റെ പ്രതിബദ്ധതയെ പ്രകടിപ്പിക്കുന്ന മോശൈക ന്യായപ്രമാണത്തിന്റെ പരിസമാപ്തി ആയിരുന്നു ക്രിസ്തു. ദൈവവുമായുള്ള നമ്മുടെ പുതിയ നിയമം യേശുക്രിസ്തുവാണ്. മശീഹയെ സംബന്ധിക്കുന്ന ഒരു പ്രവചനത്തിൽ ദൈവം ഇപ്രകാരം പറയുന്നു: "കുരുട്ടു കണ്ണുകളെ തുറപ്പാനും.... വിടുവിപ്പാനും യഹോവയായ ഞാൻ നിന്നെ നീതിയോടെ വിളിച്ചിരിക്കുന്നു. ഞാൻ നിന്റെ കൈപിടിച്ച് നിന്നെ കാക്കും. നിന്നെ ജനത്തിന്റെ നിയമവും ജാതികളുടെ പ്രകാശവും ആക്കും" (യെശയ്യാ. 42:6,7).

യേശുവിൽ നാം ആഘോഷിക്കുന്ന പുതിയ ഉടമ്പടിയിൽ പത്തു കല്പനകൾ ഉൾപ്പെട്ടിരിക്കുന്നു എന്നതിൽ സംശയമില്ല. ദൈവം പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ യിസ്രായേൽ ഗ്രഹത്തോടും യഹൂദാ ഗ്രഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട്.... ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും" (യിരെമ്യാ. 31:31-33). പഴയതും പുതിയതുമായ ഉടമ്പടികളുടെ അകക്കാമ്പാണ് ദൈവത്തിന്റെ പത്തു കൽപനകൾ. അവ പുതിയ ഉടമ്പടിയുടെ ഭാഗമാണെന്ന് പൗലൊസ് വ്യക്തമായി പഠിപ്പിച്ചു. പരിച്ഛേദനയെക്കുറിച്ച് പ്രതിപാദിക്കുന്ന മോശെയുടെ ന്യായപ്രമാണത്തെയും ദൈവത്തിന്റെ പത്തു കല്പനാന്യായപ്രമാണത്തെയും ഒന്നിച്ച് താരതമ്യം ചെയ്യുന്നത് നോക്കുക: "പരിച്ഛേദന ഒന്നുമില്ല. അഗ്രചർമ്മവും ഒന്നുമില്ല. ദൈവകൽപന പ്രമാണിക്കുന്നതത്രെ കാര്യം" (1. കൊരി. 7:19). പുതിയ ഉടമ്പടിയെ സംബന്ധിക്കുന്ന ചില വസ്തുതകൾ താഴെ എടുത്തു പറയുന്നു:



1. നമ്മുടെ പുതിയ ഉടമ്പടി ക്രിസ്തു ആകുന്നു (യെശ. 42:6,7). പാപത്തിൽനിന്നും ലോകത്തെ വിടുവിക്കുന്നതിനായി പഴയ ഉടമ്പടി എപ്രകാരം ദൈവത്തിന്റെ പ്രതിബദ്ധതയെ സൂചകങ്ങളിൽകൂടെയും ആചാരങ്ങളിൽകൂടെയും പ്രകടിപ്പിച്ചുവോ, അപ്രകാരംതന്നെ പുതിയ ഉടമ്പടിയും ക്രിസ്തുവിൽ കൂടിയുള്ള ദൈവിക പ്രതിജ്ഞാബദ്ധതയെ പ്രകടമാക്കുന്നു. ഈ സൂചകങ്ങൾ - നിഴലുകൾ, ക്രിസ്തുവാകുന്ന പൊരുളിൽ നിറവേറപ്പെടുന്നു. "മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരണം വരുവാൻ കഴിയാത്ത സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതീകരിക്കപ്പെടുന്നു എന്ന് നിങ്ങൾ അറിഞ്ഞുകൊൾവിൻ" (അപ്പൊ. 13:39).
2. തന്നെത്താൻ താഴ്ത്തി വേഷത്തിൽ മനുഷ്യനായി ക്രിസ്തു ഭൂമിയിലേക്ക് വന്നു (ഫിലി. 2:5-8). ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ അയച്ചു (റോമർ 8:3). പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി (2 കൊരി. 5:21). എല്ലാക്കാര്യത്തിലും ക്രിസ്തു നമുക്ക് തുല്യനായിരുന്നു. സാത്താന്റെ പ്രവൃത്തികളെ നശിപ്പിപ്പാൻ അവൻ നമ്മുടെ മനുഷ്യത്വത്തെ പങ്കുവെച്ചു (എബ്രാ. 2:14,17). നാം പരീക്ഷിക്കപ്പെടുമ്പോൾ നമ്മെ സഹായിക്കേണ്ടതിന് സ്വയം പരീക്ഷിക്കപ്പെട്ടപ്പോൾ അവൻ കഷ്ടത അനുഭവിച്ചു (എബ്രാ. 2:18).
3. മാനുഷിക പ്രകൃതം ഉണ്ടായിരുന്നെങ്കിലും ക്രിസ്തു പാപരഹിതനായിരുന്നു. അതിനാലാണ് നമ്മുടെ പാപങ്ങളെ വഹിക്കുവാൻ അവന്റെ ജീവന് സാധിക്കുന്നത് (1 യോഹ. 3:5). ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ പ്രഖ്യാപിക്കുവാൻവേണ്ടി അഭക്തർക്കുവേണ്ടി മരിച്ച നിർദ്ദോഷിയും നിഷ്കളങ്കയുമായ ദൈവകുഞ്ഞാടായിരുന്നു അവൻ (റോമർ 5:6,8) നമ്മുടെ പഴയ പാപ സ്വഭാവം അവനോടുകൂടെ ക്രൂശിക്കപ്പെട്ടു. ക്രൂശിൽ തറച്ച് നീക്കപ്പെട്ടു. ആകയാൽ ക്രിസ്തുവിൽ ജീവിക്കുന്നവർക്ക് ഇനിമേലാൽ പാപത്തിന്റെ അടിമത്വത്തിൽ കഴിയേണ്ട ആവശ്യമില്ല (റോമർ. 6:6).

4. സകല മനുഷ്യരും പാപിയായ ആദാമിന്റെ സ്വഭാവത്തോടു കൂടിയാണ് ജനിക്കുന്നത്. എന്നാൽ യേശുക്രിസ്തു അവർക്ക് പുതിയ പ്രകൃതം വാഗ്ദാനം ചെയ്യുന്നു (1 കൊരി. 15:45). ശക്തീകരിക്കുന്ന അവന്റെ ജീവൻ നമ്മിൽ ഉള്ളതിനാൽ വീണ്ടും ജനനം പ്രാപിച്ച നമുക്ക് അവന്റെ നീതിയുള്ള കാല ടികളെ പിൻതുടരുവാൻ ശിഷ്യന്മാർ എന്ന നിലയിൽ സാധിക്കും (സങ്കീ. 85:13; 1 യോഹ. 2:6). പിതാവിന്റെ ഇഷ്ട ത്തിലേക്ക് സ്നേഹമുള്ള ആജ്ഞാനുവർത്തികളായി നമുക്ക് നടക്കാം.

5. പത്തു കൽപനകൾ പുതിയ ഉടമ്പടിയുടെ കാതലാണ് (എബ്രാ. 8:8,10; യിരെമ്യാ. 31:31–33). യഥാർത്ഥത്തിൽ അവ മഹത്തായ പത്ത് വാഗ്ദത്തങ്ങളാണ്. നമ്മിൽ വാസംചെയ്യുന്ന ക്രിസ്തുവിനാൽ മനുഷ്യരോടും ദൈവത്തോടുമുള്ള നമ്മുടെ സ്നേഹത്തെ പ്രകടമാക്കുവാൻ അവൻ നമ്മെ ശക്തീകരി ക്കും. അവന്റെ വഴികളെ ആഗ്രഹിപ്പാനും അവന്റെ ഇഷ്ടപ്ര കാരം ജീവിപ്പാനും ദൈവം നമ്മെ സഹായിക്കും.

മോശെയുടെയും ക്രിസ്തുവിന്റെയും കാലഘട്ടങ്ങൾ തമ്മി ലുള്ള വ്യത്യാസം ദൈവകൽപനകളുടെ നീക്കത്തിൽ എത്തിച്ചേ രുന്നില്ല. രക്ഷയിലേക്കുള്ള മാർഗ്ഗത്തിന്റെ വ്യത്യാസമാണ് അവി ടെയുള്ളത്. വരുവാനിരുന്ന മശീഹയുടെ വേലയെ പ്രതിനിധീക രിക്കുന്ന ചില താൽക്കാലിക പ്രതീകാത്മക ക്രിയകൾ മാത്രമായി രുന്നു മോശെയുടെ ന്യായപ്രമാണം. കർമ്മാചാരപരമായ ആ ന്യായ പ്രമാണകാലത്ത് പാപത്തിന് പ്രായശ്ചിത്തമാകുവാനായി പാപി ഒരു നിഷ്കളങ്കമായ ആടിനെ യാഗം കഴിച്ചു. പാപം ഈ യാഗമൃ ഗത്തിലേക്ക് പ്രതീകാത്മകമായി മാറ്റപ്പെട്ടു. നമ്മുടെ പാപങ്ങൾക്ക് ആവശ്യമായിരുന്ന മരണശിക്ഷക്കുപകരം നില്ക്കുന്ന ക്രിസ്തുവി നെയാണ് ഓരോ യാഗമൃഗവും ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നത് "ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). യേശുക്രിസ്തു ദൈവത്തിന്റെ കളങ്കമി ല്ലാത്ത കുഞ്ഞാടായിരുന്നു. അവൻ നിനക്കും എനിക്കുംവേണ്ടി യാഗമായിത്തീർന്നു. ക്രൂരമായ കാൽവരി കുരിശിൽ നമുക്കു ലഭി



ക്കേണ്ടിയിരുന്ന മരണശിക്ഷ – രണ്ടാം മരണം – ദൈവം നമ്മിൽ നിന്നും തന്റെ പ്രിയ പുത്രനിലേക്കു മാറ്റി.

ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച നമ്മുടെ സകല പാപങ്ങളെയും മറക്കുവാൻ ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തി മതിയായതാണ്. പഴയ നിയമ കാലത്തെ പുരോഹിതന്മാരെപ്പോലെ തുടരെത്തുടരെ യാഗം ചെയ്യേണ്ട കാര്യം ക്രിസ്തുവിനില്ല. തന്നെത്താൻ ഏൽപിച്ചുകൊടുക്കയിൽ "ഒരിക്കൽ" അവൻ യാഗമായിത്തീർന്നു എന്ന് വചനം പറയുന്നു (എബ്രാ. 7:27). "യേശു പിന്നെയും ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു. അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി" (മത്താ. 27:50,51).

മോശെയുടെ നിയമത്തിൽ പറഞ്ഞിരിക്കുന്ന ദൈവാലയ ശുശ്രൂഷകൾ ക്രൂശീകരണത്തോടെ ദൈവം അവസാനിപ്പിച്ചു. ആ ദിവസത്തിൽ അതിപരിശുദ്ധ സ്ഥലത്തേക്കുള്ള കവാടത്തെ മറച്ചി രുന്ന തിരശ്ശീല ദൈവം രണ്ടായി കീറുകയും തന്റെ മകന്റെ യാഗ ത്തിലൂടെ ദൈവിക കരുണയുടെ ഇരിപ്പിടത്തിലേക്ക് നേരിട്ട് കട ന്നുചെല്ലുവാനുള്ള അനുമതി നമുക്ക് തരുകയും ചെയ്തു. ക്രിസ്തു വിന്റെ ക്രൂശുമരണത്തിനുമുൻപ് മഹാപുരോഹിതനുമാത്രം, അതും വർഷത്തിൽ ഒരിക്കൽ – കടന്നുചെല്ലാമായിരുന്ന അതിപരിശുദ്ധ സ്ഥലം. തിരശ്ശീല ഇല്ലാതായതോടെ പ്രതിരൂപമായി നിലനിന്നിരുന്ന ആചാരങ്ങൾ അവയുടെ പൊരുളായ ക്രിസ്തുവിനെ കണ്ടെത്തി യതായി ദൈവം യുക്തിക്കനുസരണമായിത്തന്നെ വെളിപ്പെടുത്തി. ആയതിനാൽ ഇന്ന് പിതാവിലേക്കുള്ള പുതിയതും ജീവിക്കുന്ന തുമായ പാത യേശുക്രിസ്തു മാത്രം ആകുന്നു.

പഴയ നിയമം – ഉടമ്പടി – എന്നത് പത്തു കൽപനകൾ ഉൾപ്പെടെയുള്ള 'നിയമപുസ്തകം' ആയിരുന്നു. യേശുക്രിസ്തു വിൽ നിലനില്ക്കുന്ന പുതിയ നിയമത്തിലും പത്തു കൽപനകൾ ഉൾക്കൊള്ളുന്നു. ഈ വലിയ ഗ്രാഹ്യത്തോടുകൂടെ പത്തു കൽപ നകൾ ദൈവത്താൽ നീക്കപ്പെട്ടു എന്ന് വ്യാഖ്യാനിക്കുന്നതിനു വേണ്ടി അനേകരും ഉപയോഗിക്കുന്ന ഒരു വേദഭാഗത്തെ നമുക്ക് പരിശോധിക്കാം. ഗലാത്യർ 3:10–14 വരെയുള്ള വേദഭാഗമാണത്. നമുക്കു മനസ്സിലാക്കുവാൻ പറ്റുംവിധം ഭാഗം ഭാഗമായി അവലോ കനം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു.

▲ "എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു. ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ഒക്കെയും ചെയ്‌വാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലൊ". ഇതാണ് ഗലാത്യർ 3:10 ന്റെ സന്ദർഭം. മോശെയുടെ നിയമ പുസ്തകത്തെക്കുറിച്ചാണ് താൻ എഴുതുന്നത് എന്ന് പൗലൊസ് വ്യക്തമാക്കുന്നു. എന്നിട്ട് അദ്ദേഹം നിയമ പുസ്തകത്തിൽനിന്നും ഉദ്ധരിക്കുന്നു. "ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ പ്രമാണമാക്കി അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ" (ആവർ 27:26).

▲ "എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം" (ഗലാ. 3:11). ഇവിടെ പൗലൊസ് നിയമ പുസ്തകത്തെ ആധാരമാക്കിക്കൊണ്ടുതന്നെയുള്ള തന്റെ സംസാരം തുടരുന്നു. പൗലൊസ് മോശെയുടെ ന്യായപ്രമാണ പുസ്തകത്തെക്കുറിച്ചാണ് സംസാരിക്കുന്നതെങ്കിലും, വഴി തെറ്റിയ ചിലർ ഈ വേദഭാഗത്തെ പത്തു കൽപനകളുമായി ബന്ധപ്പെടുത്തുന്നു.

▲ 12 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ അവൻ തുടർന്നു പറയുന്നത്, "ന്യായപ്രമാണത്തിനോ വിശ്വാസമല്ല ആധാരമായിരിക്കുന്നത്, 'അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും' എന്നുണ്ടല്ലൊ. 'മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ' എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് നമ്മെ വിലയ്ക്കുവാങ്ങി. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻതന്നെ" (ഗലാത്യർ 3:12-14).

ന്യായപ്രമാണ ലംഘനത്തിൻമേലുള്ള ശാപങ്ങളൊക്കെയും മോശെയുടെ പുസ്തകമായ ന്യായപ്രമാണ പുസ്തകത്തിലാണ് രേഖപ്പെടുത്തിയിരുന്നത് എന്ന് നാം കണ്ടു. ആ ശാപങ്ങളിൽ



നിന്നാണ് ക്രിസ്തു നമ്മെ തന്റെ മരണത്താൽ വീണ്ടെടുത്തത്. ദൈവത്തിന്റെ പത്ത് കല്പനകളും മോശെയുടെ ന്യായപ്രമാണവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതോടെ പൗലൊസിന്റെ എഴുത്തുകൾ, മനസ്സിലാക്കുവാൻ സാധിക്കുംവിധം ലളിതമാണ് എന്ന് നമുക്ക് ഗ്രഹിക്കുവാൻ കഴിയും. രണ്ട് ന്യായപ്രമാണങ്ങളെയും കുറിക്കുന്ന അല്പം ചരിത്ര പരിജ്ഞാനവും വാക്യങ്ങളുടെ സന്ദർഭം പരിശോധിച്ച് അവയുടെ പ്രകൃതത്തെക്കുറിച്ചും ഉദ്ദേശത്തെക്കുറിച്ചും മനസ്സിലാക്കുകയും ചെയ്യുന്നതോടെ പൗലൊസ് എന്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത് എന്നും പ്രതിപാദനത്തിന്റെ ഉദ്ദേശം എന്താണെന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അതെ, തിരുവചനത്തെ ശരിയായി വിഭാഗിക്കുവാനും വ്യാഖ്യാനിപ്പാനും ദൈവകൃപയാൽ അങ്ങനെ നമുക്കും സാധിക്കും.

അതേ അദ്ധ്യായത്തിൽ അതേ സന്ദർഭത്തിൽ വിശ്വാസത്തിലും ദൈവകൃപയിലും മാത്രം അധിഷ്ഠിതമാണ് ദൈവത്തിന്റെ രക്ഷാപദ്ധതി എന്ന് പൗലൊസ് വിശദീകരിക്കുന്നു. മോശെയുടെ ന്യായപ്രമാണം ഉണ്ടാകേണ്ടിവന്നതെന്തുകൊണ്ടാണെന്നും അതിനുശേഷം പറഞ്ഞിരിക്കുന്നു. "ഞാൻ പറയുന്നതിന്റെ താൽപര്യമോ, നാനൂറ്റിമുപ്പത് ആണ്ടു കഴിഞ്ഞിട്ടുണ്ടായ ന്യായപ്രമാണം വാഗ്ദത്തത്തെ നീക്കുവാൻ തക്കവണ്ണം അത് ദൈവം മുൻഉറപ്പാക്കിയ നിയമത്തെ ദുർബ്ബലമാക്കുന്നില്ല. അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല വരുന്നത്. അബ്രഹാമിനോ ദൈവം അതിനെ വാഗ്ദത്തംമൂലം നൽകി. എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രെ" (ഗലാത്യർ 3:17-19).

ഗലാത്യർ 3:10-14 വരെയുള്ള ഭാഗങ്ങൾ നാം അവലോകനം ചെയ്തു കഴിഞ്ഞതിനാൽ 3:17-19 വരെയുള്ള ഭാഗത്ത് പൗലൊസ് വിശദീകരിക്കുന്നതും അതേ നിയമപുസ്തകമായ മോശൈക ന്യായപ്രമാണത്തെയാണെന്നത് നമുക്ക് ഉറപ്പായി കരുതുവാൻ കഴിയും. ദൈവത്തിനും യിസ്രായേലിനും ഇടയിൽ ഒരു മദ്ധ്യസ്ഥനായി നിന്നുകൊണ്ട് മോശെ നടപ്പിൽ വരുത്തിയ ഒരു താൽക്കാലിക ന്യായപ്രമാണമായിരുന്നു അത്. ദൈവം തന്റെ പത്തു കൽപനകൾ സകല

ജനത്തോടും പ്രസ്താവിക്കുമ്പോൾ അവരുടെയിടയിൽ ഒരു മദ്ധ്യസ്ഥനും ഉണ്ടായിരുന്നില്ല.

അബ്രഹാമിനോട് ദൈവം വാഗ്ദത്തം ചെയ്ത വിശ്വാസത്താലുള്ള രക്ഷയെ മോശെയുടെ ന്യായപ്രമാണം ഒരിക്കലും ഇല്ലാതാക്കിയില്ല. ദൈവിക ന്യായപ്രമാണത്തിന്റെ ലംഘനം മൂലമാണ് മോശെയുടെ ന്യായപ്രമാണം കൂട്ടിച്ചേർക്കപ്പെട്ടത്. കല്പനയില്ലാത്തിടത്ത് ലംഘനം ഇല്ല എന്നത് നാം പല ആവർത്തി ചർച്ച ചെയ്തുകഴിഞ്ഞതാണ്. ദൈവത്തിന്റെ പത്തു കല്പനകൾ മോശെയുടെ ന്യായപ്രമാണത്തിനു മുൻപുതന്നെ നിലനിന്നിരുന്നു എന്നതിനാൽ അവയുടെ ലംഘനം മൂലമാണ് വേറൊരു ന്യായപ്രമാണം ഉണ്ടാകേണ്ടിവന്നത് എന്ന അനുമാനം തികച്ചും ന്യായമാണ്. കൂട്ടിച്ചേർക്കപ്പെട്ടവയെല്ലാംതന്നെ യേശുക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു. ദൈവസന്തതിയായി യേശു നവീകരണത്തിന്റെ നാളുകൾ കൊണ്ടുവരുന്നതിനായി എത്തുന്നതുവരെ മാത്രം നിലനിൽക്കുവാൻ ഉദ്ദേശിച്ചിരുന്ന ഒരു താൽക്കാലിക, ജഡീക നിയമം ആയിരുന്നു അത് (എബ്രാ. 9:10).

സങ്കീ. 19:7-ൽ "ദൈവത്തിന്റെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു" എന്ന് നാം വായിക്കുന്നു. ദൈവത്തിന്റെ പത്തു കൽപനകളാകുന്ന ന്യായപ്രമാണമാണ് തികവുള്ളത്. മോശെയുടെ ന്യായപ്രമാണത്തിന് പ്രാണനെ തണുപ്പിക്കുവാൻ കഴിയില്ല. ദൈവത്തിന്റെ തികവുള്ള സ്നേഹത്തിന്റെ അനിഷേധ്യമായ പ്രകടനമായതിനാലാണ് അവന്റെ ന്യായപ്രമാണം തികവുള്ളതാകുന്നത്. തികവുള്ളതും പ്രാണനെ തണുപ്പിക്കുന്നതുമായ ന്യായപ്രമാണത്തെ ക്രൂശിൽ തറച്ച് നീക്കിക്കളയേണ്ട ആവശ്യം എന്താണ്?

## സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ന്യായപ്രമാണം

പത്തു കല്പനകൾ സ്നേഹത്തിന്റെ കൽപനകളാണ്. അവ ദൈവസ്വഭാവത്തിന്റെ അനുലിഖിതങ്ങളാണ്. "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നെ" (1 യോഹ. 4:8). തന്റെ ജനത്തോടുള്ള പൂർണ്ണമായ സ്നേഹത്തിന്റെ കലവറയില്ലാത്ത പ്രദർശനമാണ് പത്തു കല്പനകൾ. യേശുക്രിസ്തുവിന്റെ



സ്നേഹ സ്വഭാവവും ദൈവകൽപനകളിൽ പ്രകടമായിരിക്കുന്നു. സ്നേഹത്താലാണ് അവ ഉറപ്പിക്കപ്പെടുന്നത് എന്ന് നമ്മുടെ കർത്താവ് പറയുന്നു. "യേശു അവനോട്; നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. രണ്ടാമത്തേത് അതിനോട് സമം. കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം. ഈ രണ്ടു കൽപനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞു" (മത്താ. 22:37-40).

ആദ്യത്തെ നാലു കൽപനകൾ (പുറ. 20:2-11) മനുഷ്യന് ദൈവവുമായി എങ്ങനെ അടുത്തതും ഇഴുകിച്ചേർന്നതുമായ ബന്ധത്തെ വളർത്താം എന്ന് പറയുന്നു. പൂർണ്ണഹൃദയത്തോടും ആത്മാവോടും മനസ്സോടും ശക്തിയോടുംകൂടിയുള്ള ദൈവസ്നേഹം ശേഷിക്കുന്ന ആറ് കൽപനകൾ (പുറ. 20:12-17) നമ്മെപ്പോലെ എങ്ങനെ നമ്മുടെ അയൽക്കാരനെ സ്നേഹിക്കണം എന്ന് പഠിപ്പിക്കുന്നു.

യേശു പറയുന്നു, 'എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും'. "ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കൽപനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹ. 14:15; 15:10).

യേശു തന്റെ പിതാവിന്റെ കൽപനകൾ അനുസരിച്ചു. നാം അതു തന്നെ ചെയ്ത് നമുക്ക് അവനോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കണം എന്ന് അവൻ നമ്മോട് ആവശ്യപ്പെടുന്നു. സ്നേഹമാണ് പത്തു കൽപനകളുടെ നിവൃത്തി എന്ന് പൗലൊസ് പറയുന്നു (റോമർ 13:10). ദൈവകൽപനകളെ പൂർണ്ണതയിലെത്തിക്കുന്നത് സ്നേഹത്തിൽക്കൂടെയാണ് എന്നാണ് മൂലഭാഷയായ ഗ്രീക്കിൽ കാണുന്നത്. ദൈവത്തിന്റെ സ്നേഹമാകുന്ന ന്യായപ്രമാണത്തെ സഫലീകൃതമാക്കുവാൻ അഥവാ പ്രായോഗിക പഥത്തിലെത്തിക്കുവാൻ നമുക്കെങ്ങനെയാണ് സാധിക്കുക? നമ്മുടെ ശക്തിയാൽ അതിന് കഴിയില്ല. നാം നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ തുറക്കുകയും, തുറക്കപ്പെടുന്ന ഹൃദയങ്ങളിലേക്ക് പരിശുദ്ധാത്മ

ശക്തിയാൽ ദൈവം തന്റെ സ്നേഹത്തെ പകരുകയും ചെയ്യണം (റോമർ 5:5). അവന്റെ സ്നേഹം നമ്മിൽ പ്രവഹിക്കുന്നതിൽകൂടെ മാത്രമെ അന്യൂനമായ ദൈവകൽപനകൾ നമ്മിൽകൂടെ അവയുടെ പൂർണ്ണതയിൽ അഥവാ നിവർത്തീകരണത്തിൽ എത്തുകയുള്ളൂ.

"ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തു കൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" (വെളി. 14:12). ദൈവകൽപനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്നവരാണ് വിശുദ്ധന്മാർ. ഇതാണ് വേദപുസ്തകത്തിന്റെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകം പറയുന്നത്. ദൈവകൽപന അനുസരിക്കണം എന്ന് പഠിപ്പിക്കുന്ന സഭയോടുള്ള സാത്താന്റെ കോപവും അതേ പുസ്ത കത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. "മഹാസർപ്പം സ്ത്രീയോട് കോപിച്ചു. ദൈവകൽപന പ്രമാണിക്കുന്നവരും യേശു വിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷി പ്പുള്ളവരോട് യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടൽപുറത്തെ മണലിന്മേൽ നിന്നു" (വെളി. 12:17).

അന്ത്യകാലത്ത് ജീവിക്കുകയും ദൈവത്തെ സ്നേഹിക്കു കയും ചെയ്യുന്ന ഈ ക്രിസ്ത്യാനികൾ അനുസരിക്കുന്നത് ഏതു കൽപനകളാണ്? വെളിപ്പാടു പുസ്തകത്തിലെ ഈ പരാമർശ ങ്ങൾ ഒരിക്കലും മോശെയുടെ ന്യായപ്രമാണത്തെക്കുറിക്കുന്നവ യല്ല. ദൈവം തന്റെ പത്തു കൽപനകളെ നീക്കിക്കളഞ്ഞെങ്കിൽ എന്തുകൊണ്ടാണ് അവയെ 'കാത്തുകൊള്ളണം' എന്ന് നമ്മെ നിർദ്ദേശിച്ചിരിക്കുന്നത്?

ദൈവത്തിന്റെ ന്യായവിധിയുടെ മാനദണ്ഡം അവന്റെ പത്തു കൽപനകളാണെന്ന് യാക്കോബ് അപ്പൊസ്തലൻ പറഞ്ഞിരിക്കു ന്നത് ശ്രദ്ധിക്കുക: "എന്നാൽ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയ ന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽ നന്ന്. മുഖ പക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു. നിങ്ങൾ ലംഘനക്കാർ എന്ന് ന്യായപ്രമാണത്താൽ തെളിയുന്നു. ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുത്



എന്ന് കൽപിച്ചവൻ കൊല ചെയ്യരുത് എന്നും കൽപിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു. സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാ രിക്കുകയും പ്രവർത്തിക്കുകയും ചെയ്‌വിൻ" (യാക്കോബ് 2:8-12).

നമ്മെ പാപത്തിൽനിന്നും മോചിപ്പിക്കുകയും ദൈവകൽപ നകളെ അനുസരിച്ചു ജീവിപ്പാനുള്ള കൃപയെ തരുകയും ചെയ്യു ന്നത് യേശുക്രിസ്തുവാണ്. "സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം" നമ്മെ അങ്ങനെ ക്രിസ്തുവിൽ സ്വതന്ത്രമാക്കി നടത്തുന്നു. നമുക്ക് സ്വയം ചെയ്‌വാൻ കഴിയാത്തവ അവൻ നമുക്കായി ചെയ്യുന്നു. അങ്ങനെ നാം പൂർണ്ണമായും അവനാൽ വിളിച്ച് വേർതിരിക്കപ്പെട്ട വരായി മാറുന്നു!

നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്‌വാൻ പോകുന്ന മഹ നീയമായ പത്ത് വാഗ്ദത്തങ്ങളാണ് പത്ത് കൽപനകൾ. സാത്താന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നതിനാണ് ക്രിസ്തു വന്ന ത്. പാപത്തിൻമേൽ വിജയം വരിപ്പാനുള്ള ശക്തി അവൻ തന്റെ പരിശുദ്ധാത്മാവിലൂടെ നമുക്ക് തരുന്നു. പാപലോകത്തിൽ ജീവി ക്കുന്ന നമുക്ക് പാപം എന്നാൽ എന്ത് എന്ന് കാട്ടിത്തരുന്ന ഒരു നിയമത്തിന്റെ ആവശ്യം ഉണ്ട്. ആ നിയമമാണ് ദൈവത്തിന്റെ പത്തു കൽപനകൾ.

പഴയ നിയമത്തിൽ ശലോമോൻ നൽകിയ വിവേകപൂർണ്ണ മായ ഉപദേശത്തോട് യോജിക്കുന്നതാണ് പുതിയ നിയമത്തിൽ യാക്കോബ് നൽകിയിരിക്കുന്നത്. ദൈവത്തെപ്പോലെതന്നെ അവന്റെ കൽപനകളും സ്ഥിരമായവയാണ് എന്നത് അവയുടെ യോജിപ്പ് സാക്ഷീകരിക്കുന്നു. "എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിച്ചുകൊൾക; അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടത്. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തികളെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ" (സഭാപ്ര. 12:13,14).

ദൈവം പരസ്പര വിരുദ്ധമായി സംസാരിക്കുന്നവനോ പൊളി പറയുന്നവനോ അല്ല. പാപികൾ ഇന്നും അവരുടെ ശമ്പള മായ മരണം അർഹിക്കുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രെ.

ദൈവത്തിന്റെ കൃപാവരമൊ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ" (റോമർ 6:23).

പാപം ചെയ്തു എന്നു ബോദ്ധ്യപ്പെട്ടാൽ യേശുവിന്റെ സന്നിധിയിലേക്ക് പരസഹായം കൂടാതെ കടന്നുചെന്ന് പാപക്ഷമയ്ക്കായി അപേക്ഷിക്കാൻ സാധിക്കും എന്ന വിശേഷ ഭാഗ്യമാണ് ഇന്ന് നമുക്കുള്ളത്. നമ്മുടെ ബലഹീനതകളെ മനസ്സിലാക്കുന്നവനാണ് ക്രിസ്തു! പാപപങ്കിലമായ ഈ ലോകത്തിൽ അവനും നമ്മെപ്പോലെ ജീവിച്ചവനാണ്. ഓരോ പ്രലോഭനത്തോടും നമുക്കുള്ള പോരാട്ടം അവനറിയാം. നമുക്കുവേണ്ടി അവൻ പിതാവിന്റെ സന്നിധിയിൽ നമ്മുടെ ഏക മഹാപുരോഹിതൻ എന്ന നിലയിൽ മദ്ധ്യസ്ഥത വഹിക്കുന്നു. നമ്മെ പൂർണ്ണമായും രക്ഷിപ്പാൻ അവൻ പ്രാപ്തനാണ് (എബ്രാ. 7:25).

നമ്മുടെ ജീവിതത്തെ ദൈവത്തിന് സമർപ്പിച്ച് അവന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ട് അവന്റെ കല്പനകളെ അനുസരിച്ച് ജീവിക്കുമ്പോൾ നിത്യമരണം എന്ന ശിക്ഷാവിധിക്കുപകരം നിത്യജീവൻ എന്ന പ്രതിഫലം നമുക്കു ലഭിക്കും. "...കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രാ. 5:9).

തന്റെ പിതാവിനോടുള്ള പരിപൂർണ്ണ അനുസരണത്തിലാണ് ക്രിസ്തു ജീവിച്ചത്. ദൈവപുത്രൻ ആകുന്നതിനല്ല, വിശുദ്ധ ദൈവപുത്രൻ ആയതിനാലാണ് അങ്ങനെ ചെയ്തത്. രക്ഷ പ്രാപിപ്പാനല്ല കൽപന അനുസരിക്കുന്നത്; രക്ഷ പ്രാപിച്ചതിനാലാണ്. അനുസരിപ്പാനുള്ള ശക്തി തരുന്നതുകൊണ്ട് നാം അനുസരണത്തിൽ ജീവിക്കണം എന്ന് അവൻ പ്രതീക്ഷിക്കുന്നു. യഥാർത്ഥ ദൈവമക്കൾ ആയതിന്റെ ലക്ഷണമാണ് അനുസരണം. രക്ഷ കൃപയാൽ വിശ്വാസം മൂലം ലഭിക്കുന്ന ദാനം എന്ന് നമുക്കറിയാം (എഫെ. 2:8). അനുസരണയിൽ ജീവിച്ച് ദൈവത്തെ പ്രസാദിപ്പിപ്പാൻ അവനോടുള്ള സ്നേഹം നമ്മെ പ്രചോദിപ്പിക്കുന്നു. അനുസരണം എന്നത് മാത്രമാണ് ഇവിടുത്തെ പ്രധാന ഘടകം. ദൈവത്തിന്റെ പത്തു കൽപനകൾ ക്രൂശിൽവെച്ച് നീക്കപ്പെട്ടു എന്നതാണ് വർഷങ്ങളായി സാത്താൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന നുണകളിൽ ഒന്ന്.



ക്രിസ്തു നമുക്കുവേണ്ടി മരിച്ചതിനാൽ ദൈവത്തിന്റെ മഹനീയമായ കല്പനകളോടുള്ള അനുസരണത്തിൽ ഇനിമേൽ നാം നടക്കേണ്ടതില്ല എന്ന് ആ മഹാവഞ്ചകൻ പലരെയും വിശ്വസിപ്പിച്ചിരിക്കുന്നു.

യേശുക്രിസ്തു അതിനോട് പൂർണ്ണമായും വിയോജിക്കുന്നു. പത്തു കൽപനകളെക്കുറിച്ച് അവൻ പറയുന്നത്, "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കൽപനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും. അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും" (മത്തായി 5:17–19).

ന്യായപ്രമാണത്തിന്റെ നിവൃത്തീകരണത്തിനാണ് ക്രിസ്തു വന്നത്. നിവൃത്തിയാക്കുക എന്നാൽ ഇല്ലാതാക്കുക അഥവാ നശിപ്പിക്കുക എന്നല്ല അർത്ഥം. മൂലഭാഷയായ ഗ്രീക്കിൽ 'പൂർണ്ണതയുള്ളതാക്കുക', 'നിറയ്ക്കുക' എന്നിങ്ങനെയുള്ള അർത്ഥമാണ് ആ വാക്കിനുള്ളത്. 'ആകാശവും ഭൂമിയും നീങ്ങുംവരെ ദൈവകൽപനകളിൽ ഒന്നുപോലും - ഒരു വള്ളിപോലും - നീങ്ങുകയില്ല എന്നാണ് യേശു പറഞ്ഞത്. ആകയാൽ ദൈവം തന്റെ ഇഷ്ടത്തെ വെളിപ്പെടുത്തിയിരിക്കുന്ന പത്തു കൽപനകളെ വിഭജിപ്പാനോ അതിൽ ഒരു ഭാഗത്തെ തുടച്ചു നീക്കുവാനോ മനുഷ്യന് അവകാശമുണ്ടോ? അവന്റെ രണ്ടാം വരവിൽ സകലതും പൂർത്തിയാകുവോളം ദൈവകല്പനകളിൽനിന്ന് ഒരു ചെറിയ പുള്ളിപോലും നീക്കപ്പെടുകയില്ല.

ക്രൂശിൽ തറയ്ക്കപ്പെട്ടത് എന്താണ്? ദൈവത്തിന്റെ തികഞ്ഞ യാഗമായി യേശുക്രിസ്തു തന്നെത്താൻ ഏല്പിച്ചുകൊടുത്തതോടെ, "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ

നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽനിന്ന് നീക്കിക്കളഞ്ഞു" (കൊലൊ 2:14).

മോശെ പുസ്തകത്തിൽ എഴുതി, പെട്ടകത്തിന്റെ പുറത്തു വച്ച, പഴയ നിയമമാണ് ക്രൂശിൽവെച്ച് നീങ്ങിപ്പോയത് - പഴയ നിയമ അനുഷ്ഠാന ചട്ടങ്ങൾ. ദൈവവുമായുള്ള പുതിയ നിയമ ഉടമ്പടി ക്രിസ്തുവാണ്. നാം അവന്റെ ദൈവിക പ്രകൃതത്തോട് ഭാഗഭാക്കാകുമ്പോൾ അനുസരണയുള്ള ദൈവമക്കളായി അവന്റെ കാലടികളെ പിൻപറ്റി ജീവിപ്പാനുള്ള ശക്തി പ്രാപിക്കും. നമ്മുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന പത്തു കല്പനകളാണ് പഴയ പുതിയ നിയമങ്ങളുടെ കാതൽ അഥവാ അന്തഃസത്ത.

നമ്മിൽകൂടെയും നമ്മിലും പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ ജീവൻ മുഖാന്തിരം ദൈവത്തെ അനുസരിപ്പാൻ നാം പ്രാപിക്കുന്ന ശക്തിയാണ് സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം. സന്തോഷിപ്പാൻ നമുക്ക് വകയുണ്ട്; കാരണം ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന രണ്ട് ന്യായപ്രമാണങ്ങളെയും, പഴയതും പുതിയതുമായ രണ്ട് ഉടമ്പടികളെയുംകുറിച്ചുള്ള സത്യം നമുക്ക് വെളിവാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതങ്ങളിൽ പിശാചു നടത്തുന്ന കുടില തന്ത്രങ്ങളെ നമ്മുടെ രക്ഷകൻ നശിപ്പിക്കും എന്ന് നമുക്ക് വിശ്വസിക്കാം. സ്വയം ചെയ്വാൻ കഴിയാത്തവയെ നമുക്ക് അവനെ ഏൽപിക്കാം. അങ്ങനെ നാം എന്തിനുവേണ്ടി വിളിക്കപ്പെട്ടുവോ, അതുതന്നെ നാം ആയിത്തീരും. ദൈവത്തിന് സ്തോത്രം!

രണ്ടു ന്യായപ്രമാണങ്ങൾ തമ്മിലുള്ള വ്യത്യാസം ഗ്രഹിപ്പാൻ സഹായിക്കുന്ന ഒരു ചാർട്ട് താഴെ കൊടുക്കുന്നു :

| **ദൈവത്തിന്റെ ന്യായപ്രമാണം** | | **മോശെയുടെ ന്യായപ്രമാണം** | |
|---|---|---|---|
| യഹോവയുടേത് | യെശയ്യാ. 5:24 | മോശെയുടേത് | ലൂക്കൊ. 2:22<br>1 കൊരി. 9:9 |
| ദൈവം കല്ലിൽ എഴുതി | പുറ 31:18; 32:16 | മോശെ പുസ്തകത്തിൽ എഴുതി | ആവ 31:24 |
| പെട്ടകത്തിന്റെ ഉള്ളിൽ | പുറ 40:20 | പെട്ടകത്തിന്റെ പുറത്ത് | ആവ 31:26 |
| പാപത്തെ ചൂണ്ടിക്കാണിക്കുന്നു | റോമർ 7:7; 3:20 | പാപം മൂലം കൂട്ടിച്ചേർക്കപ്പെട്ടു | ഗലാ 3:19 |
| ഭാരമുള്ളതല്ല | 1. യോഹ 5:3 | നമുക്ക് എതിരായത് | കൊലൊ 2:14 |
| രാജകീയം | യാക്കോ 2:8 | ശത്രുത്വം | എഫെ 2:16 |
| ന്യായവിധിയുടെ അളവുകോൽ | യാക്കോ 2:10-12 | ആരേയും ന്യായം വിധിക്കുന്നില്ല | കൊലൊ 2:14-16 |
| ആത്മീകം | റോമർ 7:14 | ജഡികം | എബ്രാ 7:16 |
| അനുഗ്രഹം - സമാധാനം | സദൃശ്യ 29:18<br>സങ്കീ. 119:165 | ശാപം | ആവ 29:20-21<br>ഗലാത്യർ 3:10 |
| തികവുള്ളത് | സങ്കീ. 19:7 | ഒന്നിനെയും തികവുള്ളതാക്കാത്തത് | എബ്രാ 7:19 |
| നിത്യം | മത്താ. 5:17-19 | താൽക്കാലികം | കൊലൊ 2:14<br>എബ്രാ 8:13 |

# 5. സീനായ് മലയ്ക്കു മുൻപ് – പുനരുത്ഥാനശേഷം

എഴുതപ്പെട്ട സാൻമാർഗ്ഗിക നിയമങ്ങൾ ലഭിക്കുന്നതിനായി സീനായ് പർവ്വതത്തിൽ കയറിപ്പോയ മോശെ, ദൈവം തന്റെ കൽപനകൾ തന്റെ സ്വന്തം വിരലുകൾകൊണ്ട് 'സാക്ഷ്യത്തിന്റെ കൽപലക'മേൽ എഴുതുന്നത് കണ്ടു. അനേകം ക്രൈസ്തവരും ചിന്തിക്കുന്നത് പത്തു കൽപനകൾ ആദ്യമായി മനുഷ്യന് ലഭിക്കുന്നത് ഇവിടെനിന്നും ആണെന്നാണ്. മോശെയെക്കാൾ നാല് നൂറ്റാണ്ടുകൾക്കുമുൻപ് ജീവിച്ചിരുന്ന അബ്രഹാം ദൈവകൽപനകളെ അനുസരിക്കാതെ വിശ്വാസത്താലുള്ള രക്ഷക്ക് പാത്രമായി എന്നും അവർ കരുതുന്നു.

പൂർവ്വപിതാവായ അബ്രഹാമുമായി ദൈവം ഒരു നിത്യ ഉടമ്പടി ഉണ്ടാക്കി എന്നത് സത്യം തന്നെ. കൃപയുടെ ആ ഉടമ്പടി പ്രവൃത്തികളാലല്ല പിന്നെയോ വിശ്വാസത്താലുള്ള നീതീകരണത്തിൽ അധിഷ്ഠിതമായിരുന്നു (റോമർ 4:3-8). ദർശനത്തിൽ ക്രിസ്തുവിന്റെ ദിനത്തെ കാണുകയും അതിൽ സന്തോഷിക്കുകയും ചെയ്തു (യോഹ. 8:56). ദൈവം താനുമായി ഉണ്ടാക്കിയ ഉടമ്പടി യേശുക്രിസ്തുവിന്റെ പൗരോഹിത്യ വേലയിൽ പൂർണ്ണത കൈവരിക്കും എന്ന് തിരിച്ചറികയും തന്റെ വിശ്വാസത്തെ ദൈവത്തിന്റെ കാൽവരിയിൽകൂടിയുള്ള രക്ഷാപദ്ധതിയിൽ സമർപ്പിക്കുകയും ചെയ്തു. അബ്രഹാമിന്റെ വിശ്വാസത്തെ ദൈവം നീതിയായി കണക്കിട്ടു. നീതിമാനാക്കപ്പെടുക എന്നാൽ എന്താണ്? ദൈവവുമായി നല്ല ബന്ധത്തിൽ നിലനില്ക്കുന്ന അവസ്ഥയാണ് നീതീകരണം.



എന്നാൽ, ദൈവത്തിന്റെ കൃപാദാനം എന്നത് അനുസരണം എന്ന വ്യവസ്ഥയിൻമേൽ ആയിരുന്നില്ലേ? അബ്രഹാമിന്റെ മകനായ യിസ്സഹാക്കിനോട് ഉടമ്പടിയുടെ പ്രതിജ്ഞയെക്കുറിച്ച് ദൈവം സംസാരിക്കുന്നത് കേൾക്കുക: "അബ്രഹാം എന്റെ വാക്കു കേട്ട് എന്റെ നിയോഗവും കൽപനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ട് ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ച് നിന്റെ സന്തതിക്ക് ഈ ദേശമൊക്കെയും കൊടുക്കും. നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉൽപത്തി 26:4,5).

വിശ്വാസത്താലുള്ള നീതീകരണത്തിന് പ്രവൃത്തി ആവശ്യമുണ്ടോ? അപ്പൊസ്തലനായ പത്രൊസ് ഇപ്രകാരം പറയുന്നു: "ദൈവത്തിന് മുഖപക്ഷം ഇല്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു" (അപ്പൊ. 10:34,35).

യോഹന്നാൻ എഴുതുന്നു, "ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാൻ ആയിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാനാകുന്നു" (1 യോഹ. 3:7). എല്ലാം ശരിയായി ചെയ്യുന്ന ദൈവിക സ്വഭാവത്തെ സ്വായത്തമാക്കുവാൻ കൃപയാൽ നടത്തുന്ന ശ്രമമാണ് നീതീകരണം. അബ്രഹാം ദൈവത്തിന്റെ കൽപനകളും ചട്ടങ്ങളും അനുസരിച്ചു എന്ന് വേദപുസ്തകം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അനുസരണത്തിന്റെ പരിണിതഫലമാണ് അനുഗ്രഹങ്ങൾ. ദൈവത്തിൽനിന്നും ലഭിച്ച നീതിയെ അബ്രഹാം പ്രവൃത്തിപഥത്തിൽ എത്തിച്ചതിനാലാണ് അവന്റെ സന്തതികളുമായി ദൈവം തന്റെ ഉടമ്പടിയെ ഉറപ്പിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തത്.

ദൈവകൽപനകളെ അനുസരിക്കുന്നതിൽകൂടെ മാത്രമെ ദൈവിക അനുഗ്രഹങ്ങൾ പ്രാപിക്കുകയുള്ളു എന്ന് അബ്രഹാം തന്റെ സകല പരമ്പരകളോടും ഉൽഘോഷിച്ചു. "ആകയാൽ നിന്റെ ദൈവമായ യഹോവതന്നെ ദൈവം. തന്നെ സ്നേഹിച്ച് തന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറ വരെ നിയമവും ദയയും പാലിക്കുന്നു" (ആവ. 7:9; ദാനിയേൽ 9:4; നെഹെ. 1:5).

മോശെക്കുമുൻപ് ജീവിച്ചിരുന്ന അബ്രഹാം ദൈവത്തിന്റെ ഏതു കൽപനകളാണ് അനുസരിച്ചത്? മോശെക്കുമുൻപുള്ളവർ സാൻമാർഗ്ഗിക നിയമങ്ങൾ അറിഞ്ഞിരുന്നുവോ? ഈ ചോദ്യ ങ്ങൾക്ക് ഉത്തരം കിട്ടണമെങ്കിൽ, മരുഭൂമിയിൽ വെച്ച് ദൈവം തന്റെ കൽപനകളെ പ്രസ്താവിക്കുന്നതിനുമുൻപ് ജീവിച്ചിരുന്ന മനുഷ്യ രുടെ ചരിത്രത്തിലേക്ക് നാം പോകേണ്ടതുണ്ട്. കൽപന ഇല്ലാത്തി ടത്ത് പാപം ഇല്ല എന്ന തത്വത്തെ മനസ്സിൽ വച്ചുകൊണ്ട് മോശെക്കു മുൻപ് ജീവിച്ചിരുന്ന ഗോത്രപിതാക്കന്മാർ ദൈവകൽപ നകളെക്കുറിച്ച് അറിവുള്ളവരായിരുന്നുവോ എന്ന വസ്തുത ഓരോ കല്പനയുടെയും നിഴലിൽ നിന്നുകൊണ്ട് നമുക്ക് വചന ത്തിൽനിന്ന് പരിശോധിക്കാം.

## ഒന്നാം കൽപന

ദൈവത്തോടുള്ള വിശ്വസ്തതയെ കാണിക്കുന്നു (പുറ. 20:2,3). വീണ്ടെടുപ്പുകാരനും ദൈവവും ഞാനാകുന്നു എന്ന് അഖിലാണ്ഡ ത്തിന്റെ സൃഷ്ടിതാവ് പ്രസ്താവിക്കുന്നു. അന്യദൈവങ്ങളിലേക്ക് തിരിയാതെ അവനോടുള്ള സ്നേഹത്തെ പ്രകടമാക്കുവാൻ അവൻ ആവശ്യപ്പെടുന്നു. മോശെക്കു വളരെ മുൻപ് ജീവിച്ചിരുന്ന യാക്കോബ് ഈ കല്പന അറിഞ്ഞിരുന്നു. അതുകൊണ്ടാണ്, അന്യ ദേവന്മാരെ നീക്കിക്കളഞ്ഞ് നിങ്ങളെത്തന്നെ പാപത്തിൽ നിന്നും ശുദ്ധീകരിപ്പിൻ എന്ന് അവൻ ജനത്തോട് പറയുന്നത് (ഉല്പ. 35:2–4).

## രണ്ടാം കല്പന (പുറ. 20:4–6) ആരാധനയെ കുറിക്കുന്നു

കൊത്തിയുണ്ടാക്കിയ രൂപങ്ങളെ വണങ്ങുന്നതും ബിംബ ങ്ങളെ ആരാധിക്കുന്നതും ദൈവം വിലക്കുന്നു. അന്യദേവന്മാരെ ക്കുറിച്ചുള്ള മുൻവിവരണം ആരംഭിക്കുന്നത് ഉല്പത്തി 31:19–34 വരെയുള്ള ഭാഗത്താണ്. യാക്കോബിന്റെ ഭാര്യയായ റാഹേൽ വിഗ്രഹാരാധിയായിരുന്ന തന്റെ പിതാവിന്റെ വിഗ്രഹങ്ങൾ മോഷ്ടി ച്ചു. വിഗ്രഹാരാധന പാപവും ദൈവദൃഷ്ടിയിൽ മനുഷ്യനെ മലി നമാക്കുന്നതും ആണെന്ന് പിതാക്കന്മാർ അറിഞ്ഞിരുന്നു എന്ന തിന്റെ തെളിവാണ് ഉല്പത്തി 35:2.



## മൂന്നാം കൽപന :

പുറപ്പാട് 20:7: ആദരവും ഭക്തിയും പ്രകടമാക്കുന്നു. തന്റെ വിശുദ്ധ നാമത്തെ ബഹുമാനിക്കണമെന്നും അത് വൃഥാ എടുക്ക രുതെന്നും ദൈവം നിർദ്ദേശിക്കുന്നു. വൃഥാ എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന 'ഷാ' എന്ന എബ്രായ പദത്തിന്, 'അധർമ്മം, വ്യാജം, ഡംഭ്, ശൂന്യത' എന്നൊക്കെയുള്ള വിശാലമായ അർത്ഥ ങ്ങളുണ്ട്. ബഹുമാനമില്ലായ്മ എന്ന് ചുരുക്കത്തിൽ കരുതാവുന്ന വാക്കാണ് 'ഷാ'.

ദൈവനാമത്തോട് ബഹുമാനമില്ലായ്മ കാട്ടുന്ന അനേകം സന്ദർഭങ്ങൾ സീനായ് പർവ്വതത്തിനുമുൻപ് രേഖപ്പെടുത്തപ്പെട്ടി ട്ടുണ്ട്. ദൈവജനത്തെ അടിമത്വത്തിൽനിന്ന് വിട്ടയയ്ക്കണം എന്ന ദൈവിക നിർദ്ദേശം മോശെ കൈമാറുമ്പോൾ ഫറവോൻ ദൈവ നാമത്തെ ദുഷിക്കുന്നതായി നാം പുറപ്പാട് 5-ൽ വായിക്കുന്നു. തന്റെ ഹൃദയ കാഠിന്യം മൂലം അവൻ അന്തിമമായി ദൈവത്താൽ നശി പ്പിക്കപ്പെടുന്നു.

## നാലാം കൽപന :

പുറ. 20:8–11: ബന്ധുത്വത്തെയും വിശുദ്ധിയെയും കാണി ക്കുന്നു. ശബ്ബത്ത് നാളിനെ വിശുദ്ധ കാര്യങ്ങൾ തന്നോട് കൂടു തൽ അടുക്കുന്നതിനുമുള്ള ദിവസമായി നീക്കിവയ്ക്കുവാൻ 'ഓർക്ക' എന്ന് ദൈവം തന്റെ ജനത്തെ നിർദ്ദേശിക്കുന്നു. ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ച് അതിലൂടെ ശബ്ബത്ത് സ്വസ്ഥത എന്നത് സൃഷ്ടിപ്പിൽതന്നെ സ്ഥാപിക്കുന്നത് ദൈവമാ ണ്. തുടരെയുള്ള ആചരണം അവൻ പ്രതീക്ഷിച്ചിരുന്നു എന്നത് വ്യക്തം. യിസ്രായേൽ മക്കൾ സീനായിൽ എത്തുന്നതിനുമുൻപു തന്നെ ശബ്ബത്തിനുവേണ്ടി എപ്രകാരം ഒരുങ്ങണം എന്ന് യഹോവ അവരെ ഓർമ്മപ്പെടുത്തി. ആറാം ദിവസത്തിൽ ഓരോരുത്തരും സാധാരണ ശേഖരിക്കുന്നതിന്റെ ഇരട്ടി ആഹാരം ശേഖരിക്കണം എന്നും, അങ്ങനെ വിശുദ്ധദിനമായ ഏഴാം ദിനത്തിൽ അവർക്ക് ഭക്ഷണം തേടിപ്പോകാതെ സ്വസ്ഥമായിരിക്കാൻ സാധിക്കും എന്നും ദൈവം പറഞ്ഞു. ചിലർ ഈ നിർദ്ദേശം കൈക്കൊണ്ടില്ല എന്നും അത് ദൈവത്തിന് അനിഷ്ടമായി എന്നും പുറ. 16:27–29 വരെയുള്ള

ഭാഗത്ത് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: "എന്നാൽ ഏഴാം ദിവസം ജനത്തിൽ ചിലർ പെറുക്കുവാൻ പോയാറെ കണ്ടില്ല. അപ്പോൾ യഹോവ മോശെയോട്, എന്റെ കൽപനകളും ന്യായപ്രമാണങ്ങളും പ്രമാണിപ്പാൻ നിങ്ങൾക്ക് എത്രത്തോളം മനസ്സില്ലാതിരിക്കും? നോക്കുവിൻ, നിങ്ങൾക്ക് ശബ്ബത്ത് തന്നിരിക്കുന്നു. അതുകൊണ്ട് ആറാം ദിവസം അവൻ നിങ്ങൾക്ക് രണ്ടു ദിവസത്തേക്കുള്ള ആഹാരം തരുന്നു".

മരുഭൂമിയിൽകൂടിയുള്ള യിസ്രായേൽ മക്കളുടെ നാൽപതു വർഷത്തെ യാത്രാവേളയിൽ, ഓരോ ആഴ്ചയും മുമ്മൂന്ന് അത്ഭുതം വീതം, ശബ്ബത്തിന്റെ വിശുദ്ധിയെ ബോദ്ധ്യമാക്കിക്കൊടുക്കുന്നതിനായി വലിയവനായ ദൈവം അവർക്കുവേണ്ടി ചെയ്തു. ആറാം ദിവസം വീണ ഇരട്ടി അളവ് മന്ന; ഒന്നും വീഴാതിരുന്ന ഏഴാം ദിവസം; അടുത്ത ദിവസത്തേക്ക് സൂക്ഷിച്ചുവെയ്പാൻ കഴിയാതിരുന്ന മന്ന, ഏഴാം ദിവസത്തിൽ കേടുകൂടാതെ മാധുര്യവും നിർമ്മലവുമായി സൂക്ഷിപ്പാൻ കഴിഞ്ഞത് - ഒക്കെയും യഹോവയുടെ അത്ഭുത പ്രവൃത്തികളായിരുന്നു. അങ്ങനെ 6240 അത്ഭുതങ്ങൾ (40x52x3=6240). തന്റെ ശബ്ബത്തിന്റെ പ്രാധാന്യത്തെ കാണിക്കുന്നതിനുവേണ്ടി മാത്രം ദൈവം ചെയ്തതിനെക്കുറിച്ച് ചിന്തിച്ചു നോക്കുക!

**അഞ്ചാം കൽപന :**

പുറപ്പാട് 20:12 മാതാപിതാക്കന്മാരുടെ അധികാരത്തെ സംബന്ധിക്കുന്നത്. മാതാപിതാക്കൻമാരോടുള്ള ബഹുമാനത്താൽ അവരോടുള്ള സ്നേഹത്തെ വെളിവാക്കണം എന്ന് ദൈവം ആവശ്യപ്പെടുന്നു. സീനായ്ക്ക് മുൻപും ഈ കൽപന നിലനിന്നിരുന്നു എന്നത് ഉല്പത്തി 37:28-35 ഉം 50:15-17 ഉം വരെയുള്ള ഭാഗത്ത് നാം കാണുന്നു. യോസഫിനെയും സഹോദരങ്ങളെയും കുറിക്കുന്ന വേദഭാഗമാണിത്. അവിശ്വസ്തതയിലൂടെ മാതാപിതാക്കന്മാർക്കെതിരെ ചെയ്യുന്ന പാപത്തെ ഇവിടെ വെളിപ്പെടുത്തുന്നു. യോസഫ് മരിച്ചു എന്ന് അവർ അപ്പനോട് വ്യാജം പറയുന്നു. അതിനുശേഷം പിതാവിനെതിരെ ചെയ്തുപോയ പാപത്തെ അവർ ഏറ്റുപറയുന്നു. അഞ്ചാം കല്പന ലംഘിച്ചു എന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഉറങ്ങിക്കിടന്ന പിതാവിന്റെ നഗ്നതയെ വെളിവാക്കിയ ഹാമിന്റെ



പ്രവൃത്തിയും ഇതിനോട് ചേർത്ത് ചിന്തിക്കാവുന്നതാണ്. ഈ പാപത്തിൽ നിന്നുണ്ടായ ശാപത്താൽ ജീവിതകാലം മുഴുവനും കഷ്ടപ്പെടുവാൻ ഹാമിന് ഇടയായി (ഉല്പ. 9:22-27).

**ആറാം കല്പന :**

പുറ. 20:13 മനുഷ്യ ജീവനോടുള്ള ബഹുമാനം കാണിക്കുന്നു. കൊല ചെയ്യരുത് എന്ന കല്പനയിലൂടെ വെറുപ്പിനുപകരം സ്നേഹം പ്രദർശിപ്പിക്കേണം എന്ന് ദൈവം ആവശ്യപ്പെടുന്നു. സഹോദരനായ ഹാബേലിനെ കൊന്നുകളഞ്ഞ കായീന്റെ കുറ്റബോധത്തെ വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നു. ആറാം കല്പന ലംഘിക്കയാൽ അവൻ ദൈവശിക്ഷക്ക് പാത്രമായി ത്തീർന്നു. ആദ്യപിതാവായ ആദാമിന്റെ കാലത്തുതന്നെ ഈ കൽപന നിലനിന്നിരുന്നു എന്ന് ഇതിൽകൂടെ നമുക്ക് ഗ്രഹിക്കാവുന്നതാണ് (ഉല്പ. 4:8-13).

**ഏഴാം കല്പന :**

പുറ. 20:14 വ്യഭിചാരം ചെയ്യരുത് എന്ന ഈ കൽപന സ്ത്രീപുരുഷ ബന്ധങ്ങളിൽ നിലനിർത്തേണ്ടുന്ന വിശുദ്ധിയെ കാണിക്കുന്നു. വ്യഭിചാരം ചെയ്യാതെ മനുഷ്യനുമായുള്ള സ്നേഹത്തെയും പരസ്പര ബഹുമാനത്തെയും നിലനിർത്താൻ ദൈവം ആവശ്യപ്പെടുകയാണ്. അബ്രഹാമിന്റെ ഭാര്യയെ സ്വന്തം ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയ ഫറവോന്റെ പ്രവൃത്തിയെക്കുറിച്ച് ഉല്പത്തി 12:10-20 വരെ നാം കാണുന്നുണ്ട്. അതുപോലെതന്നെ സൊദോമിലും ഗൊമോറയിലും നടന്ന അസന്മാർഗ്ഗികതയും ഉൽപത്തി 18:20,21-ൽ വിവരിക്കുന്നുണ്ട്. ഇതൊക്കെയും മോശെ ജനിക്കുന്നതിന് എത്രയോ വർഷങ്ങൾക്കുമുൻപ് സംഭവിച്ച പാപ പ്രവൃത്തികളാണ്.

ഏഴാം കൽപന സീനായ് പർവ്വതത്തിനുമുൻപ് നിലനിന്നിരുന്നു എന്നതിന് ഏറ്റം നല്ല ഉദാഹരണം ഉല്പത്തി 39-ൽ കാണുന്ന യോസഫ് എന്ന യൗവ്വനക്കാരന്റെ ജീവിത അനുഭവമാണ്. തന്നോട് അവിഹിത ബന്ധത്തിലേർപ്പെടുവാൻ ശ്രമിച്ച പൊത്തിഫേറിന്റെ ഭാര്യയോട് യോസഫ് പറയുന്നത് ശ്രദ്ധിക്കുക: "നീ അവന്റെ ഭാര്യ

യാകയാൽ.... ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നത് എങ്ങനെ എന്നു പറഞ്ഞു" (ഉല്പ. 39:9).

**എട്ടാം കല്പന :**

പുറ. 20:15 വിശ്വസ്തതയെക്കാണിക്കുന്ന എട്ടാം കൽപന യിലൂടെ മോഷ്ടിക്കരുത് എന്ന് ദൈവം നിർദ്ദേശിക്കുന്നു. തന്നെ തിരിച്ചറിയാൻ സാധിക്കാതെ തന്റെ മുൻപിൽ നിന്ന സഹോദര ങ്ങളെ ഒന്ന് പരീക്ഷിക്കുന്നതിനായി യോസഫ് ശ്രമിക്കുന്നത് നാം ഉൽപത്തി പുസ്തകത്തിൽ വായിക്കുന്നു. മോഷ്ടിച്ചതാണ് എന്ന് വരുത്തുന്നതിനായി അവൻ തന്റെ ഇളയ സഹോദരന്റെ ധാന്യച്ചാ ക്കിൽ വെള്ളികൊണ്ടുള്ള പാനപാത്രവും കയറ്റിവച്ചു. മറ്റുള്ളവർ പോയശേഷം തന്റെ സഹോദരനായ ബെന്യാമീനെ തന്റെ കൂടെ നിർത്തുന്നതിനുള്ള ഒരു കാരണം സൃഷ്ടിക്കുകയായിരുന്നു യോസഫ്. തന്റെ മൂത്ത സഹോദരങ്ങൾ ഇക്കാലംകൊണ്ട് എത്തര ക്കാരായിമാറി എന്ന് പരിശോധിക്കുക എന്ന ലക്ഷ്യവും യോസ ഫിനുണ്ടായിരുന്നു. മരണം അർഹിക്കുന്ന പാപം ചെയ്തതായാണ് അവരുടെ ഭയപ്പെട്ട മുഖഭാവം വെളിപ്പെടുത്തിയത്. അതെ, തീർച്ച യായും അവർ ദൈവകൽപന അറിഞ്ഞവരായിരുന്നു (ഉല്പ. 44:4,6-10).

**ഒൻപതാം കൽപന :**

പുറ. 20:16 കള്ളം പറയരുത്; ചതിക്കരുത് എന്ന് ദൈവം തന്റെ കൽപനയിലൂടെ ആവശ്യപ്പെടുന്നു. ക്രിസ്തു സാത്താനെ വിളിക്കുന്നത്, 'ഭോഷ്ക് പറയുന്നവരുടെ അപ്പൻ' എന്നാണ്, (യോഹ. 8:44). "നിങ്ങൾ മരിക്കയില്ല നിശ്ചയം" എന്ന് സാത്താൻ ഹവ്വയോട് പറഞ്ഞതായി ഉല്പത്തി 3:4-ൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൈവകൽപനക്കും നിർദ്ദേശത്തിനും വിരുദ്ധമായി സാത്താൻ പറഞ്ഞ ഈ കള്ളമാണ് ഭൂവിൽ ആദ്യമായി പറയപ്പെട്ട കള്ളം. ഉൽപത്തി 27-ൽ പറഞ്ഞിരിക്കുന്ന ഏശാവിന്റെയും യാക്കോബി ന്റെയും കഥയും കള്ളത്തരവും വഞ്ചനയും തെറ്റായ കാര്യങ്ങളായി അറിയപ്പെട്ടിരുന്നു എന്നതിന്റെ തെളിവുകളാണ്.



**പത്താം കൽപന:**

പുറ. 2:17 സംതൃപ്തിയെയും അലംഭാവത്തെയും കുറി ക്കുന്ന കല്പനയാണിത്. മോഹം ഗർഭംധരിച്ച് പാപത്തെ പ്രസ വിക്കും എന്ന് ദൈവം അറിഞ്ഞിരുന്നതിനാലാണ് മോഹിക്കരുത് എന്ന മുന്നറിയിപ്പ് ദൈവം നമുക്ക് തരുന്നത്. അനേക ഉദാഹരണ ങ്ങൾ ആദിമകാലത്തുനിന്നും ഈ പാപത്തെക്കുറിച്ച് ഉദ്ധരിക്കു വാൻ കഴിയുമെങ്കിലും ഏറ്റവും ശ്രദ്ധേയമായ വിവരണമായി എനിക്കു തോന്നുന്നത് ആദിമാതാവായ ഹവ്വ അനുഭവിച്ച ദുരന്ത ഫലങ്ങളാണ്. വിലക്കപ്പെട്ട കനിയെ മോഹിച്ച അവർ കൂടുതൽ പാപത്തിലും കഷ്ടത്തിലും വീണു. അനന്തരം ഏദെനിൽ നിന്നുതന്നെ പുറത്താക്കപ്പെട്ടു. അതിനുശേഷം അവളുടെ മകൻ അവളുടെ പാപത്തെ അനുകരിക്കുകയും ചെയ്യുന്നു.

യഹോവക്ക് അപ്രിയ വഴിപാട് കൊണ്ടുവന്നതിനാൽ കയീന് യഹോവയുടെ പ്രീതി ലഭിച്ചില്ല. ഹാബേൽ യഹോവയുടെ നിർദ്ദേശപ്രകാരമുള്ള വഴിപാടിലൂടെ ദൈവപ്രീതിക്ക് പാത്രമാകു കയും ചെയ്തു. കായേൻ കോപിച്ചു. അവന്റെ മുഖം വാടി. തന്റെ സഹോദരനു ലഭിച്ച ദൈവപ്രീതിയെ അവൻ മോഹിച്ചു (ഉല്പ. 4:3-5). മോഹഭംഗത്താൽ അവൻ തന്റെ സഹോദരന്റെ കൊലയാ ളിയായി മാറുന്ന ദയനീയ കാഴ്ചയാണ് പിന്നീട് നാം കാണുന്നത്.

കല്പലകകളിൽ ദൈവം തന്റെ കല്പനകളെ എഴുതുന്ന തിനുമുൻപുതന്നെ മനുഷ്യവർഗ്ഗം അവയെ അറിയുകയും അനു സരിക്കുകയും ലംഘിക്കുകയും ചെയ്തിരുന്നു എന്നും ഗ്രഹിക്കു ന്നതിന് ഉപോൽബലകമായ നിരവധി തെളിവുകൾ വചനത്തിലു ണ്ട്. അവയിൽ ചുരുക്കം ചിലതു മാത്രമാണ് മുൻ ഉദ്ധരിച്ചവ. സീനായ് പർവ്വതത്തിനുമുൻപ് ദൈവത്തിന്റെ പത്തുകല്പനകൾ നിലനിന്നിരുന്നില്ല എന്ന വ്യാജവും മൗഢ്യവുമായ ദൈവശാസ്ത്രം സൂക്ഷ്മമായ വചനപഠനത്തിലൂടെ തീർച്ചയായും ഇല്ലാതാകും.

മോശെ ജനിക്കുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പും ദൈവം തന്റെ ജനത്തെ അവർ, തന്റെ വാക്കുകേട്ട് തന്റെ നിയോഗവും കല്പ നകളും ചട്ടങ്ങളും ആചരിച്ചുവോ എന്നതിന്റെ അടിസ്ഥാനത്തി ലായിരുന്നു ന്യായം വിധിച്ചിരുന്നത് (ഉല്പ. 26:4,5). ദൈവത്തിന്റെ

പത്ത് ജീവിതതത്വങ്ങളാണ് അവന്റെ പത്തു കല്പനകൾ. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സകല പാപങ്ങളും ഈ പത്ത് അടിസ്ഥാന തത്വങ്ങളുടെ ലംഘനങ്ങളാണ്. തന്റെ ജനത്തെ ന്യായം വിധിക്കുന്നതിനുവേണ്ടി ദൈവം വേറൊരു കൂട്ടം നിയമങ്ങളെ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ഈ കല്പനകളെ അനുസരിച്ചവരെ നീതിമാന്മാർ എന്നും മനഃപൂർവ്വം അവയെ ലംഘിച്ചവരെ പാപികൾ എന്നും വചനത്തിലുടനീളം ദൈവം വിളിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രഹാം ഉൾപ്പടെയുള്ള സകല ഗോത്രപിതാക്കന്മാരും ദൈവത്തിന്റെ പത്തു കല്പനകളുടെ പ്രാധാന്യം അറിഞ്ഞവരായിരുന്നു. പുതിയ നിയമത്തിൽ പത്തുകല്പനകളെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ നമുക്ക് തുടർന്ന് പരിശോധിക്കാം. ഒൻപതു കല്പനകളെക്കുറിച്ചും പുതിയനിയമം പ്രതിപാദിക്കുന്നുണ്ട് എന്ന കാര്യത്തിൽ ക്രിസ്ത്യാനികൾക്ക് രണ്ടു പക്ഷമില്ല. ദൈവത്തിന്റെ വിശുദ്ധ ദിവസമായ ഏഴാംദിന ശബ്ബത്തിനെക്കുറിക്കുന്ന നാലം കല്പനയുടെ കാര്യം മാത്രമാണ് തർക്കവിഷയമായി നിലകൊള്ളുന്നത്. ഈ തർക്കവിഷയത്തിൽനിന്നുതന്നെ നമുക്ക് തുടങ്ങാം. പുതിയ നിയമത്തിൽനിന്നും ചില വസ്തുതകൾ പരിശോധിച്ചശേഷം അടുത്ത അദ്ധ്യായത്തിൽ നമുക്ക് ഗഹനമായ പഠനം തുടരാം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാൽ അപ്പൊസ്തലനായി നിയമിതനായ പൗലൊസ് ഏതു ദിവസത്തിലാണ് ദൈവത്തെ ആരാധിച്ചത്? “എന്നാൽ ശബ്ബത്ത് തോറും അവൻ പള്ളിയിൽ സംവാദിച്ചു യഹൂദന്മാരെയും യവനന്മാരെയും സമ്മതിപ്പിച്ചു” (അപ്പൊ. 18:4).

യഹൂദന്മാരും യവനന്മാരും ദൈവത്തിന്റെ ശബ്ബത്ത് കല്പന അനുസരിച്ചതായാണ് നാം ഇവിടെ കാണുന്നത്. (അപ്പൊ. 13:14,42 കാണുക) കർത്താവിന്റെ ഉയിർപ്പിനുശേഷം മാനസാന്തരപ്പെട്ട പൗലൊസ് വാരാന്ത്യശബ്ബത്ത് ദിനത്തെ വിശുദ്ധമായി കാത്തുസൂക്ഷിച്ചു എന്നതാണ് സുപ്രധാനമായ കാര്യം. ദൈവം തന്റെ വിശുദ്ധദിനമായ ഏഴാംദിന ശബ്ബത്തിന്റെ പരിശുദ്ധിയെ ഒന്നാം ദിനത്തിലേക്കോ വേറെ ഏതെങ്കിലും ദിവസത്തിലേക്കോ മാറ്റിയതായി വചനത്തിൽ യാതൊരു രേഖയും ഇല്ല എന്നത് നാം തുടർന്നുള്ള അദ്ധ്യായങ്ങളിൽ പഠിക്കുവാൻ പോകുകയാണ്. ആദിമക്രിസ്ത്യാനികൾ



ഞായറാഴ്ച ആചാരികളായിരുന്നു എന്നൊരു വിശ്വാസം ഇന്ന് പൊതുവെ നിലനില്ക്കുന്നുണ്ട്. എന്നാൽ ഈ വിശ്വാസത്തിന് തിരുവചനത്തിൽ യാതൊരു അടിസ്ഥാനവും ഇല്ല എന്നത് വേദപുസ്തകത്തിൽ നിന്നുതന്നെ നാം കാണുവാൻ പോകുന്നു.

ക്രിസ്ത്യാനികളായിത്തീർന്ന യഹൂദന്മാരും ജാതികളും തമ്മിൽ നിരവധി വിഷയങ്ങളിൽ തർക്കങ്ങൾ നിലനിന്നിരുന്നതായി പുതിയ നിയമത്തിൽ നാം വായിക്കുന്നു. മോശെയുടെ ന്യായപ്രമാണത്തിലെ പല കാര്യങ്ങളും തുടർന്നും പാലിക്കപ്പെടണം എന്ന് വാശിപിടിക്കുന്ന യഹൂദപാരമ്പര്യവാദികളും ക്രിസ്തീയ കൂട്ടായ്മകളിൽ അക്കാലത്ത് ഉണ്ടായിരുന്നു. ഉപവാസ ദിവസങ്ങളെക്കുറിച്ചും പരിച്ഛേദനയെക്കുറിച്ചും മോശെയുടെ ന്യായപ്രമാണത്തിലെ വാർഷിക ശബ്ബത്തുകളുടെ ആചരണത്തെക്കുറിച്ചുമെല്ലാം ഉള്ള തർക്കത്തിന്റെ അലകൾ സഭകളിൽ ശക്തമായി ആദിമനൂറ്റാണ്ടിൽ അടിച്ചു. എന്നാൽ ഏഴാംദിനത്തിൽ തന്നെയാണോ ആരാധനയ്ക്ക് കൂടിവരേണ്ടത് എന്ന വിഷയത്തിൽ യാതൊരു തർക്കവും അവിടെ നിലനിന്നിരുന്നില്ല എന്നത് നിങ്ങൾക്കു കാണാവുന്നതാണ്. അവരെല്ലാവരും ദൈവത്തിന്റെ വിശുദ്ധ ദിവസമായ ശനിയാഴ്ചയിൽ ആരാധനയ്ക്കായി കൂടിവന്നവരാണ്. ആരാധനക്കായി ദൈവം വേർതിരിച്ച ദിവസം ഇന്ന് അതുപോലെതന്നെ പ്രസക്തമായി നിലനിൽക്കുന്നു എന്ന കാര്യം ബോദ്ധ്യപ്പെടാൻ എനിക്ക് ഈ ഒരു തെളിവ് മാത്രം മതി. എന്നാൽ മറ്റു പലരും ഇതുകൊണ്ടുമാത്രം തൃപ്തിപ്പെടണമെന്നില്ല എന്നെനിക്കറിയാം. ആയതിനാൽ അറിയാനുള്ള നിങ്ങളുടെ ദാഹത്തെ കൂടുതൽ വചനഭാഗങ്ങൾകൊണ്ട് ഞാൻ ഇളക്കുവാൻ ആഗ്രഹിക്കുന്നു. “അവൻ വളർന്ന നസറെത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു” (ലൂക്കൊ. 4:16).

ഏഴാംദിന ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കുക എന്നത് യേശുക്രിസ്തുവിന്റെ പതിവായിരുന്നു. യേശു യഹൂദാപാരമ്പര്യത്തിൽ ജീവിച്ചതിനാലാണ് അങ്ങനെ ചെയ്തത് എന്ന് നിങ്ങൾ പറയുമായിരിക്കും. എന്നാൽ യേശുക്രിസ്തുവിന്റെ മൂന്നര വർഷത്തെ പരസ്യശുശ്രൂഷാകാലത്ത് ഒരിക്കൽപോലും അവൻ തന്റെ ശിഷ്യന്മാർക്ക് ശബ്ബത്ത് കല്പനയുടെ തിരോധാനത്തെക്കു

റിച്ചോ പരിണാമത്തെക്കുറിച്ചോ യാതൊരു പരോക്ഷ സൂചന പോലും കൊടുത്തിട്ടില്ല. തന്റെ മരണത്തിനും സ്വർഗ്ഗാരോഹണ ത്തിനും നാൽപതു വർഷങ്ങൾക്കുശേഷം എ.ഡി. 70–ൽ നടന്ന യെരുശലേമിന്റെ നാശത്തെക്കുറിച്ച് പ്രവചിക്കുമ്പോൾ, അക്കാ ലത്തും ശബ്ബത്ത് നിലനിൽക്കും എന്ന പ്രഖ്യാപനം അവൻ നട ത്തുന്നു (മത്താ. 24:20).

ദൈവിക ന്യായപ്രമാണമായ പത്തു കല്പനകളുടെ അനു സരണത്തെക്കാണിക്കുന്ന നിരവധി വാക്യങ്ങൾ പുതിയ നിയമ ത്തിലുണ്ട്. യേശു ഒരു കൽപനപോലും നീക്കിക്കളഞ്ഞില്ല – അതി നുള്ള ശ്രമം നടത്തിയത് മനുഷ്യർ മാത്രമാണ്. ദൈവകൽപന കൾ പരിവർത്തന വിധേയമല്ല.

നാലാം കൽപനയിലെ ശബ്ബത്തനുസരണം പുനരുത്ഥാന ത്തിനുശേഷവും ദൈവജനത്തിന് 'ശേഷിച്ചിരി'ക്കുന്നതായി വച നത്തിലുണ്ട് എന്ന് നിങ്ങൾക്കറിയാമോ? എബ്രായർ 4:8,9 വാക്യ ങ്ങൾ നോക്കുക: "യോശുവ അവർക്ക് സ്വസ്ഥത വരുത്തി എങ്കിൽ മറ്റൊരു ദിവസത്തെക്കുറിച്ച് പിന്നത്തേതിൽ കല്പിക്കയില്ലായിരു ന്നു. ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു" (എബ്രാ. 4:8,9).

മത്സരികളായിരുന്ന ദൈവജനത്തെ വാഗ്ദത്തനാട്ടിലേക്ക് നയിച്ചത് യോശുവയാണ്. വാഗ്ദത്തനാട്ടിൽ എത്തിച്ചു എങ്കിലും അവർക്കു വേണ്ട സ്വസ്ഥത കൊടുക്കുന്നതിന് യോശുവക്ക് കഴി ഞ്ഞില്ല. ആകയാൽ ദൈവജനത്തിന് ഒരു ശബ്ബത്ത് അനുഭവം – സ്വസ്ഥത – ശേഷിച്ചിരിക്കുന്നു എന്ന് വചനം പറയുന്നു. 'ശേഷി ക്കുക' എന്ന വാക്കിനുമുൻപു മുതൽക്കേ നിലനിന്നിരുന്നത് എന്ന അർത്ഥമാണുള്ളത്. 'ശബറ്റിസ്മോസ്' (Sabbatismos) എന്ന ഗ്രീക്ക് പദത്തിന്റെ അക്ഷരീക പരിഭാഷ 'ശബ്ബത്ത് ആചരണം' എന്നാണ്. ദൈവജനത്തിന് ഇന്ന് ശബ്ബത്ത് സ്വസ്ഥതയുടെ അനുഗ്രഹം ഉണ്ട്! യഹോവ തന്റെ സകല പ്രവൃത്തിയിൽനിന്നും നിവൃത്തനായതു പോലെ നാം നമ്മുടെ ഭൗമിക കാര്യങ്ങളിൽനിന്നും ദൈവിക കാര്യ ങ്ങളിലേക്ക് മാറിനില്ക്കുന്ന ദിവസമാണ് വിശുദ്ധ ശബ്ബത്ത്.

ആത്മീകവും ശാരീരികവുമായ സ്വസ്ഥതയാണ് ദൈവം ഏഴാംദിന ശബ്ബത്തിൽകൂടി ഉദ്ദേശിച്ചത്. അവന്റെ രക്ഷയിൽ സന്തോ



ഷിപ്പാനും അവനെ മാത്രം ചിന്തിപ്പാനും ഉള്ള ഒരു ദിവസം മറ്റ് കാര്യങ്ങളിൽ നിന്നൊക്കെയും മാറി പൂർണ്ണമായും ദൈവസന്നി ധിയിൽ ചിലവിട്ട് അനുഗ്രഹിക്കപ്പെടുവാനുള്ള ഒരു ദിനമാണത്. നമ്മുടെ ഉല്ലാസത്തിനായിട്ടാണ് ദൈവം ആ ദിവസത്തെ നിയമി ച്ചത് (യെശ. 58:13,14).

പലരുടെയും ചിന്തകൾ എത്രമാത്രം കുഴഞ്ഞുമറിഞ്ഞ് കിട ക്കുന്നു എന്നത് എന്നെ ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. പത്തു കൽപ നകൾ അനുസരിക്കുക എന്നാൽ അടിമ നുകത്തിൻകീഴിലായിരി ക്കുകയാണ് എന്ന് ചിന്തിക്കുന്ന അനേകർ ഇന്ന് ലോകത്തിലുണ്ട്. അനുസരണം അടിമത്തം ആണോ? മാതാപിതാക്കന്മാരെ അനു സരിക്കുന്ന മക്കൾ മാതാപിതാക്കന്മാരുടെ അടിമകളാണോ?

പൗലൊസിന് തീർച്ചയായും അങ്ങനെയൊരു ചിന്ത ഉണ്ടാ യിരുന്നില്ല. പൗലൊസ് പറയുന്നത്, "ആകയാൽ ന്യായപ്രമാണം വിശുദ്ധം, കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ" എന്നാണ് (റോമർ 7:12, 22). സങ്കീർത്തനക്കാരനും കൽപന അനു സരണത്തെ അടിമത്വമായി കാണുന്നില്ല. "നിന്റെ ന്യായപ്രമാണ ത്തോട് പ്രിയം ഉള്ളവർക്ക് മഹാ സമാധാനം ഉണ്ട്; അവർക്ക് വീഴ്ചക്ക് സംഗതി ഏതുമില്ല". "യഹോവേ ഞാൻ നിന്റെ രക്ഷ യ്ക്കായി വാഞ്ഛിക്കുന്നു; നിന്റെ ന്യായപ്രമാണം എന്റെ പ്രമോദം ആകുന്നു" (സങ്കീ. 119:165,174). വേദപുസ്തക എഴുത്തുകാരെ സംബന്ധിച്ചിടത്തോളം ന്യായപ്രമാണം സന്തോഷവും സമാധാ നവും പ്രദാനം ചെയ്യുന്ന ഒന്നാണ്. അടിമനുകം അല്ല.

യാക്കോബ് അതിനെ 'സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം' എന്ന് വിളിക്കുന്നു. അതിൽ നിലനില്ക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ അനുഗ്രഹിക്കപ്പെടും എന്ന് അവൻ പറയുന്നു (യാക്കോ. 1:25).

കൽപന ഇല്ലാത്തിടത്ത് ലംഘനവും ഇല്ല. കൽപനാലംഘ നത്തിന്റെ അനേകം വിവരണങ്ങൾ ഉൽപത്തി പുസ്തകത്തിൽ നാം കാണുന്നു. അങ്ങനെ പാപം ചെയ്തവരിൽ ഉണ്ടായ ദൈവിക ന്യായവിധിയും അതോടൊപ്പംതന്നെ നമുക്ക് കാണാൻ കഴിയുന്ന താണ്. പാപത്തിന് തിരുവചനം കൊടുക്കുന്ന നിർവ്വചനം നിങ്ങൾ ഓർക്കുന്നുണ്ടാകും. ദൈവകൽപനയുടെ ലംഘനമാണ് പാപം (1

യോഹ. 3:4). പാപത്തിൽനിന്നും ഒഴിവാകണമെങ്കിൽ പത്തു കൽപ നകളുടെ ലംഘനത്തിൽനിന്നും ഒഴിവാകണം എന്നത് പുതിയ നിയമ ഉപദേശമാണ്. "ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുത് എന്നു കൽപിച്ചവൻ കൊല ചെയ്യരുത് എന്നും കൽപിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കൊല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു" (യാക്കോ. 2:10,11).

അബ്രഹാമിന്റെ യഥാർത്ഥ പിൻഗാമികൾ ക്രിസ്തുവിന്നുള്ളവർ എന്ന് പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു. അബ്രഹാമിന്റെ പിൻഗാമികളായ നാം ദൈവം അവനുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ നിയമ പ്രകാരമുള്ള അവകാശികളാണ് (ഗാലാ. 3:29). യേശുക്രിസ്തു രക്ഷകനാണ് എന്ന നമ്മുടെ വിശ്വാസവും അതിലുള്ള നമ്മുടെ ഉറപ്പും ആണ് അവനാലുള്ള നീതീകരണത്തിന് നമ്മെ യോഗ്യരാക്കുന്നത്!

ആകയാൽ ദൈവേഷ്ടത്തിന് അനുരൂപരായി നാം മാറേണ്ടിയിരിക്കുന്നു. ക്രിസ്തുവിൻെറ അനുസരണത്തിന്റെ മാതൃക അവനുമായുള്ള നമ്മുടെ ബന്ധത്തെ ബലപ്പെടുത്തി, അനുസരണത്തിൽ ജീവിപ്പാൻ നമ്മെ സഹായിക്കട്ടെ. "അവൻ നീതിമാൻ എന്ന് നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു" (1 യോഹ. 2:29). നാം വഞ്ചിക്കപ്പെട്ടുപോകരുത് എന്ന മുന്നറിയിപ്പും ദൈവം തരുന്നു. "കുഞ്ഞുങ്ങളേ, ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാൻ ആയിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു" (1 യോഹ. 3:7). ദൈവിക നിലവാരത്തിനനുസരണമായി നടപ്പാൻ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ നീതിയും നമ്മെ ശക്തീകരിക്കും.

"ദൈവത്തിന്റെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ. 19:7) എന്നെഴുതുവാൻ ദൈവം ദാവീദിനെ പ്രേരിപ്പിച്ചു. തികവുള്ള തന്റെ പത്തു കൽപനകളെ ദൈവമാണ് സകല ജനത്തോടും പ്രസ്താവിച്ചത്. ആ പ്രഖ്യാപനം ഒരു ഭയാനകവും വിസ്മയ ഭരിതവുമായ സംഭവമായിരുന്നു.



അവിടെയുണ്ടായിരുന്ന ജനത്തിന് യഹോവയുടെ ശബ്ദം കേട്ടപ്പോഴുണ്ടായ അനുഭവത്തെക്കുറിച്ച് ചിന്തിക്കുവാൻ പുറപ്പാട് 19 ഉം 20 ഉം അദ്ധ്യായങ്ങൾ പഠിക്കുന്നത് നന്നായിരിക്കും.

'തികവുള്ള' തന്റെ ന്യായപ്രമാണത്തെ പിന്നീടൊരിക്കൽ മാറ്റിമറിക്കേണ്ടിവരും എന്ന് ദൈവം ചിന്തിച്ചിരുന്നെങ്കിൽ ഇങ്ങനെ മനുഷ്യന് മനസ്സിലാകാത്ത വിധത്തിലുള്ളൊരു മാറ്റം ആയിരിക്കുമായിരുന്നുവോ അവൻ ചെയ്യുക? ആകാശവും ഭൂമിയും നീങ്ങിപ്പോകുവോളം ന്യായപ്രമാണത്തിന് മാറ്റം ഉണ്ടാകുകയില്ല എന്ന ഉറപ്പാണ് അവൻ നമുക്ക് തന്നിട്ടുള്ളത് (മത്താ. 5:18,19). അവൻ വീണ്ടും പറയുന്നു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും" (യോഹ. 14:15).

ന്യായപ്രമാണത്തെക്കുറിച്ചുള്ള സത്യത്തെ ഗ്രഹിക്കുന്നവർ അവയെ പൂർണ്ണമായും അനുസരിപ്പാൻ ദൈവസ്നേഹത്താൽ നിർബന്ധിക്കപ്പെടുകയാണ് ചെയ്യുന്നത്. രക്ഷിക്കപ്പെടാനല്ല, രക്ഷിക്കപ്പെട്ടതുകൊണ്ടാണ് അവയെ അനുസരിക്കുന്നത്. വിശ്വാസവും പ്രവൃത്തിയും പരസ്പര വിരുദ്ധങ്ങളല്ല. അവ പരസ്പരം ഒട്ടിച്ചേർന്ന് ഒരുമയോടെ പോകുന്നവയാണ്.

ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള പുസ്തകങ്ങളിൽ ദൈവകൽപനകൾ പ്രാബല്യത്തിലുണ്ട് എന്നത് വചനത്തെ മുൻവിധി കൂടാതെ പഠിക്കുന്ന ആർക്കും ഗ്രഹിപ്പാൻ സാധിക്കുന്ന കാര്യമാണ്. മോശെയുടെ ന്യായപ്രമാണം അക്ഷരീക യിസ്രായേൽ ജനത്തിനുവേണ്ടി താൽക്കാലികമായി ഉണ്ടാക്കിയ പഴയ ഉടമ്പടിയായിരുന്നു എന്നത് നാം മൂന്നാം അദ്ധ്യായത്തിൽ പഠിക്കുകയുണ്ടായി. അതുല്യവും നിത്യവുമായ ദൈവത്തിന്റെ പത്തു കൽപനകൾ പഴയതും പുതിയതുമായ രണ്ട് ഉടമ്പടികളുടെയും ഭാഗമായിരുന്നു. ദൈവിക ന്യായവിധിയുടെ മാനദണ്ഡവും അളവുകോലുമായി ലോകാരംഭം മുതൽ ഇന്നുവരെയും ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന ഒന്നാണ് ദൈവത്തിന്റെ മാറ്റമില്ലാത്ത ന്യായപ്രമാണം.

# 6. കർത്തൃദിനം

കർത്താവിന്റെ ദിവസം ഏതാണ് എന്ന കാര്യത്തിൽ തിരുവചനം സംശയങ്ങൾ ഒന്നുംതന്നെ ശേഷിപ്പിക്കുന്നില്ല. തിരുവചനം യഹോവയുടെ ദിവസത്തിന്റെ ബഹുമതി പൂർണ്ണമായും ശനിയാഴ്ചക്കുമാത്രം കൊടുത്തിരിക്കുന്നു എന്നത് ഒരുപക്ഷെ താങ്കളെ അതിശയിപ്പിക്കുന്നുണ്ടാകും. ഒന്നാം ദിനമായ ഞായറാഴ്ചയെ വേദപുസ്തകത്തിന്റെ ഒരു ഭാഗത്തും കർത്തൃദിനം എന്ന് വിശേഷിപ്പിച്ചിട്ടില്ല. അങ്ങനെയൊരു ബന്ധത്തെ പ്രകടമാക്കുന്ന ഒരു വാക്യംപോലും ദൈവവചനത്തിലില്ല. ഒന്നാം ദിനത്തെക്കുറിച്ച് വചനത്തിലുള്ള ഓരോ വാക്യവും ഈ അദ്ധ്യായത്തിൽ നാം പഠനവിഷയമാക്കുന്നു. ഒന്നാം ദിനത്തെക്കുറിച്ച് പരാമർശിക്കുന്ന എട്ടു വാക്യങ്ങൾ മാത്രമെ വചനത്തിലുള്ളു എന്നതിനാൽ ഈ പഠനം ക്ലേശകരമോ ദുർവഹമോ ആയിരിക്കും എന്ന് കരുതേണ്ട കാര്യമില്ല. എട്ടിൽ അഞ്ചു വാക്യങ്ങളും ഒരേ വിഷയത്തിന്റെ ആവർത്തനങ്ങളാണ്.

ഞായറാഴ്ച വിശുദ്ധി എന്ന തെറ്റ് സഭകളിൽ എത്തിയത് എങ്ങനെയാണ്. വേദപുസ്തക അടിസ്ഥാനത്തിൻമേലാണ് പല ക്രിസ്തീയ സഭകളും അവരുടെ ഉപദേശങ്ങളെ അടിസ്ഥാനപ്പെടുത്തുന്നത്. ശക്തമായ എല്ലാ വിശ്വാസങ്ങളും ആ ഉപദേശങ്ങളുമായി ബന്ധപ്പെട്ട വേദഭാഗങ്ങളുടെ ആഴമേറിയ പഠനങ്ങളിൽനിന്നും അവയെ എഴുതുവാൻ ഇടയാക്കിയ സന്ദർഭങ്ങളുടെ പരിശോധനയിൽ നിന്നുമാണ് രൂപം പ്രാപിക്കുന്നത്.

ഒന്നോ രണ്ടോ വേദഭാഗങ്ങളെ സന്ദർഭവിരുദ്ധമായി എടുത്ത് മനസ്സിലാക്കുവാൻ ശ്രമിക്കുന്ന മനുഷ്യർ പലപ്പോഴും വേദവിരുദ്ധ സിദ്ധാന്തങ്ങൾക്കും ഉപദേശങ്ങൾക്കും രൂപംകൊടുക്കുന്നവരായി



ത്തീരുന്നു. പരക്കെ അംഗീകരിക്കപ്പെട്ട ഒരു വിശ്വാസം എത്ര വേദവിരുദ്ധമായാലും അതിന്റെ യുക്തിരാഹിത്യത്തെക്കുറിച്ച് ആരും ചിന്തിക്കാറുമില്ല. ഞായറാഴ്ച ആരാധനയും വിശുദ്ധിയും ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. വേദപുസ്തകത്തിൽ അടിസ്ഥാനപ്പെടാത്തതും എന്നാൽ പരമ്പരാഗതമായി പരക്കെ അംഗീകാരവും പ്രചാരവും നേടിയതുമായ വെറും തെറ്റായ ഒരു വിശ്വാസമാണത്. കത്തോലിക്കരും കത്തോലിക്കരല്ലാത്തവരും ഒരുപോലെ പ്രയോഗത്തിലാക്കിയിരിക്കുന്ന വെറും ഒരു മാനുഷിക നിയമമാണ് ഞായറാഴ്ച ആചാരം.

ഈ മാനുഷിക നിയമമാണ് ദൈവത്തിന്റെ നാലാം കൽപനയായ ശബ്ബത്ത്കൽപനയുടെ സ്ഥാനം പരമ്പരാഗതമായി കയ്യടക്കിയിരിക്കുന്നത്. ദൈവവചനത്തെ മാറ്റാൻ സഭക്ക് അധികാരമുണ്ട് എന്ന് സമർത്ഥിക്കുവാൻ വേണ്ടി റോമൻ കത്തോലിക്കാസഭയാൽ സ്ഥാപിക്കപ്പെടുകയും അവരെ എതിർക്കുന്നു എന്ന് അവകാശപ്പെടുന്ന കത്തോലിക്കാസഭ അല്ലാത്ത സഭകളിലേക്ക് കൈമാറ്റം ചെയ്തതായി അവർതന്നെ അവകാശപ്പെടുകയും അവരുടെ ഈ അധികാരത്തിന്റെ മുദ്രയാകുന്ന ഞായറാഴ്ചയാചാരത്തിന്റെ ചരിത്രവും ഉത്ഭവവും എട്ടാം അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. “പിന്നെ അവരോടു പറഞ്ഞത്, നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻവേണ്ടി നിങ്ങൾ ദൈവകൽപന തള്ളിക്കളയുന്നത് നന്നായി”. “ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകൽപന ദുർബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു” (മർക്കൊ 7:9,13). യേശുവിന്റെ കാലത്തെ പരീശന്മാരെ അവൻ ശാസിക്കുന്നത് ഈ വാക്കുകളാലാണ്. മനുഷ്യന്റെ പാരമ്പര്യവും സമ്പ്രദായവുമായ ഞായറാഴ്ച ആചാരത്തെ മുറുകെപ്പിടിച്ചിരിക്കുന്ന ക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ യേശുവിന്റെ ഈ ശാസനയുടെ മാറ്റൊലി ശക്തമായി മുഴങ്ങേണ്ടതാണ്. യേശുക്രിസ്തുവിന്റെ ദിവസമായ ശനിയാഴ്ചയെ മനുഷ്യർ ഇന്ന് നിന്ദിക്കുകയും തുച്ഛീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വിശുദ്ധമായ ഒന്നിൻമേലാണ് അവർ ചവുട്ടി നിൽക്കുന്നത് എന്ന് അവരിൽ പലർക്കും അറിയില്ല.

“നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ

നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കി വച്ച്, ശബ്ബത്തിനെ ഒരു സന്തോഷം എന്നും യഹോവയുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥ സംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതെവണ്ണം അതിനെ ബഹുമാനിക്കുകയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും" (യെശയ്യാവ് 58:13,14). "എന്റെ വിശുദ്ധ ദിവസം" എന്നും "യഹോവയുടെ വിശുദ്ധ ദിവസം" എന്നുമാണ് ദൈവം ഏഴാംദിന ശബ്ബത്തിനെ വിളിക്കുന്നത്. അപ്പോൾ കർത്താവിന്റെ ദിവസം അഥവാ കർത്തൃദിനം ഏതാണ്? വചനം പറയുന്നത് അത് ശനിയാഴ്ചയാണെന്നാണ്. ദൈവത്തിന്റെ ദിവസമായ ഏഴാം ദിവസത്തിന്റെ വിശുദ്ധിയെ അവഗണിക്കുന്ന ഏതൊരുവനും അവന്റെ അധികാരത്തിന്മേലാണ് പുഛത്തോടെ കയറി നില്ക്കുന്നത്. പുറപ്പാട് 20:10-ൽ "ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു" എന്നാണ് ദൈവം പറയുന്നത്. അതെ, ഏഴാം ദിവസം യഹോവയുടേതാണ്. അതാണ്, ഞാൻ നേരത്തെ പറഞ്ഞതുപോലെ, കർത്തൃദിനം.

യേശുക്രിസ്തുവാണ് സകലതിന്റെയും സൃഷ്ടികർത്താവ് - ഒന്നും അവനെക്കൂടാതെ ഉളവായില്ല (യോഹ. 1:3). മനുഷ്യനെ സൃഷ്ടിച്ചയുടൻ തന്നെ അവന്റെ നന്മയ്ക്കുവേണ്ടി ക്രിസ്തു ശബ്ബത്ത് ദിവസത്തെയും സൃഷ്ടിച്ചു. ഈ വിശുദ്ധ ദിവസത്തിന്മേൽ അവൻ അവന്റെ കർത്തൃത്വം വിളംബരം ചെയ്യുന്നു: "ആകയാൽ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു" (മർക്കൊ. 2:28).

ഈ ദിവസത്തെ തള്ളിക്കളഞ്ഞിട്ട് അതിന്റെ സ്ഥാനത്ത് മനുഷ്യന്റെ സമ്പ്രദായമായ വേറൊരു ദിവസത്തെ പകരം വയ്ക്കത്തക്കവിധം അനേകം ക്രൈസ്തവരും വഞ്ചിക്കപ്പെട്ടുപോയത് എങ്ങനെയാണ്? വൈകല്പികമായ ഈ കള്ളനാണയം ദൈവിക ഭരണവ്യവസ്ഥിതിയിലേക്ക് തിരുകിക്കയറ്റിയതാരാണ്? ഇതുവരെ പറഞ്ഞ കാര്യങ്ങൾകൊണ്ട് ഈ വഞ്ചനയെ തിരുത്തുവാൻ ഒരുവൻ തുനിയുമോ എന്ന് എനിക്കറിയില്ല. കാരണം ഈ തെറ്റ് അത്രമാത്രം ആഴത്തിലേക്ക് കയറി ക്രിസ്തീയ സമൂഹത്തിൽ വേരുപിടിച്ചിരിക്കയാണ്.



നാലാം കൽപന അനുസരിക്കാത്ത ഒരു വ്യക്തിയുടെ എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടുണ്ടാവില്ല. ഒരു പക്ഷെ ഉത്തരം കിട്ടാതെ കിടക്കുന്ന നിരവധി ചോദ്യങ്ങൾ ഇനിയുമുണ്ടാകാം. ആ ഉത്തരങ്ങൾക്കായി നിങ്ങൾ എനിക്കൊപ്പം ഈ പുസ്തകത്തിന്റെ അവസാനം വരെയും യാത്ര ചെയ്യുക. നിങ്ങളുടെ മനസ്സിൽ തങ്ങിനില്ക്കുന്ന പല ചോദ്യങ്ങൾക്കും വരുംപേജുകളിൽനിന്നും ഉത്തരം ലഭിക്കും.

ദൈവത്തിന്റെ നാലാം കൽപനയെക്കൂടാതെ ഏഴാം ദിവസത്തിന് ഭൗമികമായ വിശുദ്ധിയോ പരിവേഷങ്ങളോ ഒന്നുംതന്നെയില്ല. 'ശുദ്ധീകരിപ്പാൻ ഓർക്ക' എന്ന കൽപനയാണ് അതിനെ പ്രത്യേകതയുള്ളതാക്കുന്നത്. ഈ കൽപനയെ കൂടാതെ ഏഴു ദിവസമുള്ള ആഴ്ചയ്ക്കും വേറെ യാതൊരു കാരണവുമില്ല. സൂര്യന്റെ സ്ഥാനത്തെയോ ഭ്രമണപഥത്തെയോ ഭൂമിയുടെ കറക്കത്തെയോ ഒന്നും ആശ്രയിച്ചല്ല ഏഴുദിവസം എന്ന ആഴ്ച നിലനിൽക്കുന്നത്. ഭൗമിക കാഴ്ചപ്പാടിൽ ആഴ്ചക്ക് അഞ്ചു ദിവസമോ പത്തു ദിവസമോ എന്തുകൊണ്ട് ആയിക്കൂടാ? ഏതു ദിവസത്തെ വിശുദ്ധമായി കണക്കാക്കിയാലെന്താണ്? ശനിയാഴ്ച സ്വസ്ഥമായിരിക്കുന്നതുകൊണ്ടും ആരാധിക്കുന്നതുകൊണ്ടും എന്തുനേട്ടമാണുള്ളത്? നാലാം കൽപനയില്ലെങ്കിൽ ഏതു ദിവസവും ഒരുപോലെയാണ്.

സകല ലോകവും ഏഴു ദിവസമുള്ള ഒരു ആഴ്ചവട്ടത്തെ അംഗീകരിക്കുകയും നിലനിർത്തിപ്പോരുകയും ചെയ്യുന്നതെന്തുകൊണ്ടാണ്? ദൈവ വചനത്തിന് പുറത്ത് കണ്ടെത്താവുന്ന എന്തെങ്കിലുമൊരു കാരണം അതിനുണ്ടോ? ദൈവവചനത്തിൽ, പക്ഷെ അതിനൊരു കാരണമുണ്ട് - സ്വർഗ്ഗീയമായ ഒരു കാരണം. ആറു ദിവസംകൊണ്ട് യഹോവ സകലതും സൃഷ്ടിക്കുകയും ഏഴാമത് വേറൊരു ദിവസത്തെ സൃഷ്ടിച്ച് അന്ന് സ്വസ്ഥമായിരിക്കയും ചെയ്തു എന്നതുമാത്രമാണ് ആ കാരണം. തന്റെ വചനത്തിന്റെ അധികാരത്താൽ മാത്രം ദൈവം സ്ഥാപിച്ച സമയക്രമമാണ് ഏഴു ദിവസങ്ങളുള്ള ആഴ്ച. മനുഷ്യസൃഷ്ടിക്കുശേഷം ദൈവം ചെയ്തത് എന്തെന്ന് ശ്രദ്ധിക്കുക: "താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാ

ക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്ന് നിവൃത്തനായതു കൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പ. 2:2,3).

'ഏഴാംദിവസം' എന്നത് കേവലം ഒരു പ്രാവശ്യമല്ല, മൂന്നു പ്രാവശ്യമാണ് ഈ വാക്യത്തിൽ കാണുന്നത്. ദൈവമാണ് മോശെ യെക്കൊണ്ട് ഈ വാക്കുകളെ മൂന്നു തവണ എഴുതിച്ചത്. ഏഴാം ദിവസം നമ്മുടെ ആഴ്ചയുടെ അവസാന ദിവസമായിരിക്കുന്നത്, വിശ്രമത്തിനും വിശുദ്ധ കൂട്ടായ്മയ്ക്കുമായി നാം അതിനെ ഉപ യോഗിക്കണം എന്ന ദൈവിക തീരുമാനത്തിന്റെ ഭാഗമായിട്ടാണ്.

ഏഴാം ദിവസം വിശുദ്ധമായിരിക്കുന്നതിന് ഒരു കാരണം മാത്ര മെയുള്ളു. ദൈവം ആ ദിവസത്തെ 'അനുഗ്രഹിച്ചു', 'ശുദ്ധീക രിച്ചു' 'എന്റെ വിശുദ്ധ ദിവസം' എന്ന് വിളിച്ചു എന്നതാണ് ആ ഏക കാരണം. ഏഴാം ദിവസത്തെ വിശുദ്ധം എന്ന് അംഗീകരി പ്പാൻ എനിക്കിതിലധികം കാരണങ്ങൾ ആവശ്യമില്ല. താങ്കൾക്കോ?

വെളിപ്പാടു പുസ്തകത്തിലെ യോഹന്നാന്റെ 'കർത്തൃദിവസം' എന്ന പ്രയോഗത്തെ നമുക്കെങ്ങനെ മനസ്സിലാക്കാം? യേശുക്രി സ്തുവിന്റെ വെളിപ്പാട് ലഭിച്ചപ്പോൾ അവൻ എഴുതി, "യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് എന്ന ദ്വീപിൽ ആയിരുന്നു. കർത്തൃദിവസത്തിൽ ഞാൻ ആത്മാവിവശനായി" (വെളി. 1:9,10).

യോഹന്നാന് വെളിപ്പാടു കിട്ടിയ 'കർത്തൃദിവസം' ഏതായി രുന്നു? ചിലർ ചിന്തിക്കുന്നത് ദൈവം തന്റെ ക്രോധത്തെ ഭൂമി മേൽ അയയ്ക്കുന്ന വലുതും ഭയങ്കരവുമായ അന്ത്യനാളിനെയാണ് യോഹന്നാൻ പരാമർശിക്കുന്നത് എന്നാണ്. മറ്റു ചിലർ ഇത് ഞായ റാഴ്ചയാണ് എന്നും കരുതുന്നു. എന്നാൽ ഈ ദർശനം ലഭിക്കു മ്പോൾ യോഹന്നാൻ ആയിരുന്ന സ്ഥലം, അവിടെ ആയിരിക്കുവാ നുള്ള കാരണം, 'ആത്മവിവശനായി'രിക്കുന്ന അവസ്ഥ എന്നിവ ശ്രദ്ധിക്കുക. ദർശനം ലഭിച്ച യഥാർത്ഥ ദിവസത്തെക്കുറിച്ച് പറ ഞ്ഞിരിക്കുവാനല്ലെ കൂടുതൽ സാദ്ധ്യത? മിക്ക വേദപണ്ഡിതന്മാരും ഈ വ്യാഖ്യാനത്തോട് യോജിക്കുന്നവരാണ്. 'കർത്തൃദിവസം' എന്നത് 'യഹോവയുടെ ദിവസം' എന്നാണ് മൂലഭാഷയായ ഗ്രീക്കിൽ ഉള്ളത്. ഒന്നാം ദിനമായ ഞായറാഴ്ചയെക്കുറിച്ച് ഇവിടെ



യാതൊരു പരാമർശവും ഇല്ല. എങ്കിൽ പിന്നെ തെറ്റായ ഈ ആശയം എവിടെ നിന്നുണ്ടായതാണ്?

പുരാതന റോമാസാമ്രാജ്യത്തിൽ ആഴ്ചയുടെ ആദ്യ ദിവസ മായ ഞായർ ചക്രവർത്തിയുടെ ദിവസം എന്നറിയപ്പെട്ടിരുന്നു. ഇതിനു കാരണം ചക്രവർത്തി ധനശേഖരണം നടത്തിയിരുന്നത് ഞായറാഴ്ചകളിലായിരുന്നതിനാലാണ്. സൂര്യാരാധകരായിരുന്ന വിജാതീയരും ഞായറാഴ്ചയെ സൂര്യ ഭഗവാന്റെ ദിവസമായി ബഹു മാനിച്ചുപോന്നു. യേശുവിനെ ആരാധിച്ചു എന്നതിനാൽ റോമാ ക്കാർ യോഹന്നാനെ പത്മൊസ് എന്ന ഏകാന്ത ദ്വീപിലേക്ക് നാടു കടത്തി. വിജാതീയ ചക്രവർത്തിയുടെയും സൂര്യദേവന്റെയും ദിന മായി വിഗ്രഹാരാധികൾ മാനിച്ചുപോന്ന ഞായറാഴ്ചയെ ദൈവ ദാസനായ യോഹന്നാൻ ദൈവത്തിന്റെ വിശുദ്ധ ദിവസമായി അംഗീ കരിക്കും എന്ന് താങ്കൾ കരുതുന്നുണ്ടോ?

യോഹന്നാൻ യേശുവിനോടുകൂടെ ശബ്ബത്ത്നാളിനെ ശുദ്ധീ കരിച്ചവനാണ്. ദൈവം ആ ദിനത്തെ തന്റെ സ്വന്തം എന്ന് വിളിച്ച വിവരവും യോഹന്നാനറിയാം. ഞാൻ ശബ്ബത്തിനും കർത്താവാ കുന്നു എന്ന് യേശു പറഞ്ഞപ്പോൾ യോഹന്നാനും കൂടെയുണ്ടാ യിരുന്നു. യേശുക്രിസ്തുവിന്റെ ദാസനും ശിഷ്യനുമായി സമർപ്പ ണജീവിതം നയിച്ച യോഹന്നാൻ 'കർത്തൃദിവസത്തിൽ' എന്ന് പറ ഞ്ഞിരിക്കുന്നത് ദൈവം വിശുദ്ധീകരിച്ച ഏഴാംദിന ശബ്ബത്ത് അല്ലാതെ മറ്റെന്താകാനാണ് സാദ്ധ്യത?

ക്രിസ്തു ഞായറാഴ്ച ഉയിർത്തതിനാൽ ഞായറാഴ്ച കർത്തൃ ദിനമായി മാറി എന്നു ചിലർ ചിന്തിക്കുന്നു. ക്രിസ്ത്യാനികൾ ഞായ റാഴ്ചയെ ആ കാരണത്താൽ അങ്ങനെ വിളിക്കുവാൻ തുടങ്ങി എന്നത് വ്യക്തവുമാണ്. എന്നാൽ ഇത് ഏകദേശം രണ്ടാം നൂറ്റാ ണ്ടിന്റെ അവസാനത്തോടെമാത്രം ആരംഭിച്ച ഒരു കാര്യമാണ്. അതാ യത്, വെളിപ്പാട് പുസ്തക രചനക്ക് ഏകദേശം എഴുപത്തിയഞ്ച് വർഷങ്ങൾക്കുശേഷം.

ജയിംസ് സ്ട്രോങ്ങിന്റെ വേദപുസ്തക പദാവലി പറയുന്നു: "നാം സാധാരണ ഞായർ എന്നു വിളിക്കുന്ന ദിവസമാണ് കർത്തൃ ദിനം". സാധാരണ, ഒരു കാര്യം സ്ഥാപിക്കാൻ സ്ട്രോങ്ങ് അതി നോട് യോജിക്കുന്ന അനേകം വാക്യങ്ങൾ കൊടുക്കുമ്പോൾ ഞായ

റാഴ്ചയാണ് കർത്തൃദിനം എന്ന് സ്ഥാപിക്കാൻ അദ്ദേഹത്തിന് ഒരൊറ്റ വാക്യം മാത്രമെയുള്ളു. വെളിപ്പാട് 1:10 മാത്രം. അതില ധികം കൊടുക്കുവാൻ ആർക്കും കഴിയുകയില്ല. ഈ വാക്യമാ കട്ടെ ഞായറാഴ്ചയെക്കുറിച്ച് ഒന്നും പറയുന്നുമില്ല.

'എന്റേത്' എന്ന് ദൈവം അവകാശപ്പെടുന്നതായി വചന ത്തിൽ കാണുന്നത് ഏഴാം ദിവസത്തെക്കുറിച്ച് മാത്രമാണ്. ഒന്നാം ദിനത്തിന് ഒരിക്കലും ആ പദവി ലഭിച്ചിട്ടില്ല. ഈ വിഷയം ആഴ മായി പഠിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ഞാൻ എഴുതിയിരിക്കുന്നതിന് വിരുദ്ധമായി എന്തെങ്കിലും വേദപുസ്തക തെളിവ് നിങ്ങൾക്കു ലഭിക്കുന്നു എങ്കിൽ ദയവായി എന്നെ അറി യിക്കുക. ഉൽപത്തി മുതൽ വെളിപ്പാടുവരെ പരിശോധിച്ചിട്ടും ഞായ റാഴ്ച കർത്തൃദിനമാണ് എന്ന് കാണിക്കുന്ന യാതൊരു തെളിവും എനിക്ക് ലഭിച്ചില്ല.

ദൈവം അഖിലാണ്ഡത്തിന്റെ സൃഷ്ടിതാവാകയാൽ എല്ലാ ദിവസങ്ങളുടെയും ഉടമസ്ഥാവകാശം അവനുള്ളതാണ്. എന്നാൽ അവൻ അനുഗ്രഹിച്ച് ശുദ്ധീകരിച്ച് പ്രത്യേകമായി മറ്റ് ദിവസങ്ങ ളിൽ നിന്നും മാറ്റി നിർത്തിയ ഒരേയൊരു ദിവസമാണ് വിശുദ്ധ ശബ്ബത്ത്.

ശബ്ബത്ത് അനുസരണത്തിന്റെ കാര്യത്തിൽ മനുഷ്യർ നമ്മെ വിധിക്കരുത് എന്ന പൗലൊസിന്റെ വാക്കുകൾ ഒരുപക്ഷെ നിങ്ങൾ ഓർക്കുന്നുണ്ടാകും. സംശയ ദുരീകരണത്തിനായി നമുക്ക് ഈ വാക്കുകളെക്കുറിച്ച് അൽപസമയം ചിന്തിക്കാം. "അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാ നിരുന്നവയുടെ നിഴലത്രെ" (കൊലൊ. 2:16,17). ഏത് ശബ്ബത്തിനെ ക്കുറിച്ചാണ് പൗലൊസ് ഇവിടെ സംസാരിക്കുന്നത് എന്ന് മനസ്സി ലാക്കുവാൻ ഈ വാക്യങ്ങളെ സന്ദർഭോചിതമായി പരിശോധിക്കേ ണ്ടത് അത്യന്താപേക്ഷിതമാണ്. മോശെയുടെ ന്യായപ്രമാണമായ 'കയ്യെഴുത്ത്' ക്രൂശിൽ തറയ്ക്കപ്പെട്ടതിനാൽ അതുമായി ബന്ധപ്പെട്ട നിബന്ധനകൾ നീക്കം ചെയ്യപ്പെട്ടു എന്ന് പഠിപ്പിക്കുകയാണ് പൗലൊസ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത് (കൊലൊ. 2:14).

യേശുക്രിസ്തുവിന്റെ ശുശ്രൂഷയെ സൂചകമായി കാണിക്കു



ന്നതും വർഷത്തിൽ പല തീയതികളിൽ വന്നിരുന്നതുമായ ഒന്നി ലധികം വാർഷികവും കർമ്മാചാരപരവുമായ ശബ്ബത്തുകൾ മോശെ യുടെ ന്യായപ്രമാണത്തിൽ ഉത്സവങ്ങളോട് ബന്ധപ്പെട്ട് നിലനി ന്നിരുന്നു. ഈ വാർഷിക ശബ്ബത്തുകളുടെ ആഘോഷങ്ങളെ നിയ ന്ത്രിച്ചിരുന്നത് എന്താണ്? മോശെയുടെ നിയമ പുസ്തകത്തിൽ അവയുടെ ആഘോഷരീതികളെക്കുറിച്ചും ആ ദിവസങ്ങളിലെ ഭക്ഷ ണം, പാനീയം മറ്റ് ആചരണങ്ങൾ എന്നിവ സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു.

ഈ വാർഷിക ശബ്ബത്തുദിവസങ്ങൾ മനുഷ്യരെ യേശുവി ലേക്ക് ചൂണ്ടിക്കാണിക്കുന്ന വെറും നിഴലുകൾ മാത്രമായിരുന്നു. ഈ നിഴലുകളുടെ പൊരുൾ, അഥവാ ശരീരം, ക്രിസ്തുവായിരു ന്നു. ഇക്കാരണത്താലാണ് കൊലൊസ്യർ 2:16,17-ൽ ഭക്ഷണം, പാനീയം എന്നിവയിലോ വാർഷിക നിഴൽ ശബ്ബത്തിനെ സംബ ന്ധിക്കുന്ന കാര്യങ്ങളിലോ ആരും നിങ്ങളെ വിധിക്കരുത് എന്ന് പൗലൊസ് പറയുന്നത് എന്ന് വ്യക്തം.

ദൈവത്തിന്റെ നാലാം കല്പനയായ ശബ്ബത്ത് എന്ന വിഷയ ത്തിലേക്ക് നമുക്ക് തിരിച്ചുവരാം. ഏഴാം ദിവസം എന്തുകൊണ്ട് ആരാധനാദിവസമായിരിക്കണം എന്നത് ഗ്രഹിപ്പാൻ ഒരു പക്ഷെ നമ്മുടെ ചിന്താഗതിയുടെ മാനുഷിക ബലഹീനതമൂലം നമുക്ക് കഴിഞ്ഞില്ലെന്നു വരാം. ശനിയാഴ്ചയുടെ പ്രത്യേകതയും വിശു ദ്ധിയും വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഉള്ളതാ ണ്. ഭൗമികമായി, അല്ലെങ്കിൽ വചനത്തിനുപുറത്ത് അതിന് പ്രത്യേ കതകളൊന്നുംതന്നെ ഇല്ല. ദൈവവചനത്തെ അംഗീകരിക്കാത്ത ഒരുവന് ഈ പറഞ്ഞിരിക്കുന്നതൊക്കെ അർത്ഥശൂന്യമാണ്. വച നത്തെ നിഷേധിക്കുകയും ദൈവകല്പനകളെ തിരസ്കരിക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നവ രാണ്!

സഭാശുശ്രൂഷകൾക്കായി ദൈവം മാറ്റിവച്ച ദിവസമാണ് ഏഴാം ദിവസമായ ശബ്ബത്ത്. "ആറു ദിവസം വേല ചെയ്യേണം: ഏഴാം ദിവസം വിശുദ്ധ സഭായോഗം കൂടേണ്ടുന്ന സ്വസ്ഥതയ്ക്കുള്ള ശബ്ബ ത്ത്. അന്ന് ഒരു വേലയും ചെയ്യരുത്" (ലേവ്യ. 23:3). വിശുദ്ധ സഭായോഗം കൂടേണ്ടുന്നതിന് ദൈവം വിളിച്ചിരിക്കുന്ന ദിനമാണ്

ശബ്ബത്ത്. യഹോവയെ ആരാധിക്കുവാനും, വിശുദ്ധ സഭായോഗം ചേരുവാനും ദൈവം നടത്തുന്ന ആഹ്വാനമാണത്! നാം പിൻപ റ്റേണ്ട മാതൃക യേശു വച്ചിരിക്കുന്നത് നോക്കുക, "ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു". (ലൂക്കൊ. 4:16).

യേശുവിന്റെ ക്രൂശുമരണത്തിനുശേഷം ക്രിസ്തുശിഷ്യന്മാർ ആരാധനയ്ക്കായി ഞായറാഴ്ചദിവസം കൂടിവന്നതിന് പുതിയ നിയ മത്തിൽ തെളിവുണ്ട് എന്ന് കല്പനാനിഷേധികളായ ചിലർ വാദി ക്കാറുണ്ട്. പുതിയ നിയമത്തിൽ മാത്രം ഏഴാംദിന ശബ്ബത്തിനെ ക്കുറിച്ച് അൻപത്തി ഒൻപത് പരാമർശങ്ങൾ നിലനിൽക്കെ, ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിനെക്കുറിക്കുന്ന വെറും എട്ട് പരാമർശ ങ്ങൾ മാത്രമാണ് ഉള്ളത്. എട്ടു പ്രാവശ്യം എന്നതിനാൽ പ്രാധാന്യം കുറഞ്ഞുപോയി എന്ന് ഞാൻ അവകാശപ്പെടുന്നില്ല. അവയ്ക്ക് കൊടുക്കേണ്ട പ്രാധാന്യത്തോടെതന്നെ നാം അവയെ പഠിക്കും. പക്ഷെ, അതിലേക്ക് വരുന്നതിനുമുൻപേ ദിവസം എന്നതിന്റെ തിരു വചന നിർവ്വചനം എന്താണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. "ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രി എന്നും പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, രണ്ടാം ദിവസം" (ഉല്പ. 1:5). വേദപുസ്തക പ്രകാരമുള്ള ദിവസം ആരംഭിക്കുന്നത് സൂര്യാസ്ത മയത്തോടെയാണ്. ലേവ്യർ 23:32-ൽ നാം ഇങ്ങനെ വായിക്കുന്നു:

"അത് നിങ്ങൾക്ക് സ്വസ്ഥതയ്ക്കുള്ള ശബ്ബത്ത്.... വൈകുന്നേരം മുതൽ പിറ്റേന്നാൾ വൈകുന്നേരംവരെ നിങ്ങൾ ശബ്ബത്ത് ആചരി ക്കേണം." പ്രതിവാര ശബ്ബത്ത് ആചരണം വെള്ളിയാഴ്ച സൂര്യാ സ്തമനം മുതൽ ശനിയാഴ്ച സൂര്യാസ്തമനം വരെ ആയിരുന്നു. ഇന്ന് ലോകം കണക്കാക്കുന്ന അർദ്ധരാത്രി മുതൽ അർദ്ധ രാത്രിവരെയുള്ള ദിവസത്തിന്റെ സമയക്കണക്ക് ജാതികളായ പുരാ തന റോമാക്കാരുടെ സമയക്രമമാണ്. അതിന് തിരുവചനവുമായോ ദൈവവുമായോ ബന്ധമില്ല. ക്രിസ്തുശിഷ്യന്മാർ റോമാക്കാരുടെ സമയമല്ല ദൈവത്തിന്റെ സമയക്രമമാണ് അനുസരിച്ചുപോന്നത്. സൂര്യാസ്തമനം മുതൽ സൂര്യാസ്തമനം വരെയുള്ള ദിവസമായി രുന്നു അവരുടെ ഒരു ദിവസം.



ക്രിസ്തുശിഷ്യരായിരുന്ന സ്ത്രീകൾ പുനരുത്ഥാന പ്രഭാത ത്തിൽ കല്ലറയിലേക്ക് പോകുന്നതുമായി ബന്ധപ്പെടുത്തിയുള്ള താണ് എട്ടിൽ അഞ്ച് 'ഒന്നാം നാൾ' പരാമർശങ്ങളും (മത്താ. 28:1; മർക്കൊ. 16:2; മർക്കൊ. 16:9; ലൂക്കൊ. 24:1; യോഹ. 20:1). ക്രൂശീക രണശേഷം, സമർപ്പണജീവിതം നയിച്ചിരുന്ന, ഈ ക്രിസ്തുശിഷ്യ കൾ ആദ്യം ചെയ്തത് 'ശബ്ബത്തിൽ കൽപന അനുസരിച്ച് സ്വസ്ഥ മായിരുന്നു' എന്നതാണ് (ലൂക്കൊ. 23:56). ക്രൂശിൽ വച്ച് ശബ്ബത്ത് കല്പന ഇല്ലാതായെങ്കിൽ അവർ എന്തിനാണ് ഇങ്ങനെ, ആ കല്പനയെ തുടർന്നും അനുസരിച്ചത് എന്ന ചോദ്യം തികച്ചും താൽപര്യ ജനകമായ ഒന്നാണ്. യേശുവിന്റെ ശരീരം തൈലാഭി ഷേകം ചെയ്യുന്നതിൽ അവർക്ക് ആകാംക്ഷയും ധൃതിയും ഉണ്ടാ യിരുന്നു. എത്രയും നേരത്തെ അത് ചെയ്യേണ്ടത് ആവശ്യവുമായി രുന്നു. എന്നിട്ടും അതിനു പോകാതെ സുഗന്ധവർഗ്ഗവും തൈലവും തയ്യാറാക്കി വച്ചശേഷം 'കല്പന അനുസരിച്ച് ശബ്ബത്തിൽ സ്വസ്ഥ മായിരിക്കയാണ് അവർ ചെയ്തത്. ദൈവത്തിന്റെ കല്പന ക്രൂശിൽ വച്ച് ഇല്ലാതായില്ല എന്ന് അവർ അറിഞ്ഞിരുന്നു. മുൻപരാമർശിച്ച അഞ്ച് 'ഒന്നാം നാൾ' പരാമർശങ്ങൾക്കും ആരാധനയുമായോ നാലാം കല്പനയുടെ ഇല്ലാതാകലുമായോ യാതൊരു ബന്ധവുമി ല്ല. ഇനി ശേഷിക്കുന്ന മൂന്ന് വാകൃങ്ങളെ ചുരുക്കമായി പരിശോ ധിക്കാം.

1. യോഹ. 20:19: "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ദിവസം നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്ത് യഹൂ ദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ.... " ഉയിർപ്പു ഞായ റാഴ്ചയായ ഒന്നാംനാൾ ഭയചകിതരായ ക്രിസ്തുശിഷ്യന്മാർ ഒരുമിച്ച് ഒരു സ്ഥലത്ത് കൂടിയിരിക്കുന്നതായാണ് ഇവിടെ നാം വായിക്കുന്നത്. പേടിച്ച് കതകടച്ച് ഒരുമിച്ചിരിക്കയാണ വർ. ഇതൊരു ആരാധനയായിരുന്നു എന്ന് എങ്ങനെ പറയു വാൻ കഴിയും? ക്രിസ്തു കല്ലറയിൽനിന്നും ഉയിർക്കും എന്ന കാര്യംതന്നെ ഈ സമയത്ത് അവർക്കറിയില്ല. യേശു ചിലർക്കൊക്കെ പ്രത്യക്ഷപ്പെട്ടു എന്ന വാർത്ത അവർ വിശ്വ സിക്കുന്നുമില്ല. ശിഷ്യരായിരുന്ന ചില സ്ത്രീകൾക്കും ക്രിസ്തുവിനോടൊപ്പം നടന്ന എമ്മാവൂസിലെ പുരു

ഷന്മാർക്കും അവൻ ഇതിനോടകം പ്രത്യക്ഷനായിരുന്നു. ഭയം മൂലമാണ് ഈ ശിഷ്യന്മാർ ഒന്നിച്ചിരുന്നത്. ഇതിന്റെ പശ്ചാത്തലം കൂടുതൽ ഗ്രഹിപ്പാനായി മർക്കൊസ് 16:12-14; ലൂക്കൊസ് 24:33-49 എന്നീ വേദഭാഗങ്ങൾ വായിക്കുക.

2. അപ്പൊ. 20:7: "ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗം നീട്ടി".

പിറ്റെ ദിവസം രാവിലെ അവരെ വിട്ട് പോകുന്ന പൗലൊസിനോടൊപ്പം ഭക്ഷണം കഴിക്കാനും അവന് യാത്രാമംഗളങ്ങൾ നേരുന്നതിനുമായി കൂടിയ ഒരു പ്രത്യേക യോഗമാണിത്. ഈ യാത്രയയപ്പ് യോഗം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ നടന്നതായി ലൂക്കൊസ് രേഖപ്പെടുത്തുന്നു. അതായത് ശനിയാഴ്ച സൂര്യാസ്തമനത്തിനു ശേഷം. പൗലൊസ് അനവധി കാര്യങ്ങൾ പറഞ്ഞതിനാൽ അവന്റെ പ്രസംഗം പാതിരായോളം നീണ്ടു. യൂത്തിക്കൊസ് പ്രസംഗമദ്ധ്യേ — രാത്രിയായതിനാൽ — ഉറങ്ങി മൂന്നാം നിലയിൽനിന്നു വീണ് മരിച്ചു. മരിച്ചുപോയ ആ വ്യക്തിയെ ജീവനിലേക്ക് തിരികെ കൊണ്ടുവരുന്നതിന് പൗലൊസിൽകൂടെ ദൈവം നടത്തിയ അത്ഭുതത്തെ വിവരിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ വേദഭാഗം എഴുതപ്പെട്ടത് എന്ന് വിശ്വസിക്കുന്ന അനേകം വേദപണ്ഡിതന്മാരുണ്ട്. ഈ സംഭവത്തിനുശേഷം പൗലൊസ് നേരം വെളുക്കുവോളം അവരോട് സംസാരം തുടർന്നു. ഇവിടെ ഒരു ആരാധന നടന്നതായി യുക്തിസഹമായി ചിന്തിക്കുവാൻ കഴിയില്ല.

"അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ" എന്ന് പറഞ്ഞിരിക്കുന്നത് തിരുവത്താഴ ശുശ്രൂഷയാണെന്നും അതിനാൽ അവിടെ നടന്നത് ആരാധനയാണ് എന്നും സമർത്ഥിക്കുന്നവരുണ്ട്. യഹൂദാ പാരമ്പര്യത്തിൽ 'അപ്പം നുറുക്കുക' എന്നാൽ ഭക്ഷണം കഴിക്കുക, ഭക്ഷണം പങ്കുവെയ്ക്കുക എന്നൊക്കെയാണ് അർത്ഥം. തിരുവത്താഴ ശുശ്രൂഷ എന്നല്ല. കുടുംബനാഥൻ, അപ്പം എടുത്ത് പ്രാർത്ഥിച്ചശേഷം മേശക്കു ചുറ്റുമിരിക്കുന്ന അംഗങ്ങൾക്ക് മുറിച്ച് കൊടുക്കുന്നത് യഹൂദാരീതിയാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ തന്നെ അഞ്ചു തവണ ഈ പ്രയോഗശൈലി ഉപയോഗിച്ചിരിക്കുന്നു (പ്രവൃത്തികളുടെ പുസ്തകം 2:42,46; 20:7,11; 27:35). തുടർന്ന് മർക്കൊസ് 6:41; 8:6; ലൂക്കൊ. 24:30,35 എന്നിവിടങ്ങളിലും അതുതന്നെ നാം വായിക്കുന്നു. ഞാൻ അപ്പൊ.പ്ര. 27:35 ഉദ്ധരിക്കട്ടെ, "ഇങ്ങനെ പറഞ്ഞിട്ട് അപ്പം എടുത്ത് എല്ലാവരും കാൺകെ ദൈവത്തെ വാഴ്ത്തിയിട്ട് നുറുക്കി തിന്നുതുടങ്ങി". ഇത് തിരുവത്താഴമല്ല. പൗലൊസ് അനേക ദിവസത്തെ പട്ടിണിക്കും കഷ്ടപ്പാടിനുംശേഷം കപ്പലിൽവെച്ച് ഭക്ഷണം കഴിച്ചു എന്നു മാത്രമെ ഇതിന്നർത്ഥമുള്ളു. ഇനി അടുത്ത വാക്യത്തിലേക്ക് പോകാം.

3. 1 കൊരി 16:2 "ഞാൻ വന്നശേഷം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളത് ചരതിച്ച് തന്റെ പക്കൽ വച്ചുകൊള്ളേണം". ഒന്നാം നാൾ പരാമർശമുള്ള എട്ടാമത്തേതും അവസാനത്തേതുമായ വേദഭാഗമാണിത്. ദാരിദ്ര്യത്തിലായിരുന്ന യെരുശലേമിലെ വിശ്വാസികളെ സഹായിക്കുന്നതിനായി ഓരോരുത്തരും യഥാക്രമം ഒരു സംഭാവന ഒന്നാം നാൾ തോറും ശേഖരിച്ച് അത് അവരവരുടെ പക്കൽ സൂക്ഷിച്ചുകൊള്ളുവാൻ പൗലൊസ് വിശ്വാസികളോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. മൂലഭാഷയായ ഗ്രീക്കിൽ സ്വഭവനങ്ങളിൽ സൂക്ഷിക്കുക എന്ന നിർദ്ദേശമാണുള്ളത്. പൗലൊസ് എത്തുമ്പോഴേക്കും സഹായധനം തയ്യാറാക്കി വയ്ക്കാനാണ് ആവശ്യപ്പെടുന്നത്. അവൻ വന്ന ശേഷം പ്രതിനിധികളിലൂടെ അത് യെരുശലേമിൽ എത്തിക്കുക എന്നതായിരുന്നു ഉദ്ദേശം. ഞായറാഴ്ച ഒരു ആരാധനയ്ക്കായി ആരും കൂടി വന്നതായി ഇവിടെ കാണുന്നില്ല.

യേശുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട അഞ്ചു വാക്യങ്ങളെ ക്കൂടാതെയുള്ള മറ്റ് മൂന്നു വാക്യങ്ങളാണ് നാം പരിശോധിച്ചത്. 'ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ' എന്ന് പരാമർശമുള്ള ഈ മൂന്നു വാക്യങ്ങളിലും ദൈവം തന്റെ വിശുദ്ധദിനമായ ഏഴാം ദിവസത്തിന്റെ വിശുദ്ധിയെ ഒന്നാംനാളിലേക്ക് മാറ്റിയതായി യാതൊന്നും പറയുന്നില്ല. ശിഷ്യന്മാരും ആദിമ സഭയും ഞായറാഴ്ചകളിൽ ആരാധനയ്ക്കായി കൂടിവന്നു എന്ന് വാദിക്കുന്നതിനുവേണ്ടി മുൻ ഉദ്ധരിച്ച വാക്യങ്ങളെ ആശ്രയിക്കുന്നവർ സത്യനിഷേധം നടത്തുന്ന

തിനും സത്യത്തിനെതിരെ മത്സരിക്കുന്നതിനുംവേണ്ടി വൃഥാ ശ്രമം നടത്തുന്നവരാണ്.

തന്റെ വിശുദ്ധ ദിവസത്തെക്കുറിച്ച് ഇത്രയധികം പ്രാധാന്യം കൊടുത്ത് സംസാരിച്ചിട്ടുള്ള ദൈവം തന്റെ അറിവോടെ അതിനൊരു മാറ്റം വരുത്തിയിരുന്നെങ്കിൽ തന്റെ വചനത്തിൽകൂടെ അത് നമ്മെ അറിയിക്കാതെയിരിക്കുമായിരുന്നില്ല. മനുഷ്യർ തന്റെ കല്പനയെ ഒരു ചവിട്ടുമെത്തപോലെ ഉപയോഗിപ്പാനും തങ്ങളുടെ ഊഹാപോഹങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അനുസരണമാക്കി മാറ്റുവാനും ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല.

ഞായറാഴ്ച ആചരണം എന്നത് മനുഷ്യന്റെ വെറും ശീലവും പാരമ്പര്യവും മാത്രമാണ്. വേദപണ്ഡിതരിൽ പലരും അത് അംഗീകരിക്കുന്നുണ്ട്. ഒൻപതാം അദ്ധ്യായത്തിൽ അതിലേക്ക് നാം വിശദമായി വരുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം ആരാധനയ്ക്കായി മാറ്റി വയ്ക്കണം എന്ന് സമ്മതിക്കുന്നവരാണ് പലരും. ഏതു ദിവസമായാലും മതി എന്നതാണ് അവരുടെ ചിന്ത. വിശ്രമത്തിനായി ഒരു ദിവസം വേണമെന്നെ ഉള്ളു. സൃഷ്ടിതാവായ ദൈവത്തിന്റെ മുഖത്ത് കൊടുക്കുന്ന എത്ര വലിയൊരു പ്രഹരമാണത്! എന്നെ സൃഷ്ടിച്ച ദൈവത്തെക്കാൾ ശ്രേഷ്ഠനാണ് ഞാൻ എന്ന ചിന്തയുടെ ഉൽകൃഷ്ടമായ ഉദാഹരണമായേ അതിനെ കാണാൻ കഴിയൂ. ഞാൻ ഏതു ദിവസം വിശ്രമിക്കണം എന്നു പറയാൻ നിനക്കവകാശമില്ല എന്ന് ദൈവത്തോട് മനുഷ്യൻ പറയുകയാണ്. ദൈവത്തിന്റെ കൽപനകൾ പലപ്പോഴും നമ്മുടെ പരിമിതവും ചെറുതുമായ മനസ്സിന് ഗ്രഹിപ്പാൻ കഴിവുള്ളതല്ല എങ്കിലും അനുസരണം എന്ന ഉത്തരവാദിത്വത്തിൽനിന്നും അത് നമ്മെ സ്വതന്ത്രമാക്കുന്നില്ല.

വേദപുസ്തക ശബ്ബത്തനുസരണത്തിൽനിന്ന് എന്നെ പിൻതിരിപ്പിക്കാൻ സദുദ്ദേശമുള്ള അനേകം ക്രിസ്ത്യാനികൾ വർഷങ്ങളായി ശ്രമിച്ചിട്ടുണ്ട്. 'നിയമസിദ്ധാന്തം' 'അടിമത്തം' 'യഹൂദ്യം' തുടങ്ങി പല വാക്കുകളും അവർ ഉത്തേജന സ്വരത്തിൽ പറഞ്ഞിട്ടുമുണ്ട്. മറ്റ് ഒൻപതു കൽപനകളുടെ പാലനം യഹൂദ്യമോ അടിമത്തമോ ആയി ഇവരിൽ ആരുംതന്നെ കാണുന്നതായി ഞാൻ കരുതുന്നില്ല. കൊല ചെയ്യരുത് എന്ന ദൈവകല്പന അനുസരിച്ചാൽ നാം യഹൂദ്യ പാരമ്പര്യത്തിന്റെ അടിമയായിത്തീരും എന്നോ



അങ്ങനെ ചെയ്യുന്നവർ നിയമസിദ്ധാന്തികളാണെന്നോ ആരെങ്കിലും പറയുന്നതിനെക്കുറിച്ച് ചിന്തിച്ചുനോക്കുക! ഒരു വിഗ്രഹത്തിന്റെ മുൻപിൽ കുമ്പിടാതിരിക്കുന്നതിനെയോ സൃഷ്ടിതാവായ ദൈവത്തിനു പകരം അന്യദേവന്മാരെ ആരാധിക്കാതിരിക്കുന്നതോ ഒന്നും അടിമത്തമല്ല. അവരെ സംബന്ധിച്ചിടത്തോളം നാലാം കല്പനയുടെ അനുസരണം മാത്രമാണ് യഹൂദ്യവും അടിമത്തവും. ശബ്ബത്ത് പരിപാലനം എന്നത് ദൈവവുമായുള്ള ഈടാർന്ന ബന്ധത്തിന്റെ അനുഭവമാണ്. ദൈവവുമായുള്ള ബന്ധം സ്വതന്ത്രമാണ്; അടിമത്തമല്ല.

എഫെസ്യർ 2:8 വായിച്ചതിനുശേഷം 'നാം രക്ഷിക്കപ്പെടുന്നത് കൃപയാലാണ്; അതിന് വിശ്വാസം മാത്രം മതി' എന്ന് ഉന്മേഷത്തോടെ പറയുന്ന മറ്റൊരു കൂട്ടരുണ്ട്. ആ വാദം പൂർണ്ണമായും ശരിയാണ്. ഞാൻ അംഗീകരിക്കുന്നു. "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" എന്ന എഫെസ്യർ 2:10 ഈ ആശയക്കാർ വായിച്ചിട്ടില്ലെ എന്ന സംശയം തികച്ചും ന്യായമാണ്. "പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിഷ്ഫലം' എന്ന യാക്കോബ് 2:20–നെക്കുറിച്ച് എന്തു പറയുന്നു? എബ്രായർ 5:9–ൽ പൗലൊസ് പറയുന്നത്, "തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി ത്തീർന്നു" എന്നാണ്. തന്നെ അനുസരിക്കുന്നവർക്കാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നല്കുന്നത് (അപ്പൊ. 5:32).

വിശ്വാസത്താൽ കൃപ മൂലം രക്ഷ പ്രാപിക്കുന്നതിനാൽ ദൈവകല്പനകളെ അവഗണിക്കാം എന്ന് പൗലൊസ് എവിടെയാണ് പറഞ്ഞിട്ടുള്ളത്? "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്" (റോമർ 3:20). "ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരു നാളും ഇല്ല. നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നു" (റോമർ 3:31).

'ഉറപ്പിക്കുക' എന്നാൽ 'നിൽക്കുവാൻ ഇടയാക്കുക' എന്നാണർത്ഥം. വിശ്വാസത്താൽ നാം ന്യായപ്രമാണത്തെ നില്ക്കുവാൻ

ഇടയാക്കുകയാണ് ചെയ്യുന്നത്. യേശുക്രിസ്തുവിനെ കൂടാതെ ഒന്നും ചെയ്യുവാൻ നമുക്കു കഴിയില്ല! നമ്മെ പൂർണ്ണമായും മാറ്റ ത്തിന് വിധേയമാക്കുവാൻ കഴിവുള്ള പരിശുദ്ധാത്മാവിന്റെ ശക്തി യാൽ മാത്രമെ അവന്റെ കല്പനകളെ അനുസരിപ്പാൻ നമുക്ക് സാധി ക്കുകയുള്ളു.

യിരെമ്യാ. 31:33-ൽ ദൈവം പുതിയ ഉടമ്പടിയെക്കുറിച്ച് കൊടു ത്തിരിക്കുന്ന വാഗ്ദത്തം എബ്രായർ 8:10-ൽ ലേഖകൻ ആവർത്തി ക്കുന്നു: "എന്റെ ന്യായപ്രമാണത്തെ ഞാൻ അവരുടെ ഉള്ളിൽ ആക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവും ആയിരിക്കും". ദൈവത്തിന്റെ ന്യായപ്രമാണം വിശ്വാസത്താലാണ് നമ്മുടെ ഹൃദയങ്ങളിൽ എഴു തപ്പെടുന്നത്.

പരിപൂർണ്ണമായ വിശ്വാസവും ദൈവാശ്രയവുമാണ് സ്രഷ്ടി പ്പിൻ സ്മാരകമായ വിശുദ്ധ ശബ്ബത്തിന്റെ നിലനില്പിന് ഇടയാ ക്കുന്നത്. ഓരോ ഏഴാംദിന ശബ്ബത്തും ദൈവം നമ്മുടെ സൃഷ്ടി താവാണ് എന്ന ചിന്തയിലേക്ക് നമ്മെ മടക്കി കൊണ്ടുപോകുന്നു. ആദിയിൽ അവൻ നമ്മെ അവന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു. ഇന്ന് അവൻ നമ്മെ അവന്റെ സ്വരൂപത്തിൽ പുനഃസൃഷ്ടിച്ചുകൊണ്ടിരി ക്കുന്നു. തന്റെ സൃഷ്ടിപ്പിൻ സ്മാരകമായി ദൈവം തന്റെ ശബ്ബ ത്തിനെ വേർതിരിച്ച ദിവസത്തിലേക്ക് നാം വിശ്വാസത്താൽ തിരിഞ്ഞു നോക്കുന്നു (ഉല്പ. 2:2,3).

ആറു ദിവസത്തിലെ നമ്മുടെ തിരക്കുകളുടെ സമ്മർദ്ദം നമ്മെ ഭൗമികതയിൽ ബന്ധിക്കും എന്ന് ദൈവം അറിഞ്ഞിരുന്നു. ഈ ബന്ധനം ദൈവത്തെ സ്നേഹിക്കുന്നതിൽനിന്നും നമ്മെ അകറ്റും എന്ന് ദൈവം മനസ്സിലാക്കി. അതിനാലാണ്, ദൈവസന്നിധിയിലെ ത്തി, അവന്റെ കരുണകളെക്കുറിച്ച് ധ്യാനിപ്പാനും ആത്മിക പ്രചോ ദനവും ശാരീരിക വിശ്രമവും ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും വളർത്തുവാനായി അവൻ ഒരു ദിവസത്തെ നമുക്കായി അനുഗ്ര ഹിച്ചു വേർതിരിച്ചത്.

ഓരോ എഴാംദിന ശബ്ബത്തിലും ലൗകിക ഭാരങ്ങളെ ഇറക്കി വച്ച് ദൈവത്തിലേക്ക് ശ്രദ്ധയെ കേന്ദ്രീകരിക്കുവാൻ നമുക്ക് കഴി യും. നമ്മിൽ ഉള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാ



ണെന്ന് നമുക്കറിയാം (1 യോഹ. 4:4). "നിങ്ങൾ എന്റെ ശബ്ബത്തു കളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോ വയാകുന്നു എന്ന് അറിയേണ്ടതിന് അത് തലമുറ തലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു. അതുകൊണ്ട് നിങ്ങൾ ശബ്ബത്ത് ആചരിക്കേണം" (പുറ. 31:12,13). ദൈവം നമ്മെ വിശുദ്ധിയിൽ നടത്തുന്നവനാണെന്ന വിശ്വാസ ത്താൽ നാം അവന്റെ കല്പനയെ പാലിക്കുന്നു (യെഹെ 20:12). നല്ല പ്രവൃത്തിയെ നമ്മിൽ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് നാം വിശ്വാസത്താൽ അംഗീ കരിക്കുന്നു (ഫിലി. 1:4). ദൈവത്തിന്റെ അധികാരത്തിന്റെ മുദ്രയാണ് ഏഴാംദിന ശബ്ബത്ത്. അവൻ അതിനെ തനിക്കും തന്നാൽ വിശു ദ്ധീകരിക്കപ്പെട്ട തന്റെ മക്കൾക്കും മദ്ധ്യേയുള്ള അടയാളം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

യഹോവയിൽ ആശ്രയം വയ്പാനും അവനെ അനുസരി പ്പാനും നാം തയ്യാറാണോ? നമ്മുടെ ഭക്തിയുടെയും കൂറിന്റെയും അടയാളംകൂടിയാണ് ശബ്ബത്ത്. പാരമ്പര്യത്താൽ ദൈവകല്പനയെ ദുർബലമാക്കുന്ന മതനേതൃത്വത്തെയാണോ അതോ ദൈവത്തെ യാണോ നാം സേവിക്കുന്നത് എന്ന് സ്വയം ചോദിച്ചുനോക്കാം. പാരമ്പര്യമാണോ ദൈവവചനമാണോ നമുക്കു വലുത്? വിശുദ്ധ ശബ്ബത്ത് നിത്യമാണ്. അത് നിത്യത മുഴുവൻ നിലനില്ക്കുന്നു. യെശയ്യാ. 66:22,23 ശ്രദ്ധിക്കുക: "ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാ ശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനിൽക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനിൽക്കും എന്ന് യഹോവയുടെ അരുളപ്പാട്. പിന്നെ അമാവാസിതോറും ശബ്ബത്തു തോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്ന് യഹോവ അരുളിചെയ്യുന്നു". നമ്മുടെ സന്തോഷത്തെ നശിപ്പിക്കാൻ അടിസ്ഥാനമില്ലാത്ത മാനുഷിക ഉപദേശങ്ങൾക്ക് അനുവാദം കൊടുക്കരുത്. 'എന്റെ ശബ്ബത്ത്' എന്ന് ദൈവം വിളി ക്കുന്ന ഏഴാം ദിവസമാണ് കർത്താവിന്റെ ദിനം. ആ ദിവസത്തി ലാണ് യോഹന്നാൻ ആത്മവിവശനായത്. മറിച്ചുള്ള പഠിപ്പിക്കലു കൾ ദൈവവചനത്തിൽ നിന്നുള്ളവയല്ല.

# 7. മനുഷ്യനുവേണ്ടി

"പിന്നെ അവൻ അവരോട്: മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായത്.... എന്ന് പറഞ്ഞു" (മർക്കൊ. 2:27). എന്താണ് യേശു ഈ പ്രസ്താവനയിൽ അർത്ഥമാക്കുന്നത്? ശബ്ബത്ത് സൃഷ്ടിക്കപ്പെട്ടത് മനുഷ്യനുവേണ്ടിയാണെന്നാണ് യേശു പറയുന്നത്. സകല നല്ല ദാനങ്ങളുടെയും ഉറവിടമാണ് ദൈവം. മനുഷ്യനോടുള്ള സ്നേഹത്താൽ കൊടുക്കപ്പെട്ട ശബ്ബത്ത് അവന്റെ ന്യായപ്രമാണത്തിന്റെ പ്രധാനപ്പെട്ട ഭാഗമായിരുന്നു. ആ ദിവസത്തിന്റെ അനുഗ്രഹത്തെ നശിപ്പിക്കുംവിധം അതിനോട് മുപ്പത്തി ഒൻപത് മാനുഷിക നിയമങ്ങളെ പരീശന്മാർ കൂട്ടിച്ചേർത്തു: കോഴി ശബ്ബത്തിൽ ഇടുന്ന മുട്ട കഴിക്കരുത്; കെട്ടരുത്; കെട്ടഴിക്കരുത് തുടങ്ങിയ അബദ്ധ നിയന്ത്രണങ്ങൾ.

വിവേകശൂന്യമായ ഈ നിയമങ്ങൾമൂലം, അനുഗ്രഹങ്ങൾക്കുപകരം, ശബ്ബത്ത് അവർക്കൊരു ഭാരമായിത്തീർന്നു. ഇങ്ങനെ ശബ്ബത്ത് അനുഭവം ആത്മീകതയിൽനിന്ന് മനുഷ്യനിർമ്മിത നിയന്ത്രണങ്ങളിലേക്ക് യേശുവിന്റെ കാലത്ത് കൂപ്പുകുത്തി.

യേശുക്രിസ്തു ശബ്ബത്തിന്റെ കർത്താവാണ്. പരീശന്മാർ പ്രചരിപ്പിച്ചിരുന്നതുപോലെ അവൻ അതിന്റെ അടിമ ആയിരുന്നില്ല. തന്റെ വിശുദ്ധ ദിവസത്തെ ചുറ്റിപ്പറ്റി നിലനിന്ന വിവാദങ്ങൾക്ക് അംഗീകാരം നൽകാൻ യേശു മുതിർന്നില്ല. ആത്യന്തികമായി അവൻ ഉദ്ദേശിച്ച ആത്മീക തലത്തിലേക്ക് അതിനെ പുനഃസ്ഥാപിപ്പാൻ അവന് അധികാരമുണ്ടായിരുന്നു.

"സൃഷ്ടിപ്പിൽ മനുഷ്യനുവേണ്ടി സ്ഥാപിക്കപ്പെട്ട ശബ്ബത്ത് സ്ഥിരതയുള്ളതും സകലർക്കുംവേണ്ടി ഉള്ളതും ആകുന്നു. മനുഷ്യന്റെ ശാരീരിക ആവശ്യങ്ങൾ അവന് ഒരു വിശ്രമത്തെ അനി



വാര്യമാക്കിയിരിക്കുന്നു. സാധാരണ വേലയിൽനിന്ന് മാറി ആഴ്ചയിൽ ഒരിക്കലെങ്കിലും വിശ്രമിക്കത്തക്ക രീതിയിലാണ് മനുഷ്യന്റെ ശാരീരിക ഘടന നിർമ്മിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ സാന്മാർഗ്ഗികവും ആത്മീകവുമായ ആവശ്യങ്ങൾക്കും ഒരു ശബ്ബത്ത് വിശ്രമത്തിന്റെ ആവശ്യമുണ്ടെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു" (ഈസ്റ്റൺസ് ഇല്ലുസ്ട്രേറ്റഡ് ഡിക്ഷ്നറി).

വിക്ടോറിയൻ മനഃസാക്ഷി എന്ന് അറിയപ്പെട്ടിരുന്ന ക്രിസ്തീയ നവോത്ഥാന പ്രചാരകൻ റോബർട്ട്സൺ ഇപ്രകാരം പറയുന്നു: "മനുഷ്യ പ്രകൃതത്തിന്റെ നിത്യമായ ആവശ്യകതകളിലൊന്നാണ് ശബ്ബത്ത് ആചരണമെന്ന് ഞാൻ വളരെയധികം അനുഭവങ്ങളിലൂടെ മനസ്സിലാക്കുന്നു. മനുഷ്യൻ, മനുഷ്യനായിരിക്കുന്ന കാലത്തോളം ശബ്ബത്താചരണം അവന് വിശ്രമത്തെക്കാളുപരി ആത്മീക അനുഗ്രഹങ്ങളും നൽകും എന്നത് അനിഷേധ്യമായ വസ്തുതയാണ്. നിത്യമായ ആവശ്യം എന്നതിനാൽ നിത്യമായി അനുസരിപ്പാൻ നാം കടപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നാം ആത്മീകമായി ഉണങ്ങിപ്പോകും. ആചരണത്തിന്റെ അനുപാതത്തിനനുസരണമായി വളരുന്ന ഒന്നാണത്. മനുഷ്യന് ആവശ്യമുള്ളതിനാലാണ് ദൈവം അതിനെ സ്ഥാപിച്ചത്".

സ്വർഗ്ഗീയ വിശ്രമത്തിന്റെ ഒരു മാതൃകയാണ് ശബ്ബത്ത്. ദൈവവുമായുള്ള അഗാധമായ ബന്ധത്തിനുവേണ്ടിയാണത്. നിത്യമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്ന ദൈവത്തെ പൂർണ്ണമായി ആശ്രയിപ്പാൻ അത് നമ്മെ സഹായിക്കുന്നു. ഇങ്ങനെ അവന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കുന്ന നമ്മിൽ അവൻ, തന്റെ ശക്തിയാൽ, വിശുദ്ധീകരണപ്രക്രിയ മാറ്റമില്ലാതെ നടത്തും. തന്നോടുള്ള സ്നേഹത്താൽ അനുസരണത്തിൽ ജീവിക്കുന്നതിനാവശ്യമായ ശക്തി അവൻ നമുക്ക് പ്രദാനം ചെയ്യും.

ശബ്ബത്ത് അനുഷ്ഠാനം എന്നത് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രതിഫലനം മാത്രമാണ്. എനിക്കുവേണ്ടിയാണ് ശബ്ബത്ത് ഉണ്ടാക്കപ്പെട്ടത് എന്ന തിരിച്ചറിവ് എനിക്കേറ്റം സന്തോഷം നൽകിയ ഒന്നാണ്. ശബ്ബത്തിൽ എന്ത് ചെയ്യാം എന്നതിനേക്കാളുപരി എന്തു ചെയ്യാൻ പാടില്ല എന്ന് ചിന്തിച്ചവരായിരുന്നു എന്റെ ബാല്യകാലത്ത് എന്റെ സഭയിലുണ്ടായിരുന്നത്. എന്റെ മാതാപി

താക്കന്മാരും ആ ഗണത്തിൽപെട്ടവരായിരുന്നു എന്നതിനാൽ ഞാൻ അന്ന് വളരെയധികം നിയന്ത്രണങ്ങൾക്ക് അടിമപ്പെടേണ്ടിവന്നു. പിൽക്കാലങ്ങളിൽ ദൈവവുമായുള്ള എന്റെ ആഴമേറിയ ബന്ധം കൂടുതൽ വെളിച്ചത്തിലേക്ക് ഈ വിഷയത്തിൽ എന്നെ നയിച്ചു. ദൈവത്തിന് എന്നോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ് ശബ്ബത്ത് എന്ന് ബോദ്ധ്യപ്പെട്ടപ്പോൾ ഞാനെന്റെ ശബ്ബത്ത് അനുസരണ രീതിയിൽ നാടകീയമായ മാറ്റങ്ങൾ വരുത്തി. അനുസരണത്തിൽകൂടെ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതിനെക്കാളധികം, ദൈവവുമായി സ്നേഹത്തിൽ ചിലവിടുന്ന സമയമായി ആ ദിവസം മാറി.

ശബ്ബത്ത് സത്യത്തിന്റെ കണ്ടെത്തലിനെക്കുറിച്ച് ഷെല്ലി കിൻ പറയുന്നത് ഇപ്രകാരമാണ്: "എന്നിൽനിന്നും പൂർണ്ണത പ്രതീക്ഷിച്ചിരുന്ന ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ദൈവം വളരെ കോപിക്കുന്നവനാകയാൽ ദൈവത്തെ പിണക്കാതെ ജീവിക്കണം എന്ന് എന്നെ എന്റെ സഭയും പഠിപ്പിച്ചു. തെറ്റുകളിൽ പിടിച്ച് എന്നെ തകർത്തുകളയുവാൻ നോക്കുന്ന ഒരു ദൈവത്തെ ആണ് അവർ എനിക്ക് പരിചയപ്പെടുത്തിത്തന്നത്. സ്വർഗ്ഗത്തിലിരുന്ന് നിരന്തരം എന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവത്തിന്റെ ചിത്രമായിരുന്നു എല്ലായ്പോഴും എന്റെ മനസ്സിൽ. ദൈവത്തിന്റെയും മാതാപിതാക്കളുടെയും അംഗീകാരത്തിനുവേണ്ടി മാത്രമാണ് ഞാൻ ശ്രമിച്ചുകൊണ്ടിരുന്നത്. ദൈവകല്പനയിലെ ശബ്ബത്ത് സത്യം ബോദ്ധ്യമായതോടെയാണ് ഞാൻ ഈ നാടകീയതയിൽനിന്നും സ്വതന്ത്രമായത്. എന്റെ ആദ്യത്തെ ശബ്ബത്ത് ആചരണത്തെ ഞാൻ ശരിക്കും ഒരുത്സവമാക്കി മാറ്റി. ജോലികളിൽനിന്നും ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിഞ്ഞ് ആശ്വസിപ്പാൻ എനിക്ക് കഴിഞ്ഞു. ഒരു ദിവസം മുഴുവൻ ദൈവവുമായി ചിലവിടുവാൻ എനിക്ക് ലഭിച്ചു.

തന്റെ വിളിയുടെ പൂർണ്ണതയിൽ എന്നെ എത്തിക്കുന്നതിനായി പൂർണ്ണമായും അവൻ എന്നെ ശുദ്ധീകരിക്കും എന്ന വസ്തുത ഞാൻ വേഗത്തിൽ മനസ്സിലാക്കി. അങ്ങനെ അവന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കുവാൻ എനിക്കു കഴിഞ്ഞു. അതിനെക്കാൾ മഹത്തരമായ എന്തു കാര്യമാണുള്ളത്? പുറപ്പാട് 31:13-ൽ ശബ്ബത്തിനെക്കുറിച്ച് പറയുന്ന ഭാഗമാണ് എന്റെ ഏറ്റവും പ്രിയപ്പെട്ട ബൈബിൾ വാക്യം. ക്രിസ്തുവിന്റെ സ്വഭാവ വിശുദ്ധിയെ എന്നിൽ വളർത്തി



ദൈവം എന്നെ വിശുദ്ധിയിൽ വഴിനടത്തും എന്നതിന്റെ അടയാളമാണ് ശബ്ബത്ത്.

ദൈവത്തെ പ്രസാദിപ്പിക്കാനായി ഞാൻ ചെയ്യുന്നത് മതിയാകുന്നില്ല എന്ന തോന്നൽ ചിലപ്പോഴൊക്കെ എന്നെ വീണ്ടും കീഴടക്കാറുണ്ട്. അതിൽ നിന്നും മോചിതനാകുവാൻ ചില വാരാന്ത്യങ്ങളിലെങ്കിലും അഭിനയത്തിന്റെ മാനസികാവസ്ഥയിലേക്ക് ഞാൻ വഴുതി വീഴുകയും ചെയ്യുന്നു. ശബ്ബത്ത് നാളിനെ സ്വാഗതം ചെയ്യുമ്പോൾ എന്റെ കാതിൽ ദൈവം മന്ത്രിക്കുന്ന വാക്യം ഗലാത്യർ 3:3 ആണ്. "നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നത്?" ക്രിസ്തുവിനെക്കൂടാതെ ഒന്നും ചെയ്യുവാൻ ഞാൻ ശക്തയല്ല എന്ന് ശബ്ബത്ത് എന്നെ ഓർമ്മപ്പെടുത്തുന്നു. തന്റെ നാലാം കല്പനയെ അനുസരിക്കാൻ തീരുമാനിച്ചതോടെ എന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടായി. അവന്റെ കൃപ എനിക്കു മതി എന്നതും അവന്റെ ശക്തി ബലഹീനതകളിൽ എന്നെ താങ്ങും എന്നതും ഞാൻ മനസ്സിലാക്കി.

അനുസരണം അനുഗ്രഹത്തിന്റെ പാതയാണ് എന്ന് ഞാൻ ഗ്രഹിച്ചു. സർവ്വത്തിലും അവനെ ആശ്രയിക്കുന്ന എനിക്ക് അനുസരണം എന്നത് മുൻകാലങ്ങളെക്കാളും എളുപ്പമുള്ളതായി ത്തീർന്നു. ദൈവത്തിന്റെ മഹത്വം കണ്ടെത്താനും അവന്റെ സ്നേഹത്തിന്റെ വലിപ്പത്തെ ഗ്രഹിപ്പാനും ശബ്ബത്തനുഭവം എന്നെ പഠിപ്പിച്ചു".

ഇക്കാരണത്താലാണ് ദൈവം ഏഴാം ദിവസത്തെ സൃഷ്ടിച്ചത്. തന്റെ വേല ഒക്കെയും തീർത്തശേഷം അതിൽ നിന്നൊക്കെയും മാറി ഉല്ലസിപ്പാനായി അവൻ ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു (ഉല്പ. 2:3). ശബ്ബത്ത് നാളുമായി ബന്ധപ്പെടുത്തിയാണ് 'ശുദ്ധീകരിക്കുക' എന്ന വാക്ക് വേദപുസ്തകത്തിൽ ആദ്യമായി ഉപയോഗിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു കാര്യത്തെ വിശുദ്ധമായി പ്രസ്താവിക്കുക അഥവാ ദൈവമഹത്വത്തെ ആഘോഷിപ്പാനായി മാത്രം ഉപയോഗിക്കുക എന്നൊക്കെയാണ് എബ്രായ ഭാഷയിൽ ഇതിന്റെയർത്ഥം. ആദാമും ഹവ്വയും മാത്രമെ അന്ന് ഭൂമിയിൽ ഉണ്ടായിരുന്നുള്ളു. സൃഷ്ടിപ്പിൻ സമയത്തുതന്നെ ദൈവ

ത്താൽ സ്ഥാപിതമായതാണ് ശബ്ബത്ത് എന്ന വസ്തുതയെ ക്രിസ്ത്യാനികൾ നിരസിക്കുന്നതെന്തുകൊണ്ടാണെന്നെനിക്കു മനസ്സിലാകുന്നില്ല. വിവാഹത്തിന്റെ കാര്യത്തിൽ അവർ ആ മനോഭാവം കാത്തുസൂക്ഷിക്കുന്നുമില്ല. വിവാഹത്തിന്റെ വിശുദ്ധിയെ ദൈവം ഏദെനിൽ സ്ഥാപിച്ചു എന്ന് വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും. അതുപോലെതന്നെ അവൻ 'ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു'. ആദം ഹവ്വമാരുടെ വിവാഹത്തെയും അവൻ അതുപോലെ അനുഗ്രഹിച്ചു. വിവാഹവും ശബ്ബത്തും ഒരുപോലെ സൃഷ്ടിപ്പിൻ സമയത്ത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടവയാണ്.

"അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും. അവർ ഏക ദേഹമായിത്തീരും" (ഉല്പ. 2:24). വിവാഹം യഹൂദർക്കു മാത്രമുള്ളതാണെന്നോ, അത് സീനായ് പർവ്വതത്തിൽ വച്ചാണ് ആദ്യമായി സ്ഥാപിക്കപ്പെട്ടതെന്നോ ആരെങ്കിലും പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? അഥവാ അങ്ങനെ ആരെങ്കിലും പറഞ്ഞാൽ അതിനെ പരിഹാസ്യം എന്നല്ലാതെ മറ്റെന്താണ് വിളിക്കുക?

ഏദെനിൽവച്ച് നടന്ന വിവാഹത്തിനുശേഷം സീനായ് പർവ്വതംവരെയുള്ള കാലഘട്ടത്തിൽ വിവാഹത്തെക്കുറിച്ച് വ്യക്തമായ കൽപന ഒന്നും വചനത്തിൽ കാണുന്നില്ല. എന്നാൽ പുതിയ നിയമത്തിൽ മൂന്ന് സ്ഥലത്ത് ആദ്യവിവാഹത്തെക്കുറിച്ച് എടുത്തു പറയുകയോ പരാമർശിക്കുകയോ ചെയ്തിരിക്കുന്നു (മർക്കൊ. 10:8; 1 കൊരി. 6:16; എഫെ. 5:31). വിവാഹം എന്നത് മനുഷ്യവർഗ്ഗത്തിന് ദൈവം നൽകിയ ദാനമാണെന്ന് ക്രൈസ്തവലോകം വിശ്വസിക്കുന്നു. എന്തുകൊണ്ട് ഇതേ യുക്തി അവർ ശബ്ബത്തിന്റെ കാര്യത്തിൽ ഉപയോഗിക്കുന്നില്ല? ആദി മാതാപിതാക്കൾ ദൈവം അനുഗ്രഹിച്ച ശബ്ബത്ത് നാളിന്റെ സന്തോഷം ഓരോ ആഴ്ചയും തുടർന്നും അനുഭവിച്ചില്ല എന്ന് നാം എന്തുകൊണ്ട് അനുമാനിക്കണം?

ശബ്ബത്ത് സൃഷ്ടിക്കപ്പെട്ടത് മനുഷ്യർക്കുവേണ്ടിയാണെന്ന് യേശു പറഞ്ഞതു വളരെ നല്ല അറിവിന്റെ ഭാഗമായിട്ടാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ദൈവം ഒരുമിച്ചാണ് സൃഷ്ടിപ്പിൽ വർത്തിച്ചത്. യേശുവാണ് ശബ്ബത്തിന്റെ സൃഷ്ടിതാ



വ്. ശബ്ബത്തിനെ സൃഷ്ടിച്ചശേഷം മോശെയുടെയും യഹൂദന്മാരുടെയും കാലംവരെ അതിനെ എന്തിനു മാറ്റിനിർത്തി എന്ന കാര്യം വചനത്തിൽനിന്നും തെളിയിക്കാവുന്നതല്ല.

വിശ്വാസത്താലുള്ള രക്ഷയുടെ അടിസ്ഥാനത്തിലാണ് ദൈവം അബ്രഹാമുമായി ഉടമ്പടിയിൽ ഏർപ്പെട്ടത്. എന്നാൽ യിസഹാക്കുമായി ഉടമ്പടിയെ ഉറപ്പിക്കുന്നത്, "അബ്രഹാം എന്റെ വാക്കു കേട്ട് എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ട്" എന്ന അനുസരണത്തിന്റെ വ്യവസ്ഥയിൻമേലാണ് (ഉല്പ. 26:4). വിശ്വാസം എന്നത് അനുസരണക്കേടിനുള്ള അനുവാദമല്ല. വേദപുസ്തകം മുഴുവനും ഈ വിവരണത്തെ ദൈവത്തിന്റെ പത്തു കല്പനകളോട് ബന്ധിപ്പിച്ചിരിക്കുന്നു. ദൈവം തന്റെ ഉടമ്പടിയെ പാലിക്കുന്നത് ദൈവവുമായി ഉടമ്പടിയെ പാലിക്കുന്നവരുമായാണ്. അത് അവനെ സ്നേഹിക്കുകയും അവന്റെ കൽപനകളെ പ്രമാണിക്കുന്നവരുമായിട്ട് മാത്രമാണ് (ആവ. 7:9; ദാനി. 9:4; നെഹെ. 1:5).

മോശെയുടെ കയ്യിൽ ദൈവം ഏല്പിച്ച കല്പനകളായിരുന്നില്ല അബ്രഹാം അനുസരിച്ചത് എന്ന വാദത്തിന് യുക്തിസഹമായ കാരണങ്ങൾ ഒന്നുമില്ല. പൂർവ്വപിതാക്കൾ അനുസരിച്ചിരുന്ന കല്പനകളിൽ നാലാം കല്പന ഉണ്ടായിരുന്നില്ല എന്നത് സുബുദ്ധിയുള്ള ഒരുവന് എങ്ങനെ പറയുവാൻ സാധിക്കും?

യിസ്രായേൽ ജനത്തോട് ദൈവം ഇടപെട്ടത് എങ്ങനെയാണ്? എഴുപത് പേർ മാത്രമുള്ള ഒരു കൂട്ടമായിട്ടാണ് യിസ്രായേൽ മിസ്രയീമിലുള്ള യോസഫിന്റെ അടുക്കലേക്ക് പോയത്. അവിടെ താമസിച്ച യിസ്രായേൽ ജനത്തെ എഴുപതിൽനിന്ന് 'ആകാശത്തിലെ നക്ഷത്രങ്ങളെ'പ്പോലെ ജനസംഖ്യയിൽ ദൈവം വളർത്തി (ആവ. 10:22). സൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ ഇടയാക്കിയ അതേ സ്ഥലംതന്നെ അവർക്ക് അടിമത്തത്തിന്റെ വേദനയും കൈയ്പുനീരും ധാരാളമായി നല്കി.

തങ്ങളുടെ പിതാക്കന്മാരിൽനിന്നും കൈമാറ്റം ചെയ്തുകിട്ടിയ ദൈവകല്പനകളെ അനുസരിക്കുന്നതിനുള്ള പദവി അവിടുത്തെ ഭരണാധികാരികൾ, നൂറ്റാണ്ടുകൾ നീണ്ടുനിന്ന അടിമത്ത സമയത്തൊക്കെയും അവർക്ക് നിഷേധിച്ചു. അവരെ മിസ്രയീമിൽനിന്ന്

വിടുവിച്ച്, മരുഭൂമിയിലൂടെ അവർ യാത്ര ചെയ്യുമ്പോൾ ഭക്ഷിപ്പാനായി സ്വർഗ്ഗീയമന്ന നല്കുന്നതുമായുള്ള ബന്ധത്തിൽ ദൈവം മോശെയോട് പറയുന്നത് ഇപ്രകാരമാണ്: "ഞാൻ നിങ്ങൾക്ക് ആകാശത്തുനിന്നും അപ്പം വർഷിപ്പിക്കും; ജനം എന്റെ ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്ന് ഞാൻ അവരെ പരീക്ഷിക്കേണ്ടതിന് അവർ പുറപ്പെട്ട് ഓരോ ദിവസത്തേക്കു വേണ്ടത് അന്നന്ന് പെറുക്കിക്കൊള്ളേണം" (പുറ. 16:4). ഏത് ന്യായപ്രമാണത്തെക്കുറിച്ചാണ് ദൈവം ഇവിടെ സംസാരിക്കുന്നത്? മോശെ വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "ആറു ദിവസം നിങ്ങൾ അത് പെറുക്കേണം. ശബ്ബത്തായ ഏഴാം ദിവസത്തിലോ അത് ഉണ്ടാകില്ല". മോശെയുടെ നിർദ്ദേശത്തെ പരിഹസിച്ച് ഏഴാം ദിവസം മന്ന പെറുക്കുവാൻ പോയവർ നിരാശയോടെ തിരികെ എത്തി. അതിനോടുള്ള ദൈവത്തിന്റെ പ്രതികരണം പുറപ്പാട് 16:28-ൽ നാം കാണുന്നു: "എന്റെ കല്പനകളും ന്യായപ്രമാണങ്ങളും പ്രമാണിപ്പാൻ നിങ്ങൾക്ക് എത്രത്തോളം മനസ്സില്ലാതിരിക്കും?" "നോക്കുവിൻ, യഹോവ നിങ്ങൾക്കു ശബ്ബത്ത് തന്നിരിക്കുന്നു. അതുകൊണ്ട് ആറാം ദിവസം അവൻ നിങ്ങൾക്ക് രണ്ടു നേരത്തേക്കുള്ള ആഹാരം തരുന്നു. നിങ്ങൾ താന്താങ്ങളുടെ സ്ഥലത്ത് ഇരിപ്പിൻ; ഏഴാം ദിവസം ആരും തന്റെ സ്ഥലത്തുനിന്ന് പുറപ്പെടരുത് എന്ന് കല്പിച്ചു" (പുറ. 16:29). ദൈവത്തിന്റെ അപ്രീതിയെ ജനം ഗൗരവമായി കാണുകയും അന്നുമുതൽ ശബ്ബത്തിൽ സ്വസ്ഥമായിരിക്കുകയും ചെയ്തു (പുറ. 16:26-30).

പുറപ്പാടുപുസ്തകത്തിന്റെ സമയക്രമം പരിശോധിച്ചാൽ, സീനായ് പർവ്വതത്തിൽവെച്ച് പത്തു കല്പനകൾ കൊടുക്കുന്നതിന് വളരെ മുൻപുതന്നെ ശബ്ബത്ത് കല്പന അനുസരിക്കണം എന്ന് ദൈവം വീണ്ടെടുക്കപ്പെട്ട തന്റെ ജനത്തോട്, ആവശ്യപ്പെടുന്നതായി നമുക്ക് കാണാൻ സാധിക്കും. ഈ സംഭവത്തിനുശേഷമാണ് പാറയിൽനിന്നും അവർക്ക് വെള്ളം ലഭിക്കുന്നത്. അമാലേക്യരുടെ മേലുള്ള ജയം, ക്ഷീണിതനായ മോശെക്ക് സഹായത്തിന് ഒരു ഭരണ സംവിധാനമുണ്ടാക്കുവാനുള്ള ഉപദേശം എന്നിവയെല്ലാം ഇതിനുശേഷം സംഭവിച്ചവയാണ്. ഇതിനൊക്കെ ശേഷമാണ് അവർ സീനായ് പർവ്വതത്തിലെത്തുന്നത്.



സൃഷ്ടിപ്പിൻ സമയത്ത് ഉണ്ടാക്കപ്പെട്ട വിശുദ്ധ ശബ്ബത്തിനെ അതിനുശേഷം ജീവിച്ചിരുന്ന തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നതിനാലാണ് തന്റെ കല്പനകളെ അനുസരിക്കുമോ എന്ന് പരിശോധിക്കാനായി ദൈവം നാലാം കല്പനതന്നെ തിരഞ്ഞെടുത്തത്.

നിത്യത മുഴുവൻ ശബ്ബത്തുതോറും സകല ജഡവും തന്റെ സന്നിധിയിൽ നമസ്കരിപ്പാൻ എത്തും എന്ന് വചനം പറയുന്നു (യെശ. 66:22,23). പുതുവാനഭൂമിയിലും നമുക്കൊരു ആരാധനാദിനം ഉണ്ടായിരിക്കും എന്നത് സന്തോഷജനകംതന്നെയാണ്. നാം ഇന്ന് ചെയ്യുന്നതുപോലെ ഒന്നിച്ചു കൂടുവാനും ദൈവത്തോടും മനുഷ്യനോടും കൂട്ടായ്മ ആചരിപ്പാനും വേണ്ടിയുള്ള ഒരു ദിവസമാണ് അത്.

ദൈവം ആദിയിൽ ശബ്ബത്ത് നാളിനെ ഉണ്ടാക്കി, അനുഗ്രഹിച്ച് ശുദ്ധീകരിച്ചു; എന്നിട്ട് കുറെ കാലത്തേക്ക് അതിനെ ഇല്ലാതാക്കി; വീണ്ടും യഹൂദന്മാർക്കുവേണ്ടി അതിനെ സീനായ് പർവ്വതത്തിൽവെച്ച് പുനഃസ്ഥാപിച്ചു; എന്നിട്ട് യേശുവിന്റെ മരണത്തോടെ വീണ്ടും ഇല്ലാതാക്കി; എന്നിട്ട് ഇനിയും പുതിയ ഭൂമിയിൽ പുനഃസ്ഥാപിക്കുന്നതെന്തുകൊണ്ടാണ് എന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല.

തന്റെ ജനത്തോടുള്ള സ്നേഹത്തിന്റെ നിത്യമായ ഉടമ്പടിയായി ദൈവം അനുഗ്രഹിച്ച് വിശുദ്ധീകരിച്ച ദിവസമാണ് ശബ്ബത്ത് എന്ന് കരുതുന്നതല്ലേ കൂടുതൽ വ്യക്തതയുള്ള കാര്യം?

ദൈവകല്പന സൂക്ഷിച്ചുവച്ചിരുന്ന നിയമപ്പെട്ടകം ഇന്നെവിടെയാണ്? "അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി (വെളി. 11:19). സ്വർഗ്ഗത്തിലുള്ള യഥാർത്ഥ പെട്ടകത്തിൽ ഭൂമിയിലുണ്ടായിരുന്ന പെട്ടകത്തിൽവച്ച അതേ കല്പനകൾ ഉണ്ടാകില്ല എന്ന് നിങ്ങൾ കരുതുന്നുണ്ടോ? വിരലുകൾ കൊണ്ട് കല്പനകൾ എഴുതുമ്പോൾ 'ഓർക്ക' എന്ന പദം നാലാംകല്പനയിൽ മാത്രമാണ് ദൈവം ചേർത്തത്? ഓർക്ക എന്ന് ദൈവം കല്പിച്ച അതേ കല്പനതന്നെ മറക്കുവാൻ ക്രൈസ്തവ ലോകത്തെ പ്രേരിപ്പിക്കുന്നതെന്താണ്?

"യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവ്

ഇപ്രകാരം അരുളിചെയ്യുന്നു: മനംതിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്ക് മനസ്സില്ല" (യെശ. 30:15). ദൈവത്തെ സ്നേഹിക്കുന്ന അനേകരുടെയും ഇഷ്ടവാക്യമാണിത്. എങ്കിലും നിങ്ങൾക്കു മനസ്സില്ല' എന്ന ഭാഗം ശ്രദ്ധിക്കുക. ദൈവത്തിന്റെ നാലാം കൽപന അനുസരിപ്പാൻ മനസ്സില്ല എന്നതല്ലെ അതിനോടുള്ള എതിർപ്പിന്റെ കാരണം? നമ്മുടെ നന്മയ്ക്കായി ദൈവം സൃഷ്ടിച്ചതും 'ഓർക്ക' എന്ന് ദൈവം നമ്മോട് കല്പിച്ചതുമായ കല്പനയെക്കുറിച്ച് നാം ഇതുവരെ പഠിച്ച കാര്യങ്ങൾ നമുക്കൊന്ന് പുനഃരവലോകനം ചെയ്യാം:

1. ശബ്ബത്ത് ദൈവത്തിന്റെ സ്ഥാപനമാണ്. സൃഷ്ടിപ്പിന്റെ ആരംഭം മുതൽക്കേ നിലനില്ക്കുന്നു. ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ചു. ആഴ്ചക്ക് ഏഴു ദിവസം എന്ന സമയക്രമത്തിന് ഇതു മാത്രമാണ് ഏക കാരണം (ഉല്പ. 2:2,3).
2. മനുഷ്യനുവേണ്ടി ഉണ്ടാക്കപ്പെട്ടു. അന്ന് ഭൂമിയിൽ ആദം, ഹവ്വ എന്ന രണ്ടു പേർ മാത്രമെ ഉണ്ടായിരുന്നുള്ളു. അവർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതിനാൽ അവർ തീർച്ചയായും അത് ആചരിക്കുകയും അതിന്റെ സന്തോഷം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. പാപത്തിനുശേഷം തങ്ങളുടെ കഠിനാദ്ധ്വാനത്തിൽനിന്നും മാറി തങ്ങളുടെ രക്ഷകനുമൊത്ത് അവർ ആ ദിനം വിശ്രമിച്ചു.
3. അബ്രഹാമും അവന്റെ പിൻഗാമികളും ഏഴാംദിന ശബ്ബത്ത് കൽപന ഉൾപ്പെടെയുള്ള എല്ലാ ദൈവകൽപനകളും അനുസരിച്ചിരുന്നു (ഉല്പ. 26:4,5).
4. പത്ത് കല്പനകൾ കല്ലിൽ എഴുതിക്കൊടുക്കുന്നതിനു മുൻപുതന്നെ മോശെയും ഇസ്രായേൽ മക്കളും ശബ്ബത്ത് നാളിൽ സ്വസ്ഥമായിരിക്കണമെന്ന് ദൈവം ആവശ്യപ്പെട്ടു (പുറ. 6:4; 26:30).
5. തന്റെ പത്തു കൽപനകളെ ദൈവം കല്ലിൽ സ്വന്തം വിരലുകൾകൊണ്ട് എഴുതി അവയുടെ ധാർമ്മിക മുൻഗണനയുടെ പ്രാധാന്യം എടുത്ത് കാട്ടി. നാനൂറു വർഷത്തെ അടിമത്തം മൂലം തന്റെ ജനം തന്റെ കൽപനകളുടെ പ്രാധാന്യത്തെ മറന്നു എന്നത് ദൈവം അറിഞ്ഞു. നാലാം കല്പനക്ക് 'ഓർക്ക' എന്ന കൽപനയിലൂടെ പ്രത്യേക പ്രാധാന്യം ദൈവം നല്കി (പുറ. 20:8-11).
6. കർത്താധികർത്താവും രാജാധിരാജാവുമായ യേശു നമുക്കൊരു മാതൃക കാണിച്ചുതന്നു. മനുഷ്യപുത്രനായി ഭൂമിയിൽ ആയിരുന്നപ്പോൾ ശബ്ബത്തിൽ ആരാധനയിൽ പങ്കെടുക്കുക എന്നത് യേശുവിന്റെ പതിവായിരുന്നു (ലൂക്കൊ. 4:16).
7. തന്റെ മരണത്തിന് 70 വർഷങ്ങൾക്കുശേഷം സംഭവിച്ച യെരുശലേമിന്റെ നാശത്തെക്കുറിച്ച് പ്രവചിച്ചപ്പോൾ തന്റെ അനുയായികൾ അന്നും ശബ്ബത്തനുസാരികൾ ആയിരുന്നിരിക്കണം എന്ന് അവൻ അടിവരയിട്ട് പ്രസ്താവിച്ചു (മത്താ. 24:20).
8. ന്യായപ്രമാണത്തെ നീക്കുവാനല്ല, അതിന്റെ ആത്മീക പൂർണ്ണതയിലെത്തിക്കുവാനാണ് താൻ വന്നത് എന്ന് യേശു പറഞ്ഞു. ആകാശവും ഭൂമിയും നിലനില്ക്കുവോളം 'ഒരു വള്ളി എങ്കിലും പുള്ളി' എങ്കിലും അതിൽനിന്ന് നീങ്ങിപ്പോകയില്ല എന്ന് യേശു പറഞ്ഞു (മത്താ. 5:17,18).
9. ക്രൂശീകരണത്തിനുശേഷം ക്രിസ്തുശിഷ്യന്മാർ ശബ്ബത്ത് അനുസരിച്ചു (ലൂക്കൊ. 23:56; അപ്പൊ. 13:14; 42:44; 16:13; 18:4). നാലാം കൽപനയിലെ ഏഴാംദിന ശബ്ബത്ത് മാറ്റപ്പെട്ടതായോ നീക്കപ്പെട്ടതായോ പുതിയ നിയമത്തിൽ യാതൊരു തെളിവും ഇല്ല.
10. പഴയ ഉടമ്പടിയിൽ പത്തു കല്പനകൾ ഉണ്ടായിരുന്നു (പുറ. 24:4,7,8; ആവ. 31:24-26).
11. പുതിയ ഉടമ്പടിയിലും പത്തു കല്പനകൾ ഉണ്ട് (യിരെമ്യാ. 31:31-33; എബ്രാ. 8:8-10.
12. പുതിയ ഭൂമിയിൽ വീണ്ടെടുക്കപ്പെട്ട സകലരും ദൈവത്തെ ആരാധിപ്പാൻ അവന്റെ സന്നിധിയിൽ ശബ്ബത്തിൽ ഒത്തുചേരും (യെശ. 66:22,23).

ദൈവം മാറ്റമില്ലാത്തവനാണ്. മാറിക്കൊണ്ടിരിക്കുന്നവൻ വിശ്വാസ യോഗ്യനല്ല. വാക്കിൽ സ്ഥിരതയുള്ളവനാണ് വിശ്വാസ

യോഗ്യൻ. “ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതിന് ഭേദം വരുത്തുകയോ ചെയ്കയില്ല” (സങ്കീ. 89:34). ദൈവസ്വഭാവത്തിന്റെ പ്രതിഫലനവും അവന്റെ ഇഷ്ടത്തിന്റെ പ്രകടനവുമായ കല്പനയെ മാറ്റുവാൻ ദൈവം ഒരിക്കലും ഉദ്ദേശിച്ചില്ല എന്ന കാര്യത്തിൽ എനിക്ക് ഉത്തമ ബോധ്യമുണ്ട്. ഒരിക്കലും വ്യാജം പറയാത്തവനാകയാൽ എനിക്കവനെ വിശ്വസിക്കുവാൻ കഴിയും.

അവനുമായുള്ള അനുസരണയിൽ ജീവിക്കുന്നവർക്ക് ശബ്ബത്തിന്റെയും കർത്താവാകുന്ന അവൻ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തിരിക്കുന്നു. “നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും” (യോഹ. 14:15,16).

രക്ഷകനും ഉന്നതനുമായ ക്രിസ്തു അനുതാപവും പാപക്ഷമയും നൽകുന്നു. തന്നെ അനുസരിക്കുന്നവർക്ക് അവൻ പരിശുദ്ധാത്മാവിനെ നല്കുന്നു. “യിസ്രായേലിന് മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു. ഈ വസ്തുതക്ക് ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്ക് നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു” (അപ്പൊ. 5:31,32).

നീതിമാനും പരിശുദ്ധനും സ്നേഹവും ആകുന്ന ദൈവത്തെ നാം എത്രമാത്രം അറിയുന്നുണ്ട്? അവനെ അറിയുന്നു എന്ന് പറകയും അവന്റെ കല്പനകളെ അനുസരിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു എന്ന് വചനം പറയുന്നു. വചനം അനുസരിക്കുന്നവർ തികഞ്ഞ ദൈവസ്നേഹത്തിൽ വസിക്കുന്നു. അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു (1 യോഹ. 2:4-6).

ദൈവസ്നേഹം നിങ്ങളിൽ വാസ്തവമായും തികയപ്പെടണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? വ്യക്തിപരമായി യേശുവിനെ അനുഭവിച്ചറിയുവാനും അവനിൽ വസിക്കുവാനും നിങ്ങളുടെ



ഹൃദയം ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ ഉത്തരം ‘അതെ’ എന്നാണെങ്കിൽ താഴ്മയോടെ ദൈവസന്നിധിയിലേക്ക് കടന്നുവരിക.

“ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചെഴുതിയിരിക്കുന്നു. എന്റെ ദൈവമെ നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു” (സങ്കീ. 40:7,8).

വേദപുസ്തക ഉപദേശം കൈക്കൊണ്ട് യേശുക്രിസ്തുവിന്റെ കാലടികളെ പിൻപറ്റുവാനും ദൈവകല്പനകളെ അനുസരിപ്പാനും അവന്റെ ഏഴാംദിന ശബ്ബത്തിനെ ഒരു സന്തോഷമായി കാണുവാനും ദൈവം നിങ്ങൾക്ക് ഇടയാക്കട്ടെ. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും ആശ്വസിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടൊപ്പം എപ്പോഴും ഇന്നും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ!

# 8. മാറ്റത്തിനു പിന്നിൽ കത്തോലിക്കാസഭ

ഒരു നല്ല പ്രൊട്ടസ്റ്റന്റ് എന്നാണ് ഞാൻ എന്നെക്കുറിച്ച് വിശ്വസിക്കുന്നത്. ഈ പുസ്തകത്തിന്റെ വായനക്കാരനായ നിങ്ങൾ ഏത് വിഭാഗത്തിൽ പെടുന്നു എന്നെനിക്കറിയില്ല എങ്കിലും താങ്കളെ അതിശയിപ്പിക്കുവാൻ ഇടയുള്ള ഒരു വസ്തുത ഈ അദ്ധ്യായത്തിൽ ഞാൻ രേഖപ്പെടുത്തുന്നു.

റോമൻ കത്തോലിക്കാസഭയുടെ ചില അവകാശവാദങ്ങളും അവർ തന്നെ പരസ്യപ്പെടുത്തിയ ചില നിരൂപണങ്ങളും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിക്കുകയാണ്. കത്തോലിക്കാസഭയുടെ അധികാരത്തോടും അവകാശ വാദങ്ങളോടും അനുകൂലിക്കുന്ന ഒരാളല്ല ഞാൻ. എന്നാൽ ദൈവത്തിന്റെ ജനം കത്തോലിക്കാസഭ ഉൾപ്പെടെയുള്ള എല്ലാ സഭകളിലും ഉണ്ട് എന്ന വസ്തുതയെ ഞാൻ നിഷേധിക്കുന്നുമില്ല. സമർപ്പണ ജീവിതം നയിക്കുന്ന അനേകം കത്തോലിക്കാസുഹൃത്തുക്കൾ എനിക്കുണ്ട്. ഞായറാഴ്ച ആചരിക്കുന്ന മറ്റ് സഭകളിലും എനിക്ക് സുഹൃത്തുക്കൾ ധാരളമുണ്ട്. ഇവരെ ആരെയും വിധിപ്പാനുള്ള അധികാരം എനിക്കില്ല എങ്കിലും നാലാം കൽപനയുടെ കാര്യത്തിൽ ഇവരോടൊന്നുംതന്നെ ഞാൻ അനുകൂലിക്കുന്നില്ല.

പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തെക്കുറിച്ച് അറിവുള്ളവർ ഒരു പക്ഷെ ഇന്ന് കുറവായിരിക്കും. മദ്ധ്യകാലഘട്ടത്തിലാണതിന്റെ വേരുകൾ. കത്തോലിക്ക സഭയിൽ നിലനിന്നിരുന്ന മാലിന്യത്തിനും അപഭ്രംശത്തിനുമെതിരെ വൈക്ലിഫ്, ഹസ് എന്നീ നവോത്ഥാന നായകന്മാർ നേർക്കുനേർ വന്ന കാലം. എന്നാൽ മാർട്ടിൻ ലൂഥർ എന്ന കത്തോലിക്ക സന്യാസിയാണ് 16-ാം നൂറ്റാണ്ടിൽ പാപ്പാത്വ



സംവിധാനത്തെ നവീകരണ ശക്തിയാൽ ഇളക്കിയത് തന്റെ ആത്മീക തകർച്ചയെയും വിഷമതകളെയും പരിഹരിക്കുന്നതിനായി ലൂഥർ വേദപുസ്തകം പരിശോധിക്കുകയും വിശ്വാസത്താലുള്ള നീതീകരണം, കൃപയാലുള്ള രക്ഷ എന്നീ മഹത്തായ ബൈബിൾ സത്യങ്ങൾ കണ്ടെത്തുകയും ചെയ്തു. തന്റെ തൊണ്ണൂറ്റിയഞ്ച് നിലപാടുകൾ അദ്ദേഹം വിറ്റൻബർഗ് ദൈവാലയത്തിന്റെ കതകിൻമേൽ പതിച്ചു. 'ബൈബിൾ മാത്രം' എന്ന ശബ്ദത്താൽ പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തിന്റെ തീപ്പൊരി ദേശമെങ്ങും വ്യാപിച്ചു.

'ബൈബിൾ മാത്രം' എന്ന് പറഞ്ഞാരംഭിച്ച പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തിന്റെ സന്ദേശം ഇന്ന് വിടവുകളാൽ സമ്പന്നവും അവ്യക്തതകളുടെ വിളനിലവുമായിരിക്കുന്നു. മതവിശ്വാസത്തിൻമേൽ പോപ്പിനുള്ള അധികാരത്തെ എതിർക്കുന്നവരെയാണ് ചരിത്രം പ്രൊട്ടസ്റ്റന്റുകാർ എന്ന് വിളിക്കുന്നത്. നാം ബൈബിൾ വിശ്വസിക്കുന്നവരും അതിന്റെ പരമോന്നത അധികാരത്തെ ദൈവവചനം എന്ന നിലയിൽ അംഗീകരിക്കുകയും ചെയ്യുന്നവരാണ്. കുറഞ്ഞ പക്ഷം നാം അങ്ങനെ ആയിരിക്കേണ്ടവരാണ്. എന്നാൽ ഞായറാഴ്ച ആരാധിക്കുന്ന പ്രൊട്ടസ്റ്റന്റുകാർ ബൈബിൾ അനുസരിക്കുന്നവരല്ല എന്ന് കത്തോലിക്കർ അധിക്ഷേപ സ്വരത്തിൽ പറഞ്ഞിട്ടുണ്ട് എന്നത് നിങ്ങൾക്കറിയാമോ?

റവ. ജോൺ ഓബ്രിയൻ പറയുന്നത് ശ്രദ്ധിക്കുക: "ബൈബിളിനെ മാത്രം അടിസ്ഥാനപ്പെടുത്തിയതാണ് ഞങ്ങളുടെ വിശ്വാസം എന്ന് അവകാശപ്പെടുന്ന പ്രൊട്ടസ്റ്റന്റുകാർ ശനിയാഴ്ചക്കുപകരം ഞായറാഴ്ച ആചരിക്കുന്നത് എങ്ങനെയാണ്? പ്രൊട്ടസ്റ്റന്റുകാർ ഉണ്ടാകുന്നതിന് പതിനഞ്ച് നൂറ്റാണ്ടുകൾക്കുമുൻപ് ഉണ്ടായതാണ് ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയിലേക്കുള്ള മാറ്റം. കത്തോലിക്കാസഭയുടെ അധികാരമല്ലാതെ ഈ മാറ്റത്തിനു പിന്നിൽ യാതൊരു വേദപുസ്തക അടിസ്ഥാനവുമില്ല. അമ്മയുടെ ചിത്രം കീശയിലിട്ടുകൊണ്ട് അമ്മയിൽ നിന്നോടിയകലുന്ന ഒരു ബാലനെപ്പോലെയാണ് പ്രൊട്ടസ്റ്റന്റുകാർ കത്തോലിക്കരുടേതുമാത്രമായ ഞായറാഴ്ച ആചാരവുമായി അവരെ വിട്ടുപോയത്" (ലക്ഷങ്ങളുടെ വിശ്വാസം പേജ് 421, 422).

ദൈവം ശനിയാഴ്ചക്കു കൊടുത്ത വിശുദ്ധിയെ ഞായറാഴ്ച

യിലേക്ക് മാറ്റി എന്ന കത്തോലിക്കാസഭയുടെ അവകാശവാദം ഒരു രഹസ്യമല്ല. “ഈ മാറ്റം കത്തോലിക്കർ വരുത്തിയതാണ് എന്ന് സഭ അവകാശപ്പെടുന്നു. സഭാകാര്യങ്ങളിൽ കത്തോലിക്കാസഭക്കുള്ള അധികാരമാണ് ഈ മാറ്റത്തിലൂടെ തെളിയുന്നത്” (ലക്ഷങ്ങളുടെ വിശ്വാസം പേജ് 14). ഈ വസ്തുത കത്തോലിക്കരുടെ മതബോധന പുസ്തകങ്ങളിലും മറ്റ് സഭാരേഖകളിലും വ്യാപകമായി നിലനില്ക്കുന്നുണ്ട്. കത്തോലിക്കരുടെ കൂടുതൽ വെളിപ്പെടുത്തലുകളിലേക്ക് വരുന്നതിനുമുൻപ് ചില ചോദ്യങ്ങൾ ചോദിക്കട്ടെ :

ഇങ്ങനെ അവകാശപ്പെടാൻ കത്തോലിക്കാസഭക്കുള്ള അധികാരം എന്ത്? ദൈവകല്പനകളെ മാറ്റാൻ പാപ്പാത്വ സംവിധാനത്തിന് എങ്ങനെ കഴിയും? പോപ്പിന്റെ വാക്ക് കേട്ട് മാത്രമല്ലെ എല്ലാവരും ഞായറാഴ്ച ആരാധനയിൽ പങ്കെടുക്കുന്നത്?

ഞായറാഴ്ച ആരാധനക്ക് എന്തെങ്കിലും ഒരു വേദപുസ്തക അടിസ്ഥാനം ഉണ്ടായിരിക്കണം എന്ന കാര്യത്തിൽ ആഗ്രഹം ഉള്ളവരാണ് പല പ്രൊട്ടസ്റ്റന്റ് വിശ്വാസികളും. സഭാനേതാക്കന്മാർപോലും ബലഹീനമായ വാദമുഖങ്ങൾ കൊണ്ടാണ് ഞായറാഴ്ച വിശുദ്ധിയെ താങ്ങി നിർത്തുന്നത്. ഇതര സഭാനേതാക്കന്മാർ ഈ വിഷയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ താഴെ ഉദ്ധരിക്കുന്നു:

1. ബാപ്റ്റിസ്റ്റ് സഭാനേതാവായ ഇ.റ്റി. ഹിസ് കോക്സ്: “ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക” എന്നൊരു കല്പന ബൈബിളിലുണ്ട്. ഈ ശബ്ബത്ത് നാൾ ഒരിക്കലും ഞായറാഴ്ചയല്ല. ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയിലേക്കുള്ള മാറ്റത്തിന് പുതിയ നിയമത്തിൽ തെളിവുകളൊന്നുമില്ല. യേശു ഒരിക്കലും ഇതിനെക്കുറിച്ച് സംസാരിച്ചിട്ടില്ല. സൂര്യഭഗവാന്റെ ദിനമായ ഞായറാഴ്ചയുടെ ക്രിസ്തുവൽക്കരണത്തിന് വിശ്വാസത്യാഗിയായ പോപ്പിന്റെ അനുഗ്രഹം മാത്രമാണുള്ളത്. പ്രൊട്ടസ്റ്റന്റുകാർക്ക് അത് പോപ്പിന്റെ കൈകളിൽ നിന്നുമാണ് ലഭിച്ചത്” (ന്യൂയോർക്ക് എക്സാമിനർ, നവംബർ 16, 1893).



2. ഡി.എൽ. മൂഡി: “ഏദെൻതോട്ടം മുതൽ നിലനില്ക്കുന്ന ഒന്നാണ് വിശുദ്ധ ശബ്ബത്ത്. പത്തു കല്പനകളിൽനിന്ന് ഒന്നു മാത്രം മാറ്റപ്പെട്ടു എന്നത് ക്രിസ്ത്യാനികൾക്ക് എങ്ങനെ പറയാൻ കഴിയും?” (വെയ്ഡ് ആന്റ് വാൺടിങ്ങ് പേജ് 47).

ശബ്ബത്ത് എന്ന നാമം ദൈവിക അധികാരത്തിന്റെ മുദ്രയാണ്. എബ്രായ ഭാഷയിൽ ‘ഷബാത്ത്’ എന്നാണ് ഈ വാക്ക്. ഇതിൽ ‘ഷ’ ‘ആബ്’ ‘ബേത്’ എന്നിങ്ങനെ മൂന്ന് ചെറിയ വാക്കുകൾ ഉൾക്കൊള്ളുന്നു ‘ഷ’ = നിത്യമായത്, ‘ആബ്’ = പിതാവ്, ‘ബേത് = വീട്/അടയാളം. അങ്ങനെ ‘ശബ്ബത്ത്’ എന്ന വാക്കിന് മൂലഭാഷയിലുള്ള അർത്ഥം ‘നിത്യപിതാവിന്റെ ഭവനം അഥവാ അടയാളം’ എന്നതാണ്.

“നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്ന് അറിയേണ്ടതിന് അത് തലമുറ തലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു” (പുറ. 31:12).

ദൈവത്തിന്റെ വിശുദ്ധ ശബ്ബത്തിനെ തുടച്ചുനീക്കുവാൻ റോമൻ ഗവൺമെന്റ് ശ്രമിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. വിശ്വാസികളിൽനിന്നും വലിയ എതിർപ്പിനെ അവർ നേരിട്ടു. അങ്ങനെയുള്ള എതിർപ്പുകളെ എങ്ങനെ നേരിടണം എന്നത് റോമൻ കത്തോലിക്ക സഭക്ക് നന്നായി അറിയാമായിരുന്നു. ക്രിസ്തുവർഷം 364 ൽ ലവോദിക്ക സുന്നഹദോസിൽ വച്ച് അവർ താഴെ വരുന്ന നിയമം വിജയകരമായി നടപ്പാക്കി. :

“ക്രിസ്ത്യാനികൾ ശനിയാഴ്ചയെ യഹൂദവൽക്കരിക്കുകയോ അന്ന് ജോലി ചെയ്യാതിരിക്കുകയോ ചെയ്യരുത്. അവർ കർത്തൃദിനത്തെ ആദരിക്കുകയും വേലയിൽ നിന്നൊഴിഞ്ഞിരിക്കയും വേണം. യെഹൂദവൽക്കരണം നടത്തുന്നവർ ക്രിസ്തുവിൽ നിന്നും പുറത്താക്കപ്പെടും” സഭാനിയമം XXIX - Charles J Hefele, A History of the Christian Councils Vol. 2, Page 316).

ഈ വിളംബരം രണ്ട് കാര്യങ്ങളെ വ്യക്തമാക്കുന്നു : 1. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം മുന്നൂറു വർഷത്തോളം ക്രിസ്ത്യാനികൾ ഏഴാംദിന ശബ്ബത്തിലായിരുന്നു ആരാധിച്ചിരുന്നത്. അതിനാലാണ് റോമൻ കത്തോലിക്കാസഭക്ക് അങ്ങ

നെയുള്ളവർക്കെതിരെ നടപടി എടുക്കുന്ന കാര്യം ആലോചി ക്കേണ്ടിവന്നത്. 2. തങ്ങളുടെ നിയമങ്ങളെ മറികടന്ന് ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നവരെ തുടച്ചുനീക്കുവാൻ റോമൻ പാപ്പാത്ത്വം അനുകൂലമായിരുന്നു.

ഈ നിയമത്തിന്റെ ബലത്തിൽ ശബ്ബത്തിൽ ആരാധിച്ചി രുന്നവർക്ക് മരണശിക്ഷ ലഭിച്ചിരുന്നതായി ചരിത്രകാരന്മാർ സാക്ഷ്യ പ്പെടുത്തിയിരിക്കുന്നു. അനേകർ രക്തസാക്ഷികളായി മാറി. വിവാ ദപരമായ ഈ ഞായറാഴ്ച ആചാരം സഭകളിലേക്ക് കൊണ്ടുവ ന്നത് ദൈവത്തിന്റെ അധികാരത്തിന്റെ മുദ്രയായ ശബ്ബത്ത് കല്പ നയെ ഇല്ലാതാക്കുവാൻ മനുഷ്യരിൽകൂടെ പ്രവർത്തിച്ച പിശാചാ ണ്. “അത്യുന്നതനെ”പ്പോലെ ആകുവാനാണ് അവൻ ശ്രമിച്ചത് (യെശ. 14:14). ഏദെൻതോട്ടം മുതൽ ഇന്നുവരെയും മനുഷ്യ ഹൃദ യങ്ങളിൽ സംശയത്തിന്റെ വിത്തുകളെ പാകുകയാണ് പിശാച് ചെയ്യുന്നത്.

ഞായറാഴ്ചയെ തന്റെ അധികാരത്തിന്റെ മുദ്രയാക്കുവാൻ സാത്താൻ ആഗ്രഹിക്കുന്നു. ദൈവകല്പനയിലെ ദിവസത്തെയും സമയത്തെയും കൃത്രിമപ്പണികളിലൂടെ മാറ്റി അവൻ അനേകരെ, വഞ്ചനയിലൂടെ തന്റെ ആരാധകരാക്കി മാറ്റിയിരിക്കുന്നു. തന്റെ സ്വാധീന ശക്തിയാൽ താൻ നടപ്പാക്കിയ ഒരു മതസംവിധാനം! താഴെ കൊടുത്തിരിക്കുന്ന ഒരു ചോദ്യവും അതിന്റെ ഉത്തരവും ശ്രദ്ധിക്കുക.

**ചോദ്യം :**

അഭിവന്ദ്യ പിതാവേ,

ഏഴാംദിന ശബ്ബത്തിനെ താങ്കൾ ഒന്നാം ദിനമായ ഞായറാഴ്ചയി ലേക്ക് മാറ്റി എന്ന് ചില പ്രൊട്ടസ്റ്റന്റുകാർ താങ്കളെക്കുറിച്ച് പറയു ന്നു. ഈ ആരോപണം ശരിയോ? ശരിയെങ്കിൽ എന്ന്? എന്തധി കാരത്തിൽ?

**ഉത്തരം :**

യഹൂദ്യാ ശബ്ബത്തിൽനിന്നും ക്രിസ്തീയ ഞായറാഴ്ചയിലേ ക്കുള്ള മാറ്റത്തെക്കുറിച്ച് താഴെപ്പറയുന്ന മൂന്നു കാര്യങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.



1. വേദപുസ്തകത്തെ മാത്രം വിശ്വാസത്തിന്റെ അടിസ്ഥാനമാ ക്കുന്നവർ തീർച്ചയായും ശബ്ബത്ത് ആചരണത്തിലേക്ക് തിരി കെപ്പോകണം. അങ്ങനെ ചെയ്യാതെ ഞായറാഴ്ച ആചരി ക്കുന്നത് ബുദ്ധിയുള്ള മനുഷ്യർക്ക് നിരക്കുന്നതല്ല.
2. കത്തോലിക്കരായ ഞങ്ങൾ വേദപുസ്തകം മാത്രമാണ് വിശ്വാ സത്തിന്റെ അടിസ്ഥാനം എന്ന് കരുതുന്നവരല്ല. വേദപുസ്ത കത്തിനു പുറത്ത് ഞങ്ങളെ നയിക്കുന്നതിനായി ജീവിക്കുന്ന ഒരു സഭയുണ്ട്. മനുഷ്യരെ പഠിപ്പിക്കുവാനും നയിക്കു വാനുംവേണ്ടി ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഈ സഭക്ക് പഴയ നിയമത്തിലെ ആചാരപരമായുള്ള നിയമങ്ങളെ മാറ്റു വാൻ അധികാരമുള്ളതിനാൽ ശബ്ബത്തിനെ ഞായറാഴ്ചയി ലേക്ക് മാറ്റിയ സഭയുടെ തീരുമാനത്തെ ഞങ്ങൾ അംഗീകരി ക്കുന്നു. കത്തോലിക്കാസഭയാണ് ഈ മാറ്റത്തിന് പിന്നിൽ എന്നത് അർത്ഥശങ്കക്കിടയില്ലാതെ ഞങ്ങൾ പറയുന്നു. വിവാഹ നിയമങ്ങൾ, പൗരോഹിത്യ നിയമങ്ങൾ, വെള്ളി യാഴ്ച വർജ്ജനം എന്നിങ്ങനെ അനേകായിരം നിയമങ്ങൾ ഉണ്ടാക്കിയതുപോലെ ഈ മാറ്റത്തിന്റെ നിയമവും ഞങ്ങൾ ഉണ്ടാക്കിയതാണ്.
3. എല്ലാ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലുംവച്ച് സെവന്ത്-ഡെ അഡ്വന്റിസ്റ്റുകാർ മാത്രമാണ് വേദപുസ്തക അനുസൃതമായ ശബ്ബത്ത് അനുസരിക്കുന്നത് എന്നും ഞങ്ങൾ വിശ്വസിക്കു ന്നു. മറ്റുള്ള പ്രൊട്ടസ്റ്റന്റുകാർ ഞായറാഴ്ച ആരാധനയെ ന്യായീകരിക്കുന്നത് പരിഹാസ്യവും ചിരി ഉളവാക്കുന്നതു മായ വസ്തുതയാണ്” (Peter Tramer, The Catholic Extension Magazine, 180 Wabush Ave, Chicago, Illinois - under the Blessings of Pope Pius XII).

കത്തോലിക്കരല്ലാത്തവർ ഞായറാഴ്ച വിശുദ്ധിയെ ന്യായീ കരിക്കുവാൻ ശ്രമിക്കുന്നത് കത്തോലിക്കരവകാശപ്പെടുന്നതു പോലെ പരിഹാസമായ കാര്യം തന്നെയാണ്. വചനത്തിലില്ലാത്ത കാര്യം അതിലുണ്ട് എന്ന് സ്ഥാപിക്കുവാനുള്ള ശ്രമമാണ് അവർ നടത്തുന്നത്.

“ഏതു ദിവസമായാലെന്താണ്? ഞാൻ ഏതെങ്കിലുമൊരു ദിവസം ആരാധിക്കുന്നുണ്ടല്ലോ” എന്ന് വാദിക്കാറുണ്ട് ചിലർ. “എനിക്ക് എല്ലാ ദിവസവും വിശുദ്ധമാണ്” എന്ന് മറ്റു ചിലർ. ദൈവം എല്ലാ ദിവസങ്ങളെയും അനുഗ്രഹിച്ച് ശുദ്ധീകരിച്ചില്ല എന്ന താണ് ഇത്തരത്തിലുള്ള മുടന്തൻ ന്യായങ്ങളെ അർത്ഥശൂന്യമാക്കുന്നത്. ഏതെങ്കിലും ഒരു ദിവസം സ്വസ്ഥമായിരിക്കാനല്ല ദൈവം പറഞ്ഞത്. സ്വസ്ഥമായിരിക്കുക, സാധാരണ ചെയ്യുന്ന വേലകളിൽ നിന്ന് ഒഴിഞ്ഞിരിക്കുക, ക്രയവിക്രയങ്ങൾ നടത്താതിരിക്കുക, സന്തോഷത്തിനും ഉല്ലാസത്തിനുമായി ദൈവത്തിലേക്ക് നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിക്കുക എന്നിവയെല്ലാം ദൈവകല്പനയുടെ ഭാഗങ്ങളാണ് (പുറ. 20:8-11; നെഹെ. 10:31; 13:15-22; യെശ. 58:13,14).

ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാ ദിവസവും വിശുദ്ധമായി ആചരിപ്പാൻ ആർക്കും കഴികയില്ല. തന്നെയുമല്ല, ഒരു ദിവസത്തെ വിശുദ്ധീകരിപ്പാനും ‘എന്റെ വിശുദ്ധ ദിവസം’ എന്ന് അതിനെ വിളിപ്പാനും ദൈവത്തിന് മാത്രമെ കഴിയുകയുള്ളു. ദൈവത്തിന്റെ വഴികൾ നമ്മുടേതിനെക്കാളും ഉന്നതമാണ്. നമുക്കവയെ പൂർണ്ണമായും ഗ്രഹിപ്പാൻ കഴിഞ്ഞു എന്ന് വരികയില്ല. കുഷ്ഠരോഗിയായിരുന്ന നയമാനെക്കുറിച്ച് ചിന്തിക്കുക. യോർദ്ദാൻ നദിയിൽ മുങ്ങുക എന്ന ഏലീശയുടെ വാക്കുകൾ അദ്ദേഹത്തിന് അപമാനകരമായിരുന്നു. മറ്റുള്ളവരുടെ പ്രേരണയാൽ ദൈവിക നിർദ്ദേശത്തെ ഒന്ന് പരീക്ഷിക്കുവാൻ അദ്ദേഹം അവസാനം തീരുമാനിച്ചു. ഒന്നു മുതൽ ആറു പ്രാവശ്യം യോർദ്ദാൻ നദിയിൽ മുങ്ങിപ്പൊങ്ങിയപ്പോൾ ദൈവത്തിന്റെ വഴി നയമാന് തീർച്ചയായും പരിഹാസ്യമായി തോന്നിക്കാണും. എന്നാൽ ഏഴാം പ്രാവശ്യത്തെ മുങ്ങൽ നയമാനെ പൂർണ്ണമായും സൗഖ്യത്തിന്റെ പരമോന്നതിയിലെത്തിച്ചു. ഏഴാം തവണയും മുങ്ങാതെ അദ്ദേഹം തിരികെപ്പോയിരുന്നുവെങ്കിലോ? ഏഴാമത്തേതിലാണ് യഹോവയുടെ അനുഗ്രഹം ഉണ്ടായിരുന്നത്. ദിവസങ്ങളുടെ കാര്യവും ഇതുപോലെതന്നെയാണ്.

ശബ്ബത്ത് അനുഷ്ഠാനം എന്നത് ഒരു മതാചാരച്ചടങ്ങല്ല. ദൈവവുമായി മനുഷ്യർക്കുള്ള ബന്ധത്തെ ആഘോഷിക്കുവാനുള്ള അവസരമാണത്. നമ്മുടെ ജീവിതത്തിന്റെ പരമോന്നത നായകനായി നാം ദൈവത്തെ അംഗീകരിക്കുന്നു എന്ന് കാണിക്കുവാനുള്ള വെറും ഒരു ബാഹ്യപ്രതീകം മാത്രമാണ് ശബ്ബത്ത് ദിവസം.



നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു സംഗതിയല്ല ഇത്. ശബ്ബത്ത് ലംഘനം ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നത് കത്തോലിക്കരും അംഗീകരിക്കുന്നു എന്നത് അനുമോദനാർഹമാണ്. ദൈവിക സത്യങ്ങളിൽ നിന്നുള്ള മുഖം തിരിയൽ വിശ്വാസത്യാഗമായിട്ടാണ് അവർ അതിനെ കാണുന്നത്. പൗലൊസ് താഴെ വരുന്ന മുന്നറിയിപ്പ് നൽകുന്നു: “തത്വജ്ഞാനവും വെറും വഞ്ചനയുംകൊണ്ട് ആരും നിങ്ങളെ കവർന്നുകളയാതിരിപ്പാൻ സൂക്ഷിപ്പിൻ. അത് മനുഷ്യരുടെ സമ്പ്രദായത്തിന് ഒത്തവണ്ണമല്ലാതെ, ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല” (കൊലൊ. 2:8). ഒരു കള്ളനാണയത്തെ വിശ്വാസികൾ അംഗീകരിക്കരുതെന്ന് സാരം. ശബ്ബത്തുലംഘനം വിശ്വാസത്യാഗമാണ്. ഒരു പൈശാചിക ഉപദേശത്തെ ക്രിസ്തീയമാക്കി മാറ്റാനുള്ള ശ്രമമാണ് അതിലൂടെ നടക്കുന്നത്. “എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിയമിച്ചു” (അപ്പൊ. 17:30,31).

അതെ, നമ്മുടെ മുൻകാല അജ്ഞതകളെ ദൈവം തന്റെ മഹാകരുണയാൽ ക്ഷമിച്ചുതരും.

നിദ്രയിലാണ്ടിരിക്കുന്ന സഭ കർത്തൃദിന സത്യത്തിലേക്ക് ഉണർന്നെഴുന്നേൽക്കേണ്ടിയിരിക്കുന്നു.

1893-ലെ ‘കാത്തലിക് മിറർ’ എന്ന പ്രസിദ്ധീകരണത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു: “യുക്തിയും സാമാന്യ ബുദ്ധിയുമുള്ളവർ ഒന്നുകിൽ ഞായറാഴ്ച ആചരിച്ച് നല്ല കത്തോലിക്കരായി ജീവിക്കും. അല്ലെങ്കിൽ ശനിയാഴ്ചയെ വിശുദ്ധമായി പരിപാലിക്കുന്ന പ്രൊട്ടസ്റ്റന്റായിരിക്കും. ഇതു രണ്ടുംകൂടെ ആകുവാൻ ആർക്കും കഴിയില്ല”.

# 9. നമ്മുടെ വിശുദ്ധിയുടെ തികവ്

ദൈവേഷ്ടം അറിയുവാൻ എങ്ങനെ സാധിക്കും എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വേദപുസ്തകം പറയുന്നു: “ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണംതന്നെ” (1 തെസ്സ. 4:3). നമ്മുടെ ദൈനംദിന ജീവിത്തിൽ ഇതർത്ഥമാക്കുന്നതെന്താണ്? വിശുദ്ധീകരണം എന്നത് ദൈവത്തിന്റെ ഇഷ്ടമാണെങ്കിൽ അതിന്റെയർത്ഥം ഗ്രഹിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിശുദ്ധീകരണം എന്നാലെന്താണ്? അതെങ്ങനെ പ്രാപിക്കാം? പ്രാപിച്ചു എന്നെങ്ങനെ മനസ്സിലാക്കാം? ദൈവത്തിന്റെ ശബ്ദത്തും നമ്മുടെ വിശുദ്ധീകരണവുമായി എന്തെങ്കിലും ബന്ധമുണ്ടോ?

വിശുദ്ധീകരിക്കപ്പെടുക എന്നാൽ ദൈവമഹത്വത്തിനായി വേർതിരിക്കപ്പെടുക എന്നാണർത്ഥം. അതായത് പാപപ്രവൃത്തികളിൽനിന്നും ലൗകികതയിൽനിന്നും ഉള്ള വേർപെടൽ. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയും നമ്മെ നിയന്ത്രിക്കുകയും ചെയ്യുമ്പോൾ തന്റെ പുത്രന്റെ വിശുദ്ധിയിലേക്ക് നമ്മുടെ വ്യക്തിഗതസ്വഭാവത്തെ മാറ്റുന്നതിനായി ദൈവം നമ്മിൽ പ്രവർത്തിക്കുന്നു എന്ന് നമുക്ക് ഉറപ്പിക്കുവാൻ കഴിയും. നമ്മുടെ സ്വർഗ്ഗീയ പിതാവ് വിശുദ്ധനാകയാൽ അവന്റെ മക്കളായ നാം നമ്മുടെ എല്ലാ സ്വഭാവത്തിലും വിശുദ്ധരായിരിക്കേണം എന്ന് പത്രൊസ് തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നു. പാപത്തിന്റെ ശിക്ഷയിൽനിന്നും നാം വിടുവിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനാലാണ് ‘ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ’ എന്ന് അവൻ നമ്മോടാവശ്യപ്പെടുന്നത് (1 പത്രൊ. 1:15,16).

വിശുദ്ധീകരണം എന്ന വിഷയം നമ്മെ അസ്വസ്ഥരാക്കുവാൻ പാടില്ല. വിശുദ്ധീകരണ പ്രക്രിയകളുടെ പേരിൽ മനുഷ്യർ നടത്തുന്ന പല പരിപാടികളും ആത്മാർത്ഥതയുള്ളവയെങ്കിലും ദൈവ



നാമത്തിന് കളങ്കം വരുത്തുന്നവയാണ്. മനുഷ്യർ പലപ്പോഴും പുറമെയുള്ളവയെ നോക്കുന്നവരാണ്. വിശുദ്ധിയുടെ മാനുഷിക കാഴ്ചപ്പാടിലേക്ക് എത്തുവാനുള്ള നിയമങ്ങളെയാണവർ കെട്ടിച്ചമയ്ക്കുന്നത്. ഇതിന്റെ പരിണിതഫലം പലപ്പോഴും നിയമ സിദ്ധാന്തങ്ങളും വ്യർത്ഥ സംസാരങ്ങളും കാപട്യങ്ങളുമാണ്. ഇങ്ങനെയുള്ള ബാഹ്യമായ തത്വശാസ്ത്രങ്ങളാൽ പരിഹാസ്യരായിരുന്നു പരീശന്മാർ. അവർ വ്യർത്ഥരും സ്വയനീതീകരണത്തിൽ അധിഷ്ഠിതരും മറ്റുള്ളവരെ ന്യായം വിധിക്കുന്നവരും ഇരുമുഖികളുമായിത്തീർന്നു. ‘നിങ്ങളെക്കാൾ വിശുദ്ധനാണ് ഞാൻ’ എന്ന മനോഭാവവുമായി അവർ മതത്തിന്റെ പൊങ്ങച്ചത്തിൽ മതിമറന്ന് നടന്നു.

യേശുക്രിസ്തു അവരെ വ്യാജന്മാർ എന്നും വെള്ള തേച്ച ശവക്കല്ലറകൾ എന്നും വിളിച്ചു (മത്താ. 23:27). പുറമെ വളരെ വൃത്തിയുള്ളവർ; ഉള്ളിലോ ജീർണ്ണത ബാധിച്ചവർ. യഥാർത്ഥ വിശുദ്ധി താഴ്മയിൽ വേരൂന്നിയതും കർത്താവും രക്ഷിതാവുമായ ക്രിസ്തുയേശുവിലുള്ള ഭാവം ഉൾക്കൊള്ളുന്നതുമാകുന്നു (ഫിലി. 2:5–8).

ഹൃദയത്തെയാണ് യഹോവ നോക്കുന്നത്; ബാഹ്യപ്രകടനങ്ങളെയല്ല (1 ശമൂ 16:7). മനുഷ്യ പ്രയത്നങ്ങൾകൊണ്ടുമാത്രം ഹൃദയവിശുദ്ധി ഉണ്ടാകുകയില്ല. നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണത്തെ ദൈവകരങ്ങളിൽ ഏല്പിക്കുക എന്നതാണ് നമുക്കതിനായി ചെയ്‌വാൻ കഴിയുന്ന ഏറ്റവും വിശിഷ്ടമായ കാര്യം. ക്രിസ്തുവുമായി നമ്മെ ഏകോപിപ്പിക്കുന്നതോടൊപ്പം തന്റെ ഇഷ്ടത്തെ നമ്മിൽ നിറവേറ്റുവാൻ നാം അവനെ അനുവദിക്കണം. ക്രിസ്തുവിലുള്ള വീണ്ടെടുപ്പിന്റെ യാഥാർത്ഥ്യത്തിൽ നാം ജീവിക്കുമ്പോൾ ദൈവം തന്റെ ശക്തിയെയും സ്നേഹത്തെയും പരിശുദ്ധാത്മാവിലൂടെ നമ്മുടെ മേൽ പകരും. ശരിയായത് ചെയ്ത് അവനുമായുള്ള വിശുദ്ധിയിലും നീതിയിലും ജീവിപ്പാനുള്ള ശക്തി അവൻ നമുക്ക് തരും. ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം ഉള്ള ഒരു വ്യക്തി പാപത്തിൻമേൽ ജയം പ്രാപിപ്പാൻ കഴിവുള്ളവനാണ്.

“പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിരിക്കയാൽ” നമുക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു” (റോമർ 6:22). പാപം

കൂടാതെ ജീവിപ്പാൻ നമ്മെ സഹായിക്കുന്നത് ദൈവമാണ്. ക്രിസ്തുവിനോട് സഹകരിക്കുമ്പോൾ അവൻ തന്റെ ജീവനെ നമുക്കു നൽകുകയും അവന്റെ സ്വഭാവത്തിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യും. നമ്മിൽ വസിക്കുന്ന ക്രിസ്തുവാണ് നമ്മുടെ മഹത്വത്തിന്റെ ഏക പ്രത്യാശ (കൊലൊ. 1:27). വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് അറിയാവുന്ന അനേകരുണ്ട്. വിശുദ്ധീകരണവും വിശ്വാസത്താൽ തന്നെയാണ് വരുന്നത് എന്ന സുവിശേഷം ഞാൻ നിങ്ങളെ അറിയിക്കട്ടെ. നീതിമാന്മാരായി നമ്മെ മാറ്റിയെടുക്കുന്ന ദൈവിക പ്രക്രിയയാണ് വിശുദ്ധീകരണം. യേശുവിന്റെ ജീവിതം നമ്മെ അടിമുടി തുടച്ച് വെടിപ്പുള്ളതാക്കി മാറ്റും. തന്റെ വേലയെ നമ്മിൽ പൂർത്തീകരിച്ച് തന്റെ വിശുദ്ധ കാലടികളെ പിൻപറ്റുവാൻ അവൻ നമ്മെ ശക്തീകരിക്കും. വിശുദ്ധീകരണം പ്രാപിപ്പാൻ ദൈവാശ്രയം വളരെയധികം ആവശ്യമാണെന്ന് വചനം പറയുന്നു :

1. ക്രിസ്തുവാണ് നമ്മെ ശുദ്ധീകരിക്കുന്നത് (1 കൊരി. 1:30).
2. യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ നാം വിശുദ്ധീകരിക്കപ്പെടുന്നു (എബ്രാ. 10:10).
3. ക്രിസ്തുവിന്റെ സ്വന്തരക്തത്താലാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത് (എബ്രാ. 10:29; 13:12).
4. ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത് (അപ്പൊ. 26:18).
5. പിതാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു. ക്രിസ്തുവിനാൽ സംരക്ഷിക്കപ്പെടുന്നു (1 തെസ്സ. 5:23; യൂദാ. 1).
6. വേദപുസ്തകം എന്ന സത്യത്താലാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത് (യോഹ. 17:17; എഫെ. 5:26).
7. പരിശുദ്ധാത്മാവിനാലാണ് നാം വിശുദ്ധീകരിക്കപ്പെടുന്നത് (2 തെസ്സ. 2:13; 1 കൊരി. 6:11).
8. അനുസരണത്തിനായി ആത്മാവിനാൽ നാം വിശുദ്ധീകരിക്കപ്പെടുന്നു (1 പത്രൊ. 1:2).

അതെ, അനുസരണം എന്ന വിഷയത്തിലേക്ക് നാം വീണ്ടും എത്തിയിരിക്കുന്നു! വിശുദ്ധീകരണ പ്രക്രിയയിൽ നാം അനുസരണത്തിലൂടെ സഹകരിക്കുകയാണ് ചെയ്യുന്നത്. "ഇവയെ വിട്ടകന്ന്



തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും.... ഒരുങ്ങിയിരിക്കുന്ന പാനപാത്രം ആയിരിക്കും" (2 തിമൊ. 2:21). അനുസരണം നീതീകരണത്തിലേക്ക് നയിക്കുന്നു എന്ന് റോമർ 6:16-ൽ നാം വായിക്കുന്നു. ക്രിസ്തുവിൽനിന്നു പഠിക്കുമ്പോൾ നാം മാനസിക പുതുക്കം പ്രാപിക്കും. പഴയ മനുഷ്യനെ ഉരിഞ്ഞുകളയും. "സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെ. 4:24).

പൗലൊസിന്റെ എഴുത്തുകളിലെ സംതുലനാവസ്ഥയെ ഞാൻ ഇഷ്ടപ്പെടുന്നു. നമ്മിൽ നടത്താം എന്ന് ദൈവം വാഗ്ദത്തം ചെയ്ത വിശുദ്ധീകരണത്തെക്കുറിച്ച് ഒരു വശത്തും അതിനുവേണ്ടി നാം ചെയ്യേണ്ട സഹകരണത്തെക്കുറിച്ച് മറുവശത്തും പൗലൊസ് എടുത്തുകാട്ടുന്നു. നമ്മിൽ ദൈവം ചെയ്യുന്ന എന്തോ ഒരു കാര്യമല്ല വിശുദ്ധീകരണം. നമ്മിൽ പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ ജീവന്റെ ശക്തിയാണത്. പൂർണ്ണമായും സമർപ്പണ ജീവിതം നയിക്കുന്ന മനുഷ്യരാണ് വിശുദ്ധർ. സംവരണമനോഭാവവും മുൻവിധിയും കൂടാതെ ക്രിസ്തുവിനെ അനുഗമിപ്പാൻ തീരുമാനിക്കുന്നവരിൽ ദൈവം സൃഷ്ടിക്കുന്ന ഒരു അവസ്ഥയാണത്. നമ്മുടെ അന്തഃരംഗത്തിൽ അവൻ സ്ഥാപിച്ചിരിക്കുന്ന അവന്റെ ജീവനെ ദൈനംദിന ജീവിതത്തിലൂടെ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ നമുക്ക് കടപ്പാടുണ്ട്. ഈ പോരാട്ടം നമ്മെ വളരുവാൻ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. "ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ". എന്നാൽ നമ്മുടെ സ്വയം ശക്തിയാലല്ല അതിനുവേണ്ടി പ്രവർത്തിക്കേണ്ടത്. "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്" (ഫിലി. 2:12,13).

"കർത്താവുമായി പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു" (1 കൊരി 6:17). വിശുദ്ധീകരണത്തിലൂടെ ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ സൃഷ്ടിക്കപ്പെടുന്നു. തന്റെ വിശുദ്ധിയെ നമുക്കു തന്ന് അവൻ നമ്മെ അവനോട് ഒന്നാക്കിത്തീർക്കുന്നു. ഈ പ്രക്രിയയുടെ ഫലമാണ് സ്വാഭാവികമായ അനുസരണം.

എന്തുവന്നാലും അവനെ പിൻപറ്റും എന്ന് തീരുമാനിക്കുന്ന വ്യക്തിയിൽ ഉടലെടുക്കുന്ന സ്വഭാവമാണത്.

പ്രാർത്ഥനയിലൂടെയും വചന പഠനത്തിലൂടെയുമാണ് നാം ദൈവത്തോട് ആശയ വിനിമയം നടത്തുന്നത്. നമ്മുടെ തിരഞ്ഞെടുപ്പ് വ്യക്തവും നമ്മുടെ സ്നേഹം നിർവ്യാജവുമാണെങ്കിൽ, ആശയവിനിമയം സ്വതവേ സംഭവിക്കുകതന്നെ ചെയ്യും. നമുക്ക് ദൈവം തരുന്ന ഉപദേശം, “ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ, ശുദ്ധീകരണംകൂടാതെ ആരും കർത്താവിനെ കാണുകയില്ല” എന്നതാണ് (എബ്രാ. 12:14). നാം വിശുദ്ധിയെ പിൻതുടരുമ്പോൾ വിശുദ്ധീകരണത്തിന്റെ പൂർണ്ണത ദൈവത്തിന്റെ പ്രവൃത്തിയാണ് എന്ന് നമുക്ക് ബോധ്യമാകും. ആ ബോധ്യം നമ്മിൽ ഉല്ലാസത്തിമിർപ്പുണ്ടാക്കും.

ദൈവകല്പനയുടെ അനുസരണം വിശുദ്ധീകരണ അനുഭവത്തെ ആഴമേറിയതാക്കും. ദൈവമഹത്വത്തിനായി നാം വേർതിരിക്കപ്പെടും. അനന്തമായ അവന്റെ സ്നേഹത്തെക്കുറിച്ച് നാം ചിന്തിക്കും. രക്ഷയുടെ സന്തോഷത്തെ അവൻ നമ്മിൽ പുനഃസ്ഥാപിക്കും. അവന്റെ വിലയേറിയ രക്തത്താൽ നാം വീണ്ടെടുക്കപ്പെടും. സമയദാരിദ്ര്യമുള്ള ഈ ലോകത്തിൽ ബന്ധങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അവിടെയാണ് ശബ്ബത്ത് ദൈവത്തിന്റെ സമ്മാനമായി മാറുന്നത്. കുടുംബമായും ദൈവമായും ഒന്നിച്ചിരിക്കാനും - സമാധാനവും സന്തോഷവും അനുഭവിപ്പാനും ദൈവം നല്കുന്ന ദാനമാണത്. ജീവിത പ്രശ്നങ്ങളിൽനിന്ന് മാറിനില്ക്കാൻ ദൈവം ദാനം ചെയ്ത അവധി ദിനമാണ് ശബ്ബത്ത്.

പാപത്താൽ നിറയപ്പെട്ടതാണ് നമ്മുടെ ലോകം. നമ്മുടെ ആത്മീക വീക്ഷണം പലപ്പോഴും മങ്ങിപ്പോകുവാൻ ഇടയുണ്ട്. ഇതിനുള്ള പ്രതിവിധിയായാണ് ശബ്ബത്തിന്റെ അനുഗ്രഹം ദൈവം നമുക്ക് നൽകിയത്. ആരാധന, കൂട്ടായ്മ, വിശ്രമം എന്നിവയോടൊപ്പംതന്നെ ക്രിസ്തീയ സേവനത്തിനും കാരുണ്യ പ്രവൃത്തികൾക്കും ശബ്ബത്ത് ദിവസത്തെ നമുക്കുപയോഗിക്കാവുന്നതാണ്. “ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നത് വിഹിതം തന്നെ” (മത്താ. 12:12).

ആറു ദിവസം വേല ചെയ്തിട്ട് ഏഴാം ദിവസം അലസമായി ഒന്നും ചെയ്യാതിരിപ്പാനല്ല ദൈവം ശബ്ബത്തിനെ ഉണ്ടാക്കിയത്.



ദൈവസ്നേഹത്തിൽ നിലനിന്നുകൊണ്ടാണവന്റെ കല്പനകളെ നാം അനുസരിക്കേണ്ടത്. ബന്ധങ്ങളിൽ അധിഷ്ഠിതമല്ലാത്ത നിയമങ്ങൾ മത്സരബുദ്ധിയെ മാത്രമെ സൃഷ്ടിക്കുകയുള്ളു. കുടുംബമായും വ്യക്തിപരമായും ദൈവത്തിന്റെ പത്തു കല്പനകളും അനുസരിച്ച് അവനുമായുള്ള ബന്ധത്തിൽ ജീവിപ്പാൻ കാരുണ്യവാനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. “നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും” (യോഹ. 14:15) എന്ന നമ്മുടെ കർത്താവിന്റെ ഇമ്പസ്വരത്തെ നമുക്ക് ശ്രവിക്കാം.

“അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കൽപനകൾ ഭാരമുള്ളവയല്ല” (1 യോഹ. 5:3,4).

“വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ച്, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിനുതന്നെ, സർവ്വകാലത്തിനുമുൻപും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ”.